2022 AUGUST
VOL 21
ISSUE 08
PAGE 48
PRICE ₹50

# കെയ്റോസ്



# WHY ARE WE NOT BOTHERED BY THE CONSTANT OUTCRY IN NIGERIA?

എന്തുകൊണ്ടാണ് നൈജീരിയയിലെ
തുടർച്ചയായുള്ള കൂട്ടനിലവിളികൾ നമ്മെ
അസ്വസ്ഥരാക്കാത്തത്

JESUS YOUTH
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org




Altarpiece of St Clare, Monastery of Santa Chiara, Assisi - Painting by Unknown artist

## അസ്സീസിയിലെ വി. ക്ലാര
**(St. Clare of Assisi)**

തിരുനാൾ: ഓഗസ്റ്റ് 11


വി. ഫ്രാൻസിസ് അസ്സീസിയുടെ ആദ്യ അനുയായികളിൽ ഒരാളായിരുന്നു വി. ക്ലാര. ഫ്രാൻസിസ്ക്കൻ പാരമ്പര്യത്തിൽ സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു സന്യാസ സഭയായ 'ഓർഡർ ഓഫ് പുവർ ലേഡീസ്' വി. ക്ലാരയാണ് സ്ഥാപിച്ചത്. 1253 ഓഗസ്റ്റ് 11 ന് അമ്പത്തൊൻപതാം വയസ്സിൽ നിര്യാതയായി. മരണത്തെത്തുടർന്ന്, വി. ക്ലാര സ്ഥാപിച്ച സന്യാസ സഭ വിശുദ്ധയുടെ ബഹുമാനാർത്ഥം 'ഓർഡർ ഓഫ് സെന്റ് ക്ലാര' എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.





# എഡിറ്റേഴ്സ് റൂം

# തീപ്പന്തങ്ങളെ ഭയക്കുന്നില്ല



ഇസ്രായേലിന്റെ ബാബിലോൺ പ്രവാസത്തിന്റെ കാലഘട്ടം. രാജാവായ നെബുക്കദ്നേസർ ദേശത്തെ ആരാ താഴ്വരയിൽ വലിയൊരു സ്വർണ വിഗ്രഹം ഉണ്ടാക്കി, അതിനെ ആരാധിക്കാൻ അവൻ കൽപിച്ചു. ഇത് ചെയ്യാത്തവരെ എരിയുന്ന തീച്ചൂളയിൽ എറിയണമെന്ന ഉത്തരവും അവൻ പുറപ്പെടുവിച്ചു. ഏകദൈവ വിശ്വാസികളായ ഷാദ്രാക്ക്, മെഷാക്ക്, അബദ്നെശോ എന്നിവരിത് അനുസരിക്കാൻ തയ്യാറായില്ല. ചോദ്യം ചെയ്ത രാജാവിനോട് അവർ പറഞ്ഞു: “അല്ലയോ രാജാവേ ഞങ്ങൾ സേവിക്കുന്ന ഞങ്ങളുടെ ദൈവം എരിയുന്ന തീച്ചൂളയിൽ നിന്ന് ഞങ്ങളെ രക്ഷിക്കാൻ കഴിവുള്ളവനാണ്. അവിടന്നു ഞങ്ങളെ നിന്റെ കൈയിൽ നിന്നും മോചിപ്പിക്കും”. അവർ വീണ്ടും പറഞ്ഞു: “അവിടന്നു ഞങ്ങളെ മോചിപ്പിച്ചില്ലെങ്കിൽ പോലും ഞങ്ങൾ നിന്റെ ദേവന്മാരെ ആരാധിക്കുകയില്ല”.

വിശ്വാസത്തിനുവേണ്ടി പീഡനമേറ്റ ഒരു ജനതതിയുടെ പിൻഗാമികളാണ് ക്രൈസ്തവർ. അനേകം രക്തസാക്ഷികളുടെ ചുടുനിണത്താൽ പണിതുയർത്തപ്പെട്ട ക്രൈസ്തവസഭ ഇന്നും കൊടിയ പീഡനങ്ങളും തിരസ്കരണങ്ങളും നേരിടുന്നു. ഏക ദൈവാരാധനയ്ക്കായി ഒരുമിച്ചു കൂടുമ്പോൾ ലോകത്ത് പലയിടങ്ങളിലും അവർ കശാപ്പു ചെയ്യപ്പെടുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നതുകൊണ്ടു മാത്രം അവൻ അവഹേളിക്കപ്പെടുന്നു, അവൻ സമൂഹത്തിനു നൽകിയ സംഭാവനകൾ തമസ്കരിക്കപ്പെടുന്നു. എങ്കിലും ക്രൈസ്തവന്റെ ഹൃദയങ്ങളിൽ കെടാത്ത ഒരു വിശ്വാസ ചിരാത് അവർ സൂക്ഷിക്കുന്നുണ്ട്.

കുടുംബത്തിലെ ഏക ആൺതരിയായ നിഖിൽ സെമിനാരിയിൽ ചേർന്നപ്പോൾ പലരും അവനോടു ചോദിച്ചു: “ഇതു വേണോ?” അവന് ഒരുത്തരമേ ഉണ്ടായിരുന്നുള്ളൂ, “ഞാൻ ഭയപ്പെടുന്നില്ല”. സർക്കാർ ജോലിയിൽനിന്ന് ലീവെടുത്ത് കുടുംബമായി മിഷണറി പ്രവർത്തനത്തിന് ഇറങ്ങിത്തിരിച്ച റൈനോൾഡ് പറഞ്ഞു: “ഇതെന്റെ ഉത്തരവാദിത്വമാണ്”.

ക്രൈസ്തവ വിശ്വാസത്തിനുവേണ്ടി നിലകൊള്ളുന്ന അനേകം മനുഷ്യർ ഇന്നും ജീവിക്കുന്നു. ക്രൈസ്തവർ കേരള ജനതക്കു നൽകിയ സംഭാവനകൾ തമസ്കരിക്കാൻ ഭരണാധികാരികൾ ശ്രമിച്ചാലും ക്രൈസ്തവ വിശ്വാസത്തെ അവഹേളിക്കാൻ ചില മാധ്യമങ്ങൾ അവസരം നൽകിയാലും, സഭയ്ക്കുള്ളിലെ അപചയങ്ങളെ പർവതീകരിക്കാൻ ക്രിസ്തീയ പേരുധാരികൾ മുന്നിട്ടിറങ്ങിയാലും ക്രിസ്ത്യാനികൾ ആശങ്കപ്പെടുകയില്ല. പുല്ലുകൊണ്ടു പണിയപ്പെട്ട ഭവനങ്ങൾ തീപ്പന്തങ്ങളിൽ എരിഞ്ഞു പോകാം. പക്ഷേ, സ്വർണത്തിൽ പണിയപ്പെട്ടവ എരിയുംതോറും ശോഭയോടെ കാണപ്പെടും.

ആദ്യഭാഗത്ത് സൂചിപ്പിച്ച തീച്ചൂള അനുഭവത്തിലെ ചെറുപ്പക്കാർക്ക് തീച്ചൂള കുളിർമയുള്ളതായി അനുഭവപ്പെട്ടു. ചൂളയുടെ മധ്യഭാഗം ജലകണങ്ങൾ നിറഞ്ഞ കാറ്റു വീശുന്ന സ്ഥലം പോലെയായി. അതുകൊണ്ട് അഗ്നി അവരെ സ്പർശിച്ചില്ല. അപ്പോൾ അവർ മൂവരും ഏകകണ്ഠമായി ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്തു.

എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

# ഉള്ളടക്കം


**06**
**ഏകാന്തതയിലെ ദൈവികനിറവ്**
മാർട്ടിൻ എൻ. ആന്റണി

**10**
**ആത്മീയ ശീലങ്ങൾ വളർത്തുന്നതിലാകണം നമ്മുടെ ശ്രദ്ധ**
ഡോ. എഡ്‌വേർഡ് എടേഴത്ത്

**14**
**മാധ്യമങ്ങളുടെ ഈ മൗനം ആർക്കുവേണ്ടി?**
ജസ്റ്റിൻ ജോർജ്

**22**
**പിന്നീടുള്ള ജീവിതം**
ടിജോ ആന്റണി

**28**
**NOTE THE POINT**
ടിന്റു സോണി

**18**
**വംശഹത്യാ ഭീഷണി നേരിടുന്ന നൈജീരിയയിലെ ജനതയോട് നമുക്ക് പക്ഷം ചേരണ്ടേ ?**
ഡോ. ചാക്കോച്ചൻ ജെ. ഞാവള്ളിൽ





## കെയ്‌റോസ് KAIROS • 2022 AUGUST • VOL 21 • ISSUE 08 • PAGE 48



Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Shoji Vechoorkarottu *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
John Sunny 9400686781 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Leena Shaju +91 6238279115 circulations@jykairosmedia.org

**Associate Circulation Managers**
***Australia:*** Mintu Vijoy, Melbourne +61 452538785
***Bahrain:*** Roshan George, Manama + 973 36906995
***Cambodia:*** Sophearong Ravy, Phnom Penh +855 964265472
***Canada:*** Joby Joseph, Ontario +12899 686 074
***Germany:*** Anna Paul, Berlin +49 176 83495451
***India:*** Jackulin Sheela, Mumbai +91 9967329244
***Ireland:*** Suresh V Joy, Dublin. +35 3879630904
***Israel:*** Jaison K Thattil, Tel Aviv +972 559425308
***Kuwait:*** Anish Thomas Kappil, Salmiya +965 90063685
***Malaysia:*** Deepu James, KL Sentral +60 12649 4628
***Netherlands:*** Jojo Varghese, Utrecht +31 684974552
***New Zealand:*** Derick Daniel, Auckland +64 291270650
***Oman:*** Jino, Muscat +96895384654
***Papua New Guniea:*** Abin Michael, Port Moresby +675 74794368
***Qatar:*** Jomichan P George, Doha + 974 33688437
***Singapore:*** Jilu Nobin, Sengkang +65 93294529
***Switzerland:*** Joseph C Robert, Zurich +41 762499295
***Thailand:*** Mary Harris, Bangkok +66 843138626
***UAE:*** Seejo, Dubai + 971 502782383
***Uganda:*** Dominic Mathew, Kampala +256 757207200
***UK:*** Mathachan Madukkakuzhy Stoke on Trent + 44 7969365686
***USA:*** Denny Joseph, Houston +1 8326403106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office**
Smitha Jose: smitha.jose@jykairosmedia.org



kairos MEDIA

**Mailing Address**
*INDIA:* 8/174, Navodaya Studio Complex, Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org +91 484 2984327

*USA:* Kairos International Inc., 3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org +1 832 592 3675

www.jykairosmedia.org Facebook.com/Readkairos Twitter.com/kairosmalayalam

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com



**30**
**വൈറൽ കോർണർ**
എൽസീന ജോസഫ്

**32**
**ന്യൂസ് ഹൈലൈറ്റ്സ്**
സണ്ണി കോക്കാപ്പിള്ളിൽ

**34**
**ജീസസ് യൂത്ത് പ്രതിമാസ വിചിന്തനം**

**36**
**ലളിതം സുന്ദരം**
ആന്റോ എൽ. പുത്തൂർ

**39**
**ടീൻസ്പിരിറ്റ്/ചർച്ച് & സയൻസ്**
ജൂഹി എൽസ് ജി. & സിന്റോ വി. വർഗീസ്


**40**
**സിനി ടോക്സ് - സൈലന്റ് നൈറ്റ്സ്**
ശരത് വെൺപാല

**42**
**വാർത്താവിചാരം**
സണ്ണി കോക്കാപ്പിള്ളിൽ

**44**
**സ്മാർട്ട് കിഡ്സ്**
വെങ്കി & ആൽഡ്രിൻ ജോസഫ്

**46**
**ചിരിയും ചിന്തയും**
ജോയ്സ് കെ. ജോസ്

28



# മതപീഡനത്തിന്റെ കാണാപ്പുറം

ജോബി ബേബി

കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ

PRINT ONLINE (Eng) ONLINE (Mal)

**കെയ്റോസിന് ബാങ്കുവഴി പണമടയ്ക്കുവാൻ:**

KAIROSE TRUST, A/c No. 14690200009621
IFSC- FDRL0001469 / FEDERAL BANK,
KAKKANAD, SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ. കാക്കനാട്, കൊച്ചി 682030
0484 2984327  94465 63335
kairosmag@jykairosmedia.org

അധ്യാത്മികമായി ഉണർവേകുന്ന ഒരു മാസികയാണ് കെയ്റോസ്. ഈ ഒരു കാലഘട്ടത്തിലും യുവജനങ്ങൾ വായിച്ചറിയേണ്ടതും മാതാപിതാക്കൾ വായിച്ച് മക്കൾക്ക് പറഞ്ഞു കൊടുക്കേണ്ടതുമായ പല കാര്യങ്ങളും ഒരു ഗൈഡ് പോലെ ഉപയോഗിക്കാവുന്ന വിധത്തിൽ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാസികയിലൂടെ ലഭിക്കുന്ന കാര്യങ്ങളെയോർത്ത് ദൈവത്തിന് നന്ദി പറയുന്നു.

സഭാപരമായ അറിവുകൾ ലഭിക്കുന്നുവെന്നത് എടുത്തു പറയേണ്ട ഒരു പ്രത്യേകതയാണ്. ദൈവം സഭയെ ഓരോ കാലഘട്ടത്തിലും വളർത്തിക്കൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവുകളാണ് കെയ്റോസ് മാസികയിലൂടെ വായിച്ചറിയാൻ കഴിയുന്നത്. അണിയറയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും ആശംസകളും പ്രാർഥനകളും നേരുന്നു.

*ജോബി പന്തിരുവേലിൽ, കാഞ്ഞിരപ്പള്ളി*



# ദൈവത്തിന്റെ മൗനം



മാർട്ടിൻ എൻ. ആന്റണി

**ആത്മീയത രൂപപ്പെടുന്ന രണ്ടുറവിടങ്ങളാണ് ഏകാന്തതയും നിശ്ശബ്ദതയും. ദൈവത്തെ കേൾക്കാനും ദൈവചൈതന്യത്തെ മുഖാമുഖം ദർശിക്കാനും നമ്മെ പ്രാപ്തരാക്കുന്ന രണ്ടിടങ്ങൾ. വിശുദ്ധഗ്രന്ഥത്താളുകൾ നമുക്കത് കാണിച്ചു തരുന്നുണ്ട്.**

ഒരു പാതകവും ആത്മാവിന് ആനന്ദം നൽകുകയില്ല. ഒരു പാപിക്കും ദൈവത്തിൽനിന്നും പൂർണമായി അകലെയായിരിക്കാനും സാധിക്കില്ല. ഒരു വ്യാഴവട്ടമാണ് ഏറ്റവും കൂടിയ നാഴികദൂരം. എന്നിട്ടും മൂന്നു വ്യാഴവട്ടമാണ് മോശ മിദിയാൻ ദേശത്ത് പ്രവാസിയായത്. തന്റെ ജനങ്ങളുടെ നൊമ്പരങ്ങൾ കണ്ട് വിപ്ലവത്തിലൂടെ വിമോചനം കൊണ്ടുവരാൻ ആഗ്രഹിച്ച അവൻ ഇന്നിതാ ഒരു പ്രവാസിയായി അന്യദേശത്ത് ആടുകളെ മേയ്ക്കുന്നവനായി ജീവിക്കുന്നു. അവന് ഒരു ഭാര്യയും രണ്ടു കുട്ടികളുമായിരിക്കുന്നു. പുറപ്പാടിന്റെ പുസ്തകത്തിൽ ഗർഷോം എന്ന ഒരു മകനെക്കുറിച്ചേ പറയുന്നുള്ളൂ. പക്ഷേ അപ്പോസ്തലന്മാരുടെ നടപടി പുസ്തകം പറയുന്നു: "മോശ മിദിയാനിലേക്ക് ഓടിപ്പോയി. അവിടെ പരദേശിയായി ജീവിച്ചു. അവിടെ വച്ച് അവനു രണ്ടു പുത്രൻമാർ ജനിച്ചു" (7, 29).

മോശയുടെ ജീവിതത്തിലെ നിശ്ശബ്ദമായ നാൽപത് വർഷങ്ങളായിരുന്നു അത്. എങ്കിലും അപ്പോസ്തലന്മാരുടെ നടപടി പുസ്തകത്തിലെ വാക്കുകൾ ചിന്തനീയമാണ്; "അവിടെവച്ച് അവനു രണ്ടു പുത്രൻമാർ ജനിച്ചു". എന്തിനായിരിക്കണം ഈ കാര്യം ഗ്രന്ഥകാരൻ ഊന്നിപ്പറയുന്നത്? ഒരു കാര്യം വ്യക്തമാണ്, മോശ പഴയതെല്ലാം മറന്നു മിദിയാൻ ദേശത്ത് സ്ഥിരതാമസമാക്കിയിരിക്കുന്നു. ഒരു വിമോചകനാകാൻ അവൻ ആഗ്രഹിച്ചു. പക്ഷേ, ആ സ്വപ്നമൊന്നും ഇനിയില്ല. കഴിഞ്ഞ കാലത്തെ അനുഭവവും പാഠവുമെല്ലാം മറക്കണം. ഇനി വേണ്ടത് സ്വസ്ഥമായ ഒരു ജീവിതമാണ്. അതേ, എല്ലാം മറന്നു ജീവിക്കാൻ അവൻ ആഗ്രഹിക്കുന്നു.

40 വർഷമാണ് മോശ മിദിയാൻ ദേശത്ത് പ്രവാസിയായി ജീവിച്ചത്. ഓർക്കണം, അവന്റെ ആദ്യത്തെ 40 വർഷം ഫറോവയുടെ കൊട്ടാരത്തിലായിരുന്നു എന്ന കാര്യം. ഇപ്പോഴിതാ, എൺപതാമത്തെ വയസ്സിൽ ദൈവം അവന്റെ ജീവിതത്തിലേക്ക് കടന്നു വരുന്നു, "നാൽപതു വർഷങ്ങൾക്കുശേഷം സീനായ് മലയുടെ മരുപ്രദേശത്ത് ഒരു മുൾപ്പടർപ്പിനുള്ളിൽ അഗ്നിജ്വാലകളുടെ മധ്യേ ഒരു ദൂതൻ അവനു പ്രത്യക്ഷനായി" (അപ്പ 7, 30). എല്ലാം മറന്നു സ്വസ്ഥമായി ജീവിക്കാൻ ആഗ്രഹിക്കുന്ന മോശയുടെ ജീവിതത്തിലേക്ക് ഓർമകളുമായി ദൈവം കടന്നുവരുന്നു. അവനെ സംബന്ധിച്ച് അതൊരു കണ്ടെത്തലായിരുന്നു. താൻ ആയിരിക്കുന്നയിടത്ത്, തന്റെ ജോലിസ്ഥലത്തു തന്നെ കണ്ടെത്തിയ ഒരു നിധിയായിരുന്നു ദൈവികമായ ആ ഇടപെടൽ. യഥാർഥമായ നിധികൾ അങ്ങനെയാണ്. അതിനെ തേടി അലയേണ്ട കാര്യമില്ല. അത് നമ്മുടെ കാൽച്ചുവട്ടിൽ തന്നെ ഉണ്ടാകും. ഹൃദയ നേത്രങ്ങൾ കൊണ്ടു നോക്കിയാൽ മുൾപ്പടർപ്പിനുള്ളിലെ അഗ്നിജ്വാലകളെ പോലെ അത് നമ്മുടെ മുന്നിൽ തെളിഞ്ഞു വരും.

ഈജിപ്തിൽനിന്നുള്ള ഒളിച്ചോട്ടത്തിനും ഹോറെബ് മലയിൽ വച്ചുണ്ടായ മുൾപ്പടർപ്പനുഭവത്തിനുമിടയിലുള്ള 40 വർഷം മോശയുടെ അവസ്ഥ എന്തായിരുന്നു? ചോദ്യം ഭാവനാത്മകമാണ്. എങ്കിലും ആത്മീയമായ ഒരു ഉത്തരം അതിനുണ്ട്; അവൻ നിശ്ശബ്ദമായ ഏകാന്തത തിരഞ്ഞെടുത്തു. ഏകാന്തത എന്നത് ഒറ്റപ്പെടലല്ല. അതൊരു കാത്തിരിപ്പാണ്. ആ കാത്തിരിപ്പ് നമ്മെ പലതും പഠിപ്പിക്കും. അത് നമ്മുടെ ഉള്ളിലെ ശൂന്യതയെ വ്യക്തമായി കാണിച്ചു തരും. ആ ശൂന്യതയിൽ നിറവാകാൻ ദൈവത്തിനു മാത്രമേ സാധിക്കൂ എന്ന ബോധ്യം പകർന്നു തരും. ആ ബോധ്യം ഒരു ആത്മീയ ഉണർവാണ്. അത് നമ്മിൽ നിന്നും ഭയം എടുത്തുമാറ്റും. നമുക്ക് നമ്മെത്തന്നെ അഭിമുഖീകരിക്കാനുള്ള ശക്തി തരും.

മോശയുടേതുപോലെയുള്ള അനുഭവം ഏകദേശം ഏലിയാ പ്രവാചകന്റെ ജീവിതത്തിലും സംഭവിക്കുന്നുണ്ട്. വിജയത്തിന്റെ വെന്നിക്കൊടി പാറിച്ച പ്രവാചകനായിരുന്നു ഏലിയാ. ബാൽ ദേവന്റെ നാനൂറോളം പ്രവാചകന്മാരെ നിസ്സാരമായി വധിച്ചവനാണവൻ. മരണം വിതച്ച് ദൈവരാജ്യം സ്ഥാപിക്കാനാണ് അവൻ ശ്രമിച്ചത്. പക്ഷേ, പെട്ടെന്നാണ് മോശയെപ്പോലെ അവന്റെ ജീവിതത്തിലും അനിർവചനീയമായ ഒരു ഭയം കടന്നുകൂടിയത്. അങ്ങനെ അവനും ഒളിച്ചോടുന്നു. ഭയം നിമിത്തം മരണത്തിനു വേണ്ടി പോലും അവൻ പ്രാർഥിക്കുന്നുണ്ട് (cf. 1 രാജാ 19, 4). എല്ലാവരെക്കാൾ മേന്മയുള്ളവനാണ് താനെന്നാണ് അവൻ കരുതിയത്. ഇപ്പോഴിതാ, അകാരണമായ ഒരു ഭയത്താൽ അവൻ ഒളിച്ചോടുന്നു. ഇങ്ങനെയുള്ള അനുഭവങ്ങൾ നമ്മെ നിശ്ശബ്ദമായ ഏകാന്തതയിലേക്ക് നയിക്കും. അത് പിന്നീട് പ്രാർഥനയായി മാറുകയും ചെയ്യും. സങ്കീർത്തനം 31 ഇതേ അനുഭവത്തിലൂടെ കടന്നു പോയ ദാവീദിന്റെ പ്രാർഥനയാണ്.

നമ്മെക്കുറിച്ചുള്ള ദൈവിക പദ്ധതിയുടെ കാര്യത്തിൽ വിശുദ്ധ ഗ്രന്ഥം വളരെ വ്യക്തമാണ്. അത് നമ്മെക്കുറിച്ച് മാത്രമുള്ള ഒരു പദ്ധതിയല്ല, അത് ദൈവത്തെക്കുറിച്ചുമുള്ള ഒരു പദ്ധതിയാണ്. മോശയിൽ നിന്നും ഏലിയാ പ്രവാചകനിൽ നിന്നും നമ്മൾ പഠിക്കേണ്ട ഒരു കാര്യമുണ്ട്. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ താത്പര്യമല്ല ഇവിടത്തെ വിഷയം, നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ താത്പര്യമാണ്. ദൈവേഷ്ടമെന്ന് കരുതി ചെയ്യുന്ന പല പ്രവൃത്തികളും ദൈവേഷ്ടമല്ല എന്ന കാര്യം നമ്മൾ ഓർക്കണം. മതത്തിന്റെയും ആത്മീയതയുടെയും ദൈവത്തിന്റെയും പേരിൽ വാക്കുകളിലും പ്രവൃത്തികളിലും ചിന്തകളിലും മനോഭാവത്തിലും വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും മരണത്തിന്റെയും വിത്തുകൾ വിതക്കുന്നവർ ദൈവേഷ്ടമാണ് ഇതെല്ലാമെന്ന് കരുതരുത്. നമ്മൾ ദൈവത്തെ അന്വേഷിക്കുന്നുണ്ടോ എന്നതിലല്ല കാര്യമിരിക്കുന്നത്. ദൈവം നമ്മെ അന്വേഷിക്കുന്നുണ്ടോ എന്നതിലാണ്. മോശയ്ക്ക് ജനങ്ങളോട് അനുകമ്പ തോന്നി എന്നു ചിന്തിക്കുന്നതിനേക്കാൾ എത്രയോ മനോഹരമായിരിക്കും ദൈവത്തിന്റെ അനുകമ്പയിൽ മോശയും പങ്കുചേർന്നു എന്ന്

ചിന്തിക്കുന്നത്. ദൈവികമായ അനുകമ്പ നമ്മിലൂടെ പ്രവഹിക്കുമ്പോൾ നമ്മുടെ പ്രവൃത്തികളിൽ മരണത്തിന്റെ തന്മാത്രകൾ കടന്നു വരില്ല. മുൾപ്പടർപ്പിലെ അഗ്നിയിലെ ദൈവിക സാന്നിധ്യം മോശയ്ക്ക് നൽകുന്ന ബോധ്യമാണിത്. നീ ഏത് സ്വപ്നമാണ് 40 വർഷങ്ങൾക്കു മുൻപ് കണ്ടത്, അത് ഞാൻ നിന്നിലൂടെ പൂർത്തീകരിക്കാം. “ആകയാൽ വരൂ, ഞാൻ നിന്നെ ഫറവോയുടെ അടുക്കലേക്ക് അയയ്ക്കാം. നീ എന്റെ ജനമായ ഇസ്രായേൽ മക്കളെ ഈജിപ്തിൽനിന്നു പുറത്തുകൊണ്ടുവരണം” (പുറ 3, 10). അതേ, ലോകനന്മയ്ക്കായുള്ള ഒരു സ്വപ്നവും വ്യർഥമാകില്ല. ഇന്നല്ലെങ്കിൽ നാളെ അത് ദൈവം നിന്നിലൂടെ പൂർത്തീകരിക്കും.



# ഏകാന്തതയിലെ ദൈവിക നിറവ്

# English Version Only a Month Away!

The Malayalam book, **Divyakarunyathinde Vanambadi**, which sold 30,000 copies over six editions in just four months is gearing up for the English version, **Nightingale of the Holy Eucharist.**




## Inviting pre-publication orders for just ₹ 200/-

**MRP ₹ 250/-**

## Order Now!!

**www.jykairosmedia.org**
**7907 61 9471 / 6238 27 9115**

Kairos MEDIA

അതിവേഗത്തിൽ
ഇതാ
6-ാം പതിപ്പും
പുറത്തിറങ്ങി

1st Published
28 Feb 2022 – 5000 copies

2nd Edition
31 Mar 2022 – 5000 copies

3rd Edition
18 Apr 2022 – 5000 copies

4th Edition
10 May 2022 – 5000 copies

5th Edition
22 May 2022 – 5000 copies

6th Edition
29 June 2022 – 5000 copies




രോഗം മൂർച്ഛിച്ച
നാളുകളിൽ
അജ്ന പാടിയ
പാട്ട് കേൾക്കാൻ

# ഭാഷകൾക്കും ദേശങ്ങൾക്കുമപ്പുറം

## ദൈവസ്നേഹത്തിന്റെ സങ്കീർത്തനങ്ങൾ അലയടിക്കുന്നു.

ദിവ്യകാരുണ്യത്തെ പ്രണയിച്ചുകൊണ്ട് യുവഹൃദയങ്ങളെ വിശുദ്ധിയുടെ ലോകത്തേക്ക് ക്ഷണിക്കുന്ന

**അജ്നയുടെ ജീവിതം.**

പരാതികളും പരിഭവങ്ങളുമില്ലാതെ അവൾ പറഞ്ഞതെല്ലാം ദൈവസ്നേഹത്തിന്റെ സങ്കീർത്തനങ്ങളായിരുന്നു.

ബാങ്കുവഴി
പണമടയ്ക്കുവാൻ:

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT-AIRPORT ROAD

G Pay

കോപ്പികൾക്ക്:
www.jykairosmedia.org
7907 61 9471 / 6238 27 9115

ഓഫീസ് വിലാസം:
കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്,
തെങ്ങോട് പി.ഒ., കാക്കനാട്, കൊച്ചി 682 030
ഫോൺ: 0484 2984327 / ഇ-മെയിൽ: kairosmag@jykairosmedia.org



എഡ്ഡിസ്പീക്കിങ്




ഡോ. എഡ്വേർഡ് എടേഴത്ത്

# ആത്മീയ ശീലങ്ങൾ വളർത്തുന്നതിലാകണം നമ്മുടെ ശ്രദ്ധ

കഴിഞ്ഞ ദിവസം പ്രാർഥനാ ഗ്രൂപ്പിലെ ഒരു സന്ദേശം ഇതായിരുന്നു: "നിങ്ങളിൽ നല്ല ശീലങ്ങൾ ഞാൻ വളർത്തുന്നു; നിങ്ങളുടെ സ്വഭാവം ഞാൻ രൂപപ്പെടുത്തുന്നു. ഈ വഴിയേ നടക്കുക, സ്വർഗീയ ആനന്ദത്തിനായി ഞാൻ നിങ്ങളെ ഒരുക്കും". തുടർന്ന് ഗലാത്യർ 3, 27നെക്കുറിച്ചായി ഗ്രൂപ്പിലെ ചർച്ച. 'ക്രിസ്തുവിനെ ധരിക്കുക' എന്ന അപ്പസ്തോലന്റെ ആഹ്വാനമാണ് പ്രധാന ശ്രദ്ധാകേന്ദ്രമായത്. ആദ്യം പങ്കുവച്ച സംഗീത വിവരിച്ചത് കല്യാണ പാർട്ടിക്കുള്ള തയ്യാറെടുപ്പാണ്. 'ഒരുങ്ങി കണ്ണാടിയിലേക്ക് നോക്കുമ്പോൾ, ഒരു തോന്നലുണ്ട്, ഞാൻ സുന്ദരിയാണല്ലോ'. ക്രിസ്തുവിന്റെ രീതികൾ ഞാൻ സ്വീകരിക്കുമ്പോൾ എനിക്ക് ലഭിക്കുന്ന ആത്മാഭിമാനം അതിൽ എത്രയോ അധികമാണ്. തുടർന്ന് കൂട്ടായ്മയിലെ മറ്റുള്ളവർ ഓരോരുത്തരായി അവരുടെ ജീവിതത്തിൽ പടിപടിയായി ഉണ്ടായ മാറ്റങ്ങളെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി, ചിലർ ഏറെ ശ്രമിച്ചിട്ടും മാറ്റാനാവാത്ത തഴക്കങ്ങളെക്കുറിച്ചും.

## ശീലങ്ങൾ പിന്നെ ജീവിതശൈലിയാകും

ഈ പങ്കുവയ്ക്കലുകൾ കേട്ടപ്പോൾ എൻെറ ചിന്ത ശീലങ്ങൾ വളർത്താൻ മുന്നേറ്റത്തിൽ നൽകേണ്ട ഊന്നലിനെക്കുറിച്ചായിരുന്നു. കുറേ വർഷങ്ങൾക്കു മുമ്പ് ജീസസ് യൂത്തിന്റെ ദർശന രൂപീകരണ ചർച്ചകൾക്കിടെ വ്യക്തികൾക്ക് നൽകേണ്ട 'ഫോളോഅപ്പിനെ' സംബന്ധിച്ച് ഏറെ ചിന്തകൾ ഉണ്ടായി. യുവാക്കൾക്ക് യേശുവിൽ വളരാൻ ഒരു ധ്യാനമോ കുറേ ക്ലാസ്സുകളോ പോരാ. ഒരു ധ്യാനം വരുത്തുന്ന വലിയ മാറ്റത്തിനുശേഷം മിക്കവരും ജീവിത വ്യഗ്രതകളിൽ വീണുപോകുന്നത് സാധാരണ അനുഭവമാണ്. ഈ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ മുന്നേറ്റ ദർശനം ചെറുപ്പക്കാരുടെ ജീവിതശൈലി മാറ്റുന്നതിനെ പറ്റിയായിരുന്നു. ഓരോരുത്തരുടെയും സാഹചര്യങ്ങളിൽ അവർക്ക് വ്യക്തിപരമായ അനുധാവനവും കൂട്ടായ്മയുടെ പിൻബലവും ഉറപ്പാക്കിയാണ് ഇത് സാധിക്കേണ്ടത്.



## നമ്മളൊക്കെ കുറേ പതിവു രീതികളുടെ ആകെത്തുകയല്ലേ?

ഒന്നോർത്താൽ, നമ്മളൊക്കെ കുറേ പതിവു രീതികളുടെ ആകെത്തുകയല്ലേ? ആ ശീലങ്ങളിൽ ചിലത് നല്ലത്, മറ്റുള്ളവ മോശം. 'ക്രിസ്തുവിനൊപ്പം ബോധപൂർവ മായ പ്രയാണം' അതാണല്ലോ നല്ല ക്രൈസ്തവ ജീവിതം. അല്ലെങ്കിൽ സ്വയാവബോധത്തിൽ വളരുകയും കർത്താ വിന്റെ പ്രതിച്ഛായയിലേക്ക് വളരാൻ ബോധപൂർവ മായ ശ്രമങ്ങൾ നടത്തുകയും ചെയ്യുന്ന ഒരു സമീപനം. ഇതുമായി ബന്ധപ്പെടുത്തി മഹാത്മാഗാന്ധിയുടെ വാക്കു കൾ ഓർക്കുന്നത് നല്ലതാണ്, "നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാകുന്നു, ചിന്തകൾ വാക്കുകളാകുന്നു, വാക്കുകൾ നിങ്ങളുടെ പ്രവൃത്തികളാകുന്നു, പ്രവൃത്തികൾ ശീലങ്ങളാകുന്നു, ശീലങ്ങൾ നിങ്ങളുടെ മൂല്യങ്ങളാ കുന്നു, മൂല്യങ്ങൾ നിങ്ങളുടെ ജീവിതഗതിയായിത്തീരുന്നു". അങ്ങനെയെങ്കിൽ നമ്മുടെ അനുദിന ജീവിതത്തിൽ വളരേണ്ട കുറേ കൊച്ചുകൊച്ചു ശീലങ്ങൾ വ്യക്തിജീവിത ത്തിലും കൂട്ടായ്മയിലും നാം വളർത്തേണ്ടി വരും.

## മനഃശാസ്ത്രം സൂചിപ്പിക്കുന്ന 'ഫ്ലോ സ്റ്റേറ്റ്'

എന്താണ് ഈ ശീലങ്ങൾ? പാപങ്ങൾ ഏറ്റുപറയുമ്പോൾ 'വിചാരത്താലും, വാക്കാലും, പ്രവൃത്തിയായും, ഉപേക്ഷയാ ലും' വന്ന വീഴ്ചകൾ നാം ഓർക്കാറുണ്ട്. അപ്രകാരംതന്നെ നമ്മുടെ മനോഭാവങ്ങൾ, വൈകാരിക പ്രതികരണങ്ങൾ, സംഭാഷണങ്ങൾ, വിനിമയ രീതികൾ, നമ്മുടെ പ്രവൃത്തി കൾ, പിൻവാങ്ങലുകൾ എന്നീ തലങ്ങളിലൊക്കെ നമ്മൾ ശ്രദ്ധിക്കുകയും ശൈലികൾ രൂപപ്പെടുത്തുകയും ചെയ്യു കയല്ലേ ക്രിസ്തീയ വളർച്ച? അങ്ങനെ ചിന്തിക്കുമ്പോൾ ഭക്ഷിക്കുക, കുടിക്കുക, ശ്വസിക്കുക, പ്രാർഥിക്കുക, വായിക്കുക, എന്നു തുടങ്ങി നമ്മുടെ ചിന്ത, സംസാരം, പ്രവൃത്തി എന്നീ മേഖലകളിലെല്ലാം നാം ശീലങ്ങൾ വളർ ത്താൻ ശ്രദ്ധിക്കേണ്ടിവരും.

'എല്ലായിടത്തും ഞാൻ വളരെ മാന്യനാണ്; പക്ഷേ, വീട്ടിൽ സംസാരിക്കുമ്പോൾ എന്റെ വേറൊരു വശം പുറത്തുവരും', ഗ്രൂപ്പിൽ കേട്ട ഒരു പരാമർശം. 'ഞാൻ ഒരു 30 മിനിറ്റ് പ്രാർ ഥനയോടെ ദിവസം ആരംഭിക്കുകയാണെങ്കിൽ, ആ ദിനം നന്നായി പോകും', മറ്റൊരാൾ പറഞ്ഞു: 'ആർക്കും ഊഷ്മ ളമായ പുഞ്ചിരി നൽകുക എന്നത് ഞാൻ ചെയ്യാൻ ശ്രമിക്കുന്ന ഒന്നാണ്. പറ്റുമെങ്കിൽ, ഒരു കുശലാന്വേഷണം നടത്തി ഞാൻ തുടങ്ങും'. ഒരു യുവതിയുടെ നല്ല ശീലം. 'ജീവിതത്തിലെ ചെറിയ കാര്യങ്ങളിൽ ഞാൻ വിശ്വസ്തയാ യിരിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നുവെന്ന് എനിക്ക റിയാം. എന്നാൽ, എന്റെ പ്രശ്നം ഞാൻ ആളുകളെ വേഗത്തിൽ വിലയിരുത്തുകയും മിക്കവാറും നെഗറ്റീവ് രീതിയിൽ ചിന്തിക്കുകയും ചെയ്യുന്നു എന്നതാണ്'. പ്രാർഥ നായോഗത്തിൽ ക്രമവും കൃത്യനിഷ്ഠയും പാലിക്കുക എന്നത് മറ്റൊരാൾ വളർത്തിയെടുക്കാൻ ആഗ്രഹിച്ച ശീലമാ യിരുന്നു. പട്ടിക അനന്തമായി തുടരാം.

എന്നാൽ, ഈ മേഖലകളിൽ നാം എങ്ങനെയാണ് മുന്നേ റേണ്ടത്? ഏതൊരു കഴിവും വളരാൻ തുടർപരിശീലനം വേണം. ഒരു സംഗീതോപകരണം ഉപയോഗിക്കുന്നതോ, സ്പോർട്സ്, നൃത്തം, പാചകം എന്നിവയോ ഒക്കെ തുടക്ക ത്തിൽ ഏറെ സങ്കീർണവും ബുദ്ധിമുട്ടുള്ളതുമാണ്; പക്ഷേ, നല്ല പരിശീലനം നമ്മെ ലളിതസുന്ദരമായ ഒരു ഘട്ടത്തി ലേയ്ക്ക് നയിക്കും. ഹംഗേറിയൻ അമേരിക്കൻ മനഃശാസ്ത്ര ജ്ഞൻ മിഹാലി സിക്സെന്റ് മിഹാല്യി ഈ ഘട്ടത്തെ 'ഫ്ലോ സ്റ്റേറ്റ്' എന്നാണ് വിളിക്കുന്നത്. അതായത്, ഏറെ സങ്കീർണമായ ഒരു പ്രവൃത്തി തീർത്തും അനായാ സമായും ആസ്വാദനത്തോടെയും പൂർണ ശ്രദ്ധയോടെ ചെയ്യുന്ന ഒരവസ്ഥ. എന്നാൽ, ജീവിതത്തിലെ സുപ്രധാന കാര്യങ്ങൾ സന്തോഷകരമായ 'ഒഴുക്കോടെ', എളുപ്പമുള്ള ശീലമാക്കി മാറ്റുന്നതിന് നമുക്ക് ഏറെ 'ആന്തരിക ഉത്തേ ജനം' അല്ലെങ്കിൽ 'ഉൾചേതന' വേണ്ടിവരും എന്നാണ് മിഹാലി സൂചിപ്പിക്കുന്നത്. വിശുദ്ധ പൗലോസും ഇത്തരം ഒരു യാത്രയ്ക്ക് നമ്മെ വെല്ലുവിളിക്കുന്നു, "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവ ഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണവു മായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും" (റോമ 12, 2).

## സന്തോഷ പ്രകൃതിയിലേയ്ക്ക് നയിക്കുന്ന ശീലങ്ങളാകണം

ഒരാളുടെ ചോദ്യം: 'ശീലങ്ങൾ വളർത്തുമ്പോൾ, ചില വീരപുരുഷന്മാരെ അന്ധമായി അനുകരിക്കുക എന്നൊരു അപകടമില്ലേ?' ഏറെ ശരിയാണത്. 'അനുകരണം ആത്മഹ ത്യയാണ്'. എന്റെ പഴയ ഇടവക വികാരി മറ്റെല്ലാവരും പള്ളിയിൽനിന്ന് പോയാലും അവിടെ പ്രാർഥനയിൽ തുട രുന്ന സ്ത്രീകളെ വീടുകളിലേയ്ക്ക് പറഞ്ഞയയ്ക്കുമായി രുന്നു, 'പോയി കുടുംബത്തെ നോക്കൂ, അതാണ് ദൈവം ആഗ്രഹിക്കുന്നത്!' വികലമായ അനുകരണം എൻെറ ഉത്തര വാദിത്വങ്ങൾ മറക്കാൻ ഇടയാക്കും, തീർച്ച.

അതുല്യമായ എന്റെ പ്രത്യേകതകൾ, ജീവിതദൗത്യം എന്നി വയെ സംബന്ധിച്ച ശരിയായ സ്വയാവബോധം നല്ല ശീല ങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള സുപ്രധാന തുടക്കമാണ്. നാമെല്ലാം അഭിമുഖീകരിക്കുന്ന ഒരു വെല്ലുവിളിയാണ് ഗ്ലാമർതാരങ്ങളോടുള്ള അഭിവാഞ്ഛ. ഇത് ദൂരെയുള്ള വിശുദ്ധരോ അയൽപക്കത്തെ നേതാക്കളോ ഒക്കെ ആകാം. സ്വയം അംഗീകരിച്ച്, കർത്താവ് എനിക്ക് നൽകിയിട്ടുള്ള ചെറിയ കാര്യങ്ങൾ കെട്ടിപ്പടുത്ത് (മത്താ 25, 21), മനോ ഹരവും സന്തോഷകരവുമായി ഞാൻ കണ്ടെത്തിയവ വളർത്തുകയാണ് നല്ല ആധ്യാത്മിക ശീലങ്ങൾ പരിശീലിച്ചു വളരാനുള്ള ലളിതമായ വഴി.

# ആന്തരികത – ബന്ധങ്ങൾ ഫലദായകത്വം


'നാം ആരും ഒറ്റപ്പെട്ട തുരുത്തുകളല്ല'. നല്ല ജീവിതശൈലി മെനഞ്ഞെടുക്കാൻ ഒരാളെ ഏറ്റം സഹായിക്കുന്ന ഘടകങ്ങളാണ് അതിനുതകുന്ന സ്നേഹകൂട്ടായ്മയും അതിന്റെ സംസ്കാരവും. 'ജീവൻ അതിൻെറ സമൃദ്ധിയിൽ ഉണ്ടാകാൻ' എന്ന ജീസസ് യൂത്ത് പ്രചോദനവാക്യം മുന്നേറ്റത്തിൽ അത്തരമൊരു പിന്തുണയുടെ അന്തരീക്ഷം ഉറപ്പുവരുത്തുന്നു. ജെ.വൈ. ജീവിതശൈലിയുടെ 'ആറ് സ്തൂപങ്ങൾ' ആന്തരികത, കൂട്ടായ്മ, മിഷണറി ഫലദായകത്വം എന്നീ അത്യാവശ്യ ശീലങ്ങളുടെ സന്തുലിതാവസ്ഥയുടെ സൂചനയുമാണല്ലോ.

ഒരിക്കൽ മുന്നേറ്റത്തെക്കുറിച്ച് രസകരമായ ഒരു പരാമർശം ഞാൻ കേട്ടു. 'ചില കമ്പനികൾക്ക് അവരുടെ മാത്രമായ ഒരു വ്യാപാര രഹസ്യമുണ്ടാകും. ജീസസ് യൂത്തിനും അപ്രകാരം അനന്യമായ ഒരു പ്രത്യേകതയുണ്ട്'. രസകരമായ കൂട്ടായ്മയുടെ പശ്ചാത്തലത്തിൽ യുവാക്കളെ യേശുവിലേയ്ക്ക് ആകർഷിക്കുകയും, തുടർന്ന് ജീവിതബന്ധിയായി സഭാജീവിതത്തിൽ ഊന്നിയ ജീവിതശൈലിയിൽ വളർത്തുകയും ചെയ്യുന്നതാണ് പക്വമായ ജീസസ് യൂത്ത് പ്രവർത്തന രീതി. മികച്ച ശീലങ്ങൾ പഠിപ്പിക്കുന്നതല്ല സ്വയം പിടിച്ചെടുക്കുന്നതാണ്. അത് സജീവമായ ഒരു സമൂഹത്തിൽ ഏറ്റവും ഫലപ്രദമായി സ്വീകരിക്കപ്പെടുന്നു. ജീവിതശൈലികൾ പരിശീലിപ്പിക്കുക എളുപ്പമല്ല, കുറേയെല്ലാം സ്വാംശീകരിച്ചു വളരണം. ഒരുപക്ഷേ, ശക്തമായ ക്ലാസ്സുകൾക്കും പ്രകോപിപ്പിക്കുന്ന ശകാരങ്ങൾക്കും ഉപരി ഒരു ചെറു കൂട്ടായ്മയിൽ സ്വസ്ഥമായിരുന്നു സംസാരിക്കാനുള്ള അവസരങ്ങളാകും യേശുവിന്റെ പ്രതിച്ഛായയിൽ വളരുന്നതിനുള്ള ഏറ്റവും നല്ല സഹായം.

ഞാൻ ആരംഭിച്ചത് ഞങ്ങളുടെ ഗ്രൂപ്പിൽ ലഭിച്ച ഒരു പ്രവചനവും തുടർന്നുള്ള ചർച്ചയും പരാമർശിച്ചു കൊണ്ടാണ്. ചർച്ചയുടെ സംഗ്രഹം ഇതായിരുന്നു: 'പൂർണത ലക്ഷ്യമാക്കിയുള്ള ഒരു പ്രയാണത്തിന് കർത്താവ് നമ്മെ ക്ഷണിക്കുന്നു. ആനന്ദപൂർണതയായ നിത്യജീവിതത്തിലേയ്ക്കുള്ള വിളിയുമാണത്. പക്വമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നതിനുതകുന്ന ശീലങ്ങൾ എങ്ങനെ വളർത്താം എന്ന് പരിശോധിച്ചുകൊണ്ടാണ് നാം മുന്നേറേണ്ടത്'.

നാമെല്ലാം പാടുമായിരുന്ന ഒരു പഴയ ഇംഗ്ലീഷ് ഗാനം ഇത് സുന്ദരമായി അവതരിപ്പിക്കുന്നുണ്ട്: 'ലിറ്റിൽ ബൈ ലിറ്റിൽ എവ്രിഡേ ... ജീസസ് ഇസ് ചെയ്ഞ്ചിങ് മീ' (മെല്ലെ, മെല്ലെ ദിനം തോറും ... യേശു എന്നെ മാറ്റുന്നു). ഇത് പഴയനിയമത്തിലെ പ്രസിദ്ധമായ ഒരു വചനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാകാം. "സകലത്തിലും അങ്ങയുടെ അക്ഷയ ചൈതന്യം കുടികൊള്ളുന്നു. പാപികൾ അങ്ങയിൽ പ്രത്യാശയർപ്പിക്കാൻ അങ്ങ് അധർമികളെ പടിപടിയായി തിരുത്തുന്നു" (ജ്ഞാനം 12, 1,2). സുന്ദരവും സഹായകവുമായ ശീലങ്ങൾ നമ്മിൽ വളർത്തി യേശുവിന്റെ പ്രതിച്ഛായയിലേക്ക് നമ്മെ രൂപപ്പെടുത്താനുള്ള കർത്താവിന്റെ സുന്ദര പദ്ധതിയുമായി സഹകരിച്ചു നമുക്ക് മുന്നേറാം.







ജസ്റ്റിൻ ജോർജ്, ഭരണങ്ങാനം

# മാധ്യമങ്ങളുടെ ഈ മൗനം ആർക്കുവേണ്ടി?

**വംശഹത്യ നടക്കുന്ന നൈജീരിയ ഒരു ഉദാഹരണം മാത്രം. മാധ്യമങ്ങൾ കണ്ണടയ്ക്കുന്നതും മനുഷ്യമന:സാക്ഷി നിസ്സംഗത പാലിക്കുന്നതും വലിയവിപത്തിന്റെ സൂചനയാണ്. എന്തുകൊണ്ടാണ് ലോകമിങ്ങനെയൊക്കെയാകുന്നത്!?**

ബ്രിട്ടീഷുകാർ കോളനിഭരണം മതിയാക്കി നൈജീരിയാക്ക് സ്വാതന്ത്ര്യം കൊടുക്കുമ്പോൾ തെക്കു കിഴക്കൻ പ്രദേശങ്ങളിൽ ഇഗ്ബൊ, യോരുബ വംശജരായ ക്രിസ്ത്യാനികളും, വടക്കു കിഴക്കൻ പ്രദേശങ്ങളിൽ ഹൗസ, ഫുലാനി വിഭാഗത്തിൽ പെട്ട മുസ്ലിങ്ങളുമാണ് പ്രധാനമായും ജീവിച്ചിരുന്നത്. നൈജീരിയയുടെ സ്വാതന്ത്ര്യത്തിന് മുൻപുതന്നെ ക്രൈസ്തവർക്ക് എതിരെ നിരവധിയായ ആക്രമണങ്ങൾ ഇസ്ലാമിസ്റ്റുകളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. നൈജീരിയക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം1966ൽ 30,000 ഇഗ്ബൊ വിഭാഗക്കാരെ വംശഹത്യ ചെയ്തതോടെ 1967ൽ ഇഗ്ബൊ വംശജർ ബയാഫ്ര എന്ന പേരിൽ സ്വതന്ത്ര രാജ്യം പ്രഖ്യാപിച്ചു. ബ്രിട്ടന്റെ കോളനി ഭരണത്തിന് മുൻപുള്ള യൂറോപ്യൻ സഞ്ചാരികളുടെ ചരിത്ര രേഖകളിലും മാപ്പുകളിലും ബയാഫ്രക്ക് സമാനമായ പേരുള്ള രാജ്യത്തെക്കുറിച്ച് പരാമർശിക്കുന്നതിൽ നിന്ന് ബ്രിട്ടന്റെ കോളനി ഭരണത്തിന് മുൻപ് ബയാഫ്ര എന്ന പേരിൽ സ്വാതന്ത്രരാജ്യം ഉണ്ടായിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്.

ലോക ഇക്കണോമിയിൽ ക്രൂഡോയിൽ പ്രധാനപ്പെട്ട ഘടകമായിക്കൊണ്ടിരുന്ന കാലത്ത് നൈജീരിയയുടെ എണ്ണസമ്പത്ത് ഏറ്റവും കൂടുതലുള്ള ബയാഫ്ര പ്രദേശം വിട്ടുകൊടുക്കാതിരിക്കാൻ നൈജീരിയൻ സർക്കാർ യുദ്ധം പ്രഖ്യാപിച്ചു. വത്തിക്കാൻ, ഫ്രാൻസ്, ഇസ്രായേൽ, സ്പെയിൻ, സൗത്ത് ആഫ്രിക്ക ഉൾപ്പടെയുള്ള നിരവധി രാജ്യങ്ങൾ കാരിത്താസ് ഇന്റർനാഷണൽ, യു.എസ്. കാത്തലിക്ക് റിലീഫ് സർവീസ് പോലുള്ള നിരവധി സാമൂഹിക സേവന പ്രസ്ഥാനങ്ങളിലൂടെ ബയാഫ്രക്ക് സാമ്പത്തിക സഹായവും പിന്തുണയും കൊടുത്തിരുന്നു. ബ്രിട്ടന്റെയും, സോവിയറ്റ് യൂണിയന്റെയും പിന്തുണയോടെ നൈജീരിയ നടത്തിയ രണ്ടര വർഷത്തോളം നീണ്ടുനിന്ന യുദ്ധത്തിൽ ഇരുപത് ലക്ഷത്തോളം മനുഷ്യരാണ് കൊല്ലപ്പെട്ടത്. ബയാഫ്ര പ്രദേശത്തേക്കുള്ള ഭക്ഷണ വിതരണം നൈജീരിയൻ മിലിട്ടറി തടസ്സപ്പെടുത്തിയതോടെ സ്ത്രീകളും കുട്ടികളും അടക്കം നിരവധി മനുഷ്യർക്ക് പട്ടിണികൊണ്ടും ജീവൻ നഷ്ടമായിട്ടുണ്ട്. ആഫ്രിക്കൻ ചരിത്രത്തിലെ അല്ലെങ്കിൽ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഉണ്ടായിട്ടുള്ള ഏറ്റവും വലിയ വംശഹത്യയാണ് ഈ യുദ്ധത്തിൽ ഇഗ്ബൊ വംശജർക്കെതിരെ ഉണ്ടായിട്ടുള്ളത്.

1970ൽ നൈജീരിയൻ സർക്കാരിന് ഇഗ്ബോകൾ കീഴടങ്ങിയതിനുശേഷം ഗോത്ര മത സന്തുലിതാവസ്ഥ നിലനിറുത്താനായി ചുരുക്കം ചില സന്ദർഭങ്ങളിലൊഴിച്ച് 2010 വരെ നൈജീരിയയിൽ ഒരു മുസ്ലിം പ്രസിഡണ്ടിന് ശേഷം ഒരു ക്രിസ്ത്യൻ പ്രസിഡണ്ട് എന്ന രീതിയിലാണ് ഭരണം നടന്നിരുന്നത്. 2007 മുതൽ 2010 വരെ പ്രസിഡണ്ട് ആയിരുന്ന മുസ്ലിം വിഭാഗക്കാരനായ ഉമറു മൂസ യാറഡ്വാ മരിച്ചപ്പോൾ വൈസ് പ്രസിഡണ്ടും ക്രിസ്ത്യാനിയുമായ ഡോക്ടർ ഗുഡ്‌ലക്ക് ജോനാഥൻ താത്ക്കാലിക പ്രസിഡണ്ടായി സ്ഥാനം ഏറ്റെടുത്തു. ഇസ്ലാമിക് സ്റ്റേറ്റിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നൈജീരിയായിൽ പ്രവർത്തനം ആരംഭിച്ച ബൊക്കോ ഹറാം എന്ന തീവ്രവാദ പ്രസ്ഥാനം അതേദിവസം നടത്തിയ ബോംബാക്രമണങ്ങളിൽ പതിനഞ്ചോളം പേരാണ് കൊല്ലപ്പെട്ടത്.



നൈജീരിയയുടെ ചരിത്രത്തിലെ ഏറ്റവും ഭീകരമായ കാലഘട്ടമാണ് പിന്നീടുണ്ടായത്. ബൊക്കൊഹറാം തീവ്രവാദികളും ഫുലാനി ബണ്ടിറ്റ്സ് പോലുള്ള പ്രാദേശിക തീവ്രവാദ സംഘടനകളും ക്രൈസ്തവർക്ക് എതിരെ തുറന്ന യുദ്ധം നടത്തി. നൈജീരിയായുടെ താത്ക്കാലിക പ്രസിഡണ്ട് ആയിരുന്ന ഡോക്ടർ ഗുഡ് ലക്ക് ജോനാഥൻ പൊതു തെരഞ്ഞെടുപ്പിൽ വിജയിച്ചു. 2015 വരെ പ്രസിഡണ്ടായി തുടർന്നതിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ചു പ്രസിഡണ്ടായത് ഇഗ്ബൊ വംശജരായ ക്രൈസ്തവരുടെ സ്വതന്ത്ര രാജ്യത്തിനെതിരെ അതിക്രൂരമായ യുദ്ധം നയിച്ച ജനറൽ മുഹമ്മദ് ബുഹാരിയാണ്.

ഇസ്ലാമിക തീവ്രവാദികൾ നൈജീരിയയിൽ കഴിഞ്ഞ 15 മാസത്തിനിടെ 470 പള്ളികൾ ആക്രമിക്കുകയും, 6000 ക്രൈസ്തവരെ കൊന്നുതള്ളുകയും ചെയ്തതായാണ് അന്താരാഷ്ട്ര സംഘടനകളുടെ വിവരങ്ങളെ ഉദ്ധരിച്ചു ഗ്രാവിറ്റസ് 'Gravitas' റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2009-2021 കാലഘട്ടത്തിൽ ഇല്ലാതാക്കിയത് 43,000 ക്രൈസ്തവരെയാണ്. നൈജീരിയൻ സർക്കാരിന്റെ പരോക്ഷ പിന്തുണയോടെയാണ് വംശഹത്യക്ക് തുല്യമായ തീവ്രവാദ ആക്രമണങ്ങൾ ഇപ്പോൾ നടക്കുന്നത് എന്ന ആരോപണവുമുണ്ട്.



*ഡെബോറ സാമുവൽ*

ഡബോറ സാമുവൽ എന്ന വിദ്യാർഥിനിയെ മതനിന്ദ ആരോപിച്ചു ദാരുണമായി കൊലപ്പെടുത്തിയത് ഇസ്ലാമിക തീവ്രവാദ സംഘടനയിൽപെട്ടവർ ആയിരുന്നില്ല, മറിച്ച് മുസ്ലിങ്ങളായ സഹപാഠികളാണ്. സാധാരണക്കാരായ ഇസ്ലാം വിശ്വാസികളിൽ, പ്രത്യേകിച്ച് യുവാക്കളിലും വിദ്യാർഥികളിലും പോലും തീവ്രവാദ ചിന്താഗതികൾ വളർത്തുന്നതിൽ തീവ്രവാദ സംഘടനകൾ വിജയിച്ചിരിക്കുന്നു എന്ന വസ്തുത ഡാബോറ സാമുവലിന്റെ നിഷ്ഠൂര കൊലപാതകത്തിലൂടെ തെളിഞ്ഞിരിക്കുകയാണ്.



*ഡെബോറ സാമുവലിന്റെ മാതാപിതാക്കൾ*

ആഫ്രിക്കയിലെ ക്രൈസ്തവർക്ക് എതിരെ നടക്കുന്ന വംശഹത്യയുടെ ഏറ്റവും പുതിയ ഉദാഹരണമാണ് ഈ കഴിഞ്ഞ പെന്തകോസ്ത് ദിനത്തിൽ ഓവോയിലെ സെന്റ് ഫ്രാൻസിസ് പള്ളിയിൽ കുർബാനക്കായി എത്തിയവരിൽ അൻപതിൽപരം മനുഷ്യരെ നിഷ്ഠൂരമായി കൊലപ്പെടുത്തിയത്. പെന്തകോസ്ത് ദിനത്തിലെ ആക്രമണത്തിനുശേഷം അധികം താമസിയാതെ രണ്ട് കത്തോലിക്ക പുരോഹിതരെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയതായും വാർത്തകളുണ്ട്. ഇസ്ലാമിക തീവ്രവാദികൾ കാലങ്ങളായി ക്രൈസ്തവഹത്യ നടത്തുകയും സ്ത്രീകളെയും കുട്ടികളെയും തട്ടിക്കൊണ്ട് പോയി അടിമകളാക്കുകയും ചെയ്യുന്നത് ക്രിസ്തുവിൽ വിശ്വസിച്ചു ക്രൈസ്തവരായി ജീവിക്കുന്നു എന്ന കാരണം കൊണ്ട് മാത്രമാണ്.

**"ഞങ്ങൾക്ക് ഒന്നും പറയാനോ ചെയ്യാനോ കഴിയില്ല, അത് ദൈവത്തിന്റെ പ്രവൃത്തിയായി എടുക്കുകയെന്നതല്ലാതെ. ഞങ്ങൾ എല്ലാം ദൈവത്തിന് വിട്ടുകൊടുത്തു, അത് അങ്ങനെ തന്നെ എടുക്കാൻ ഞങ്ങൾ തീരുമാനിച്ചു"**

*(ഇമ്മാനുവൽ ഗാർബ, ഡെബോറ സാമുവലിന്റെ പിതാവ്)*

ഇസ്ലാമിക തീവ്രവാദികൾ നടത്തുന്ന ആക്രമണങ്ങളുടെ ലക്ഷ്യം സമ്പൂർണ ഇസ്ലാമിക ഭരണം സ്ഥാപിക്കുക എന്നത് മാത്രമാണെന്ന് തീവ്രവാദ സംഘടനകൾ പലപ്പോഴും പരസ്യമായി പ്രസ്താവിച്ചിട്ടുള്ളതാണ്. ഇസ്ലാമിക തീവ്രവാദികൾ നടത്തുന്ന ക്രൂരമായ കൊലപാതകങ്ങൾ അവർതന്നെ ചിത്രീകരിച്ചു പ്രചരിപ്പിക്കുന്നതിലൂടെ പൊതുസമൂഹത്തെ ഭയചകിതരാക്കുകയും മനോവീര്യം തകർക്കുകയും ചെയ്യുക എന്ന ലക്ഷ്യവുമുണ്ട്. ഇസ്ലാമിസ്റ്റുകൾ വിഭാവനം ചെയ്യുന്ന ഇസ്ലാമിക രാഷ്ട്രത്തിൽ ഇതരമതസ്ഥരുടെ ജീവിതം മാത്രമല്ല സാധാരണക്കാരായ മുസ്ലിങ്ങളുടെ ജീവിതവും ദുരിതത്തിൽ ആയിരിക്കും എന്നതിന് തെളിവായി അഫ്ഗാനിസ്ഥാൻ പോലുള്ള രാജ്യങ്ങൾ നമ്മുടെ കണ്മുൻപിൽ തന്നെയുണ്ട്.

അമേരിക്കൻ പൗരനും ആഫ്രിക്കൻ വംശജനുമായ ജോർജ് ഫ്ളോയിഡിനെ പോലീസ് ഉദ്യോഗസ്ഥൻ കൊലപ്പെടുത്തിയപ്പോഴും, അഭയാർഥികൾ യൂറോപ്പിലേക്ക് കടക്കാൻ ശ്രമിക്കുന്നതിനിടെ ബോട്ട് മുങ്ങി മരിച്ച സിറിയൻ അഭയാർഥി ബാലൻ അയ്‌ലൻ കുർദിയുടെ മൃതദേഹം ബോഡ്രം തീരത്തടിഞ്ഞപ്പോൾ ഭരണകൂടത്തിന് നേരിട്ട് പങ്കില്ലാത്ത ആ സംഭവങ്ങളുടെ പേരിൽ അമേരിക്കയെയും യൂറോപ്പിനെയും പ്രതിസ്ഥാനത്ത് നിറുത്തി ആഴ്ചകളോളം മുഖ്യധാരാ മാധ്യമങ്ങളിലും സാമൂഹ്യ മാധ്യമങ്ങളിലും വിചാരണ നടത്തിയവർ വംശഹത്യ എന്ന് വിളിക്കപ്പെടാവുന്ന നൈജീരിയായിലെ കൊലപാതകങ്ങൾ കണ്ടില്ല എന്ന് നടിക്കുകയാണ്.

നൈജീരിയായിലെ ക്രൈസ്തവർ അനുഭവിക്കുന്ന ദുരിതത്തെക്കുറിച്ച് ചർച്ച ചെയ്യാൻ പോലും മാധ്യമങ്ങൾ മടിക്കുന്നത് അവരെ മനുഷ്യരായി പോലും കരുതാത്തതുകൊണ്ടോ, ഇസ്ലാമിക തീവ്രവാദികൾക്ക് മനുഷ്യരെ കൊല്ലാൻ അവകാശമുണ്ടെന്ന് കരുതുന്നതുകൊണ്ടോ, ഇസ്ലാമിക തീവ്രവാദികളെ ഭയപ്പെട്ടിട്ടോ അല്ലെങ്കിൽ സാമ്പത്തിക രാഷ്ട്രീയ താത്പര്യങ്ങളാലോ ആയിരിക്കാമെന്ന് നിക്ഷ്പക്ഷരായ മനുഷ്യർക്ക് തോന്നിയാൽ തെറ്റ് പറയാൻ സാധിക്കില്ല. ഇസ്ലാമിക തീവ്രവാദികൾ കാലങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളുടെ തുടർച്ചയാണ് ഇപ്പോളത്തെ സംഭവങ്ങൾ എങ്കിലും മനുഷ്യാവകാശ സംഘടനകളോ പ്രവർത്തകരോ, അന്തർദേശീയ മാധ്യമങ്ങളോ ക്രൈസ്തവ കൂട്ടക്കൊലകളെ ലോകത്തിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നു പരിഹാരം

ഉണ്ടാക്കുവാൻ ശ്രമിക്കുന്നില്ല എന്നത് ഖേദകരമാണ്.

മുസ്ലിങ്ങൾ പ്രവാചകനായി കരുതുന്ന മുഹമ്മദിന് എതിരെ ചെറിയ വിമർശനമുണ്ടായാൽ പോലും പ്രവാചക നിന്ദ എന്നാരോപിച്ചു രൂക്ഷമായി പ്രതികരിക്കാൻ ഇസ്ലാമിക രാജ്യങ്ങൾക്ക് ഒരു മടിയുമില്ല എന്നതിന് അവസാനത്തെ ഉദാഹരണമാണ് ഈയടുത്ത് ചാനൽ ചർച്ചയുമായി ബന്ധപ്പെട്ട് ഉണ്ടായ നുപൂർ ശർമ്മയുടെ മേലുള്ള വിവാദം. ദൈവമെന്ന് ഇസ്ലാമിക വിശ്വാസികൾ കരുതുന്ന അള്ളാഹു വലിയവനാണ് (അല്ലാഹു അക്ബർ) എന്ന് വിളിച്ചു പറഞ്ഞ് മനുഷ്യരുടെ തലയറുക്കുമ്പോൾ അത് ദൈവനിന്ദയാണെന്നു കരുതി സമാനമായ പ്രതികരണങ്ങൾ ഉണ്ടാകാത്തത് എന്തുകൊണ്ടായിരിക്കും എന്നത് പഠിക്കേണ്ട വിഷയമാണ്!!

**നൈജീരിയായിലെ ക്രൈസ്തവർ അനുഭവിക്കുന്ന ദുരിതത്തെക്കുറിച്ച് ചർച്ചചെയ്യാൻ പോലും മാധ്യമങ്ങൾ മടിക്കുന്നത് അവരെ മനുഷ്യരായി പോലും കരുതാത്തതുകൊണ്ടോ, ഇസ്ലാമിക തീവ്രവാദികൾക്ക് മനുഷ്യരെ കൊല്ലാൻ അവകാശം ഉണ്ടെന്ന് കരുതുന്നതുകൊണ്ടോ !?**





ഡോ. ചാക്കോച്ചൻ ജെ. ഞാവള്ളിൽ

# വംശഹത്യാ ഭീഷണി നേരിടുന്ന നൈജീരിയയിലെ ജനതയോട് നമുക്ക് പക്ഷം ചേരണ്ടേ ?



**ക്രിസ്ത്യാനികൾക്ക് നേരെ നൈജീരിയയിലും മറ്റു പലയിടങ്ങളിലും ഭീകരാക്രമണങ്ങൾ നടക്കുമ്പോൾ ഇവിടെ ഭാരതത്തിലും 'ദൈവത്തിന്റെ സ്വന്തം നാടായ' കേരളത്തിലും നമ്മൾ സ്വസ്ഥമായും സമാധാനമായും കഴിയുകയാണോ? എങ്കിൽ എന്തോ ഒരു പ്രശ്നമുണ്ട് !**

അഫ്രിക്കൻ രാജ്യമായ നൈജീരിയയിൽ നിന്ന്, വേദനിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്ന വാർത്തകളാണ് ദിനംപ്രതി എത്തിക്കൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ പന്തക്കുസ്താ ദിനത്തിലാണ് ഭീകരമായ ആക്രമണങ്ങളിലൊന്ന് നടന്നത്. വിശുദ്ധ കുർബാനയിൽ പങ്കെടുത്തുകൊണ്ടിരുന്ന നിരവധി പേരാണ് ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടത്. മതനിന്ദ ആരോപിച്ച് സഹപാഠിയെ വിദ്യാർഥികൾ കൊലപ്പെടുത്തിയ സംഭവവും അടുത്തിടെയായിരുന്നു. വിവിധ സംഭവങ്ങളിൽ നിരവധി വൈദികരും സന്യസ്തരും അൽമായരും കൊല്ലപ്പെട്ടു കൊണ്ടേയിരിക്കുന്നു.

ഇത്രയേറെ രൂക്ഷമായ അവസ്ഥയിലൂടെ അവിടത്തെ ക്രൈസ്തവർ കടന്നു പോകുമ്പോൾ നാമിവിടെ സംതൃപ്തരായി കഴിഞ്ഞുകൂടുന്നത് എന്തുകൊണ്ടാകും? മാധ്യമങ്ങളിൽ ഹോട്ട് ന്യൂസ് ആകാത്തതിലാകാം ആർക്കും ദു:ഖവും രോഷവും ഒന്നുമില്ല; പ്രതികരണവുമില്ല. എന്തുകൊണ്ടാവാം ഈ നിസ്സംഗത? നിർഭാഗ്യകരവും ഖേദകരവുമായ ഈ നിസ്സംഗതയ്ക്ക് പിന്നിലെ വിവിധ കാരണങ്ങൾ ഇനിപ്പറയാം.




**1. അർഥം അറിയാത്ത പ്രാർഥന:** 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ...' എന്ന് പ്രാർഥിക്കുമ്പോൾ ഈ ലോകത്തിലുള്ള സർവ മനുഷ്യരും നമ്മുടെ സഹോദരൻ ആണെന്ന് ഏറ്റു പറയുകയല്ലേ നാം. തങ്ങളുടെ വിശ്വാസത്തിന് വേണ്ടി പീഡിപ്പിക്കപ്പെടുന്ന ഈ നൈജീരിയക്കാരും എന്റെ സഹോദരർ തന്നെ....എന്തേ ഈ തിരിച്ചറിവുകൾ നമുക്ക് നഷ്ടപ്പെടുന്നു?

**2. മനസ്സിലാകാത്ത കൽപന:** 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുവിൻ ... ശിഷ്യപ്പെടുത്തുവിൻ' യേശുവിൽ വിശ്വസിക്കുന്ന എല്ലാവർക്കുമുള്ള അവിടത്തെ കൽപനയാണല്ലോ ഇത്. എല്ലാവരെയും വിശ്വാസം അറിയിക്കുക, അറിഞ്ഞവരെ ആഴപ്പെടുത്തുക. സ്വർഗീയ ജീവിതത്തെക്കുറിച്ച് പരിചയപ്പെടുത്തുക. നമ്മുടെ ജീവിതത്തിൽ, നാം തിരിച്ചറിഞ്ഞ ഏറ്റവും മഹത്തായ നന്മയായ ദൈവിക, സ്വർഗീയ ജീവിതാനുഭവത്തിൽ തുടരാൻ ഏവരെയും സഹായിക്കുക. ഇത് നാം ഓരോരുത്തരുടെയും കടമയാണെന്ന തിരിച്ചറിവ് നഷ്ടപ്പെട്ടോ നമുക്ക്? ഒരു വിശ്വാസി പോലും വഴിതെറ്റി പോകാൻ ഇടയാകരുത്, നഷ്ടപ്പെടാനിടയാകരുത്. നൂറിലൊന്നിനെപ്പോലും അന്വേഷിച്ചു പോകുന്ന ഇടയന്റെ മനസ്സിന്റെ വേദന നമുക്ക് എപ്പോഴാണ് നഷ്ടമായത്? നൈജീരിയയിൽ മാത്രമല്ല, എവിടെയും നഷ്ടമാകുന്ന ഓരോ ആത്മാവും നമ്മെ വിടാതെ പിന്തുടരുന്ന ഒരു വേദനയായിരിക്കേണ്ടതല്ലേ?

*2022 ജൂൺ 5ന് തെക്കുപടിഞ്ഞാറൻ നൈജീരിയയിലെ ഒവോയിലുള്ള സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയിൽ നടന്ന തീവ്രവാദി ആക്രമണത്തിൽ മരണമടഞ്ഞവരുടെ ഒരു ശവസംസ്കാര ശുശ്രൂഷ ജൂൺ 17ന് നടന്നപ്പോൾ. ഭാവിയിൽ ഇത്തരം ആക്രമണങ്ങൾ ഒഴിവാക്കാനായി വേഗത്തിൽ നടപടിയെടുക്കണമെന്ന് കത്തോലിക്കാ മേലധ്യക്ഷന്മാർ ഭരണകൂടത്തോട് അഭ്യർഥിച്ചു (കടപ്പാട്: എപി)*



*2022 ജൂൺ 5ന് തെക്കുപടിഞ്ഞാറൻ നൈജീരിയയിലെ ഒവോയിലുള്ള സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയിൽ നടന്ന തീവ്രവാദി ആക്രമണത്തിൽ വിശ്വാസികളുടെ ചുടുനിണംവീണ സ്ഥലം ഒൻഡോ സ്റ്റേറ്റ് ഗവർണർ റൊട്ടിമി അകെരെഡോലു (ഇടത്തു നിന്ന് മൂന്നാമൻ) ബിഷപ്പ് ജൂഡ് അരോഗുണ്ടാഡെയെ (വലത്തുനിന്ന് മൂന്നാമൻ) ചൂണ്ടിക്കാണിക്കുന്നു (കടപ്പാട്: AFP)*



*ജൂൺ 5ലെ പള്ളി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ മരണാനന്തര ചടങ്ങുകൾ ജൂൺ 17ന് ഒൺഡോ രൂപതയിൽ നടന്നപ്പോൾ*

**3. നാമും ഭയപ്പെട്ടിരിക്കുകയാണോ?:** ഓരോ ഭീകരാക്രമണത്തിന്റെയും പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് പൊതുസമൂഹത്തെ ഭയചകിതരാക്കുകയും നിഷ്ക്രിയരാക്കുകയുമാണ്. കൊലപാതകങ്ങളുടെ മാത്രമല്ല, കൊലവിളി മുദ്രാവാക്യങ്ങളുടെയും, ഭീതിപ്പെടുത്തുന്ന പ്രകടനങ്ങളുടെയും ലക്ഷ്യം അതാണ്. സാമൂഹ്യമാധ്യമങ്ങളിലും തൊഴിൽ ബിസിനസ്സ് മേഖലകളിലും എനിക്കുണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഭയപ്പാടുകൾ ആണോ നമ്മെ നിഷ്ക്രിയരാക്കിയിരിക്കുന്നത്? അങ്ങനെയെങ്കിൽ, ഇത്ര വിദൂരത്തിൽ ആയിരിക്കുന്ന നമ്മുടെ കാര്യത്തിൽപോലും ഭീകരരുടെ ലക്ഷ്യം വിജയിച്ചു എന്നല്ലേ?

**4. ഞാനാണോ നമ്മൾ ആണോ:** നൈജീരിയക്കാരുടെ കാവൽക്കാർ മുട്ടായുക്തികളും മറുചോദ്യങ്ങളും ചോദിച്ചാൽ നമ്മുടെ അടിസ്ഥാനപരമായ ഉത്തരവാദിത്വങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ആവുമെന്ന് കരുതുകയാണോ? നൈജീരിയയിൽ ആണെങ്കിലും, സിറിയയിൽ ആണെങ്കിലും യേശുവിലുള്ള വിശ്വാസം കാരണം കൊല്ലപ്പെടുന്നവരൊക്കെ നമ്മുടെ സഹോദരർ തന്നെയാണ്. കണ്ണടച്ചതുകൊണ്ട് മാത്രം ഇരുട്ടാവില്ലാത്തതുപോലെ, കണ്ടില്ലെന്ന് നടിച്ചതുകൊണ്ട് ധാർമിക ഉത്തരവാദിത്വം ഇല്ലാതാവുകയില്ല.

**നമുക്ക് എങ്ങനെയാണ് നമ്മെക്കുറിച്ച് മാത്രം ചിന്തിക്കുന്നവരാകാനാകുന്നത്? അയൽക്കാരന്റെയും, അപ്പുറത്തുള്ളവന്റെയും, നൈജീരിയക്കാരന്റെയും ആത്മാവും ജീവനും ജീവിതവും നമ്മുടെ കൂടി ഉത്തരവാദിത്വമാകേണ്ടതല്ലേ?**

**5. എൻ്റെ കുട്ടി, എന്റെ പട്ടി, എന്റെ പൂച്ചട്ടി:** എന്നിങ്ങനെ ഇന്നത്തെ മനുഷ്യന്റെ ലോകം സ്വാർഥതയിൽ ഒതുങ്ങി പോയിരിക്കുന്നു എന്നൊരു നിരീക്ഷണം ഉണ്ട്. ഞാൻ തന്നെ പ്രശ്നങ്ങളുടെ നിലയില്ലാക്കയത്തിൽപ്പെട്ട് വല്ലാതുഴലുമ്പോൾ, ബാക്കിയുള്ളവരെക്കുറിച്ചന്വേഷിക്കാൻ എനിക്കെവിടെ നേരം എന്നൊക്കെ വേണമെങ്കിൽ പറഞ്ഞൊഴിയാം.



*ജൂൺ 17ന് സെന്റ് ഫ്രാൻസിസ് പള്ളിയിൽ നടന്ന അനുസ്മരണാ കുർബാനയ്ക്കിടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾ വിലപിക്കുന്നു (കടപ്പാട്: റോയിട്ടേഴ്സ്)*

'എന്റെ': നമുക്ക് എങ്ങനെയാണ് നമ്മെക്കുറിച്ച് മാത്രം ചിന്തിക്കുന്നവരാകാനാകുന്നത്? അയൽക്കാരന്റെയും, അപ്പുറത്തുള്ളവന്റെയും, നൈജീരിയക്കാരന്റെയും ആത്മാവും ജീവനും ജീവിതവും നമ്മുടെ കൂടി ഉത്തരവാദിത്വമാകേണ്ടതല്ലേ?

**6. ശ്രദ്ധ തിരിക്കുന്ന അൽഗോരിതങ്ങൾ:** നമ്മുടെ ദിനത്തിന്റെ ഭൂരിഭാഗം സമയവും നമ്മുടെ കണ്ണുകൾ തേടുന്നത് നമ്മുടെ ചുറ്റുപാടുകളോ, അപരന്റെ മുഖമോ അല്ല, മറിച്ച് മൊബൈൽ ഫോണിന്റെ ദീർഘചതുരത്തിലുള്ള സ്ക്രീനാണ്. ഇന്റർനെറ്റും, യൂട്യൂബും, ഗൂഗിളും, ഫേസ്ബുക്കും, ഇൻസ്റ്റഗ്രാമും നമുക്ക് കാണിച്ചു തരുന്നത് നമ്മൾ കാണാൻ ആഗ്രഹിക്കുന്ന കാര്യങ്ങളാണ്. ഈ കമ്പനികളുടെ സോഫ്റ്റ്‌വെയറുകൾക്ക് നമ്മുടെ ഏറ്റവും അടുത്ത സുഹൃത്തിനോ അതോ, നമുക്ക് തന്നെയോ നമ്മളെക്കുറിച്ച് അറിയാവുന്നതിനേക്കാൾ നമ്മളെ അറിയാം എന്നാണ് പറയുന്നത്. ഇവയൊക്കെ ഇതുവരെയുള്ള നമ്മുടെ താത്പര്യമനുസരിച്ചുള്ള വിവരങ്ങളാണ് നമ്മുടെ മുമ്പിൽ വച്ചുനീട്ടുന്നത്. സമൂഹത്തിലിറങ്ങി കുറച്ചുപേരോട് എങ്കിലും സംസാരിക്കൂ. അവരിൽ ഭൂരിപക്ഷവും നൈജീരിയയിലെ കിരാത കൊലപാതകങ്ങളെക്കുറിച്ച് കേട്ടിട്ടേ ഉണ്ടാവില്ല. അറിയാത്തതിനെക്കുറിച്ചവരെങ്ങനെയാണ് വേദനിക്കുന്നത്? ആമസോൺ കാട്ടിലെ കുരങ്ങന്മാരുടെ ജീവിത പ്രശ്നങ്ങളെക്കുറിച്ച് അവർ അറിഞ്ഞെങ്കിലും ആകാശ് ബഷീറിന്റെ ജീവിതവും, സിറിയയിലെയും നൈജീരിയയിലെയും നരഹത്യകളും ആരും അറിഞ്ഞിട്ടില്ല!

ഇത് നൈജീരിയയുടെ കാര്യം മാത്രമല്ല എന്നോർത്തോളൂ. ഓരോ മാസവും അമ്പതിലധികം ആക്രമണങ്ങൾ ക്രൈസ്തവ വിശ്വാസികൾക്ക് നേരെ ഉണ്ടാകുന്നു എന്ന് ചൂണ്ടിക്കാട്ടി നമ്മുടെ രാജ്യത്തെ സുപ്രീം കോടതിയിൽ കേസ് എത്തിയിട്ടുണ്ട്.

*വാൽക്കഷണം: ഭാരത/കേരള സഭയ്ക്ക്/ ക്രൈസ്തവർക്ക് ഒരു 'നൈജീരിയ ഐക്യദാർഢ്യ വാരാചരണം' നടത്താനാകുമോ? അർഥരഹിതമായ കുറേ വായ്ത്താരികൾ ഉണ്ടായേക്കാമെങ്കിലും കുറച്ചുകൂടി അവബോധവും സഹോദര്യവും വളരാനിടയാക്കില്ലേ?*







ടിജോ ആന്റണി, കട്ടപ്പന

# പിന്നീടുള്ള ജീവിതം

പ്ലസ്ടു കഴിഞ്ഞു, ഇനി എന്താണ് പഠിക്കേണ്ടതെന്നറിയില്ല. പറഞ്ഞുതരാൻ ആരുമില്ല താനും. വീട്ടിലാണേൽ ഡിഗ്രി പഠിപ്പിക്കാനുള്ള പൈസയൊന്നും ഉണ്ടായിരുന്നില്ല. പിന്നെ കാശുമുടക്കി പഠിപ്പിച്ചാൽ അത്രയ്ക്ക് വിജയത്തിലെത്താനുള്ള കഴിവൊന്നും എനിക്കില്ലന്ന് വീട്ടുകാർക്ക് നന്നായിട്ടറിയാമായിരുന്നു.

അങ്ങനെയിരിക്കവേ, പഞ്ചായത്തിന്റെ വക കുളിമുറി പുതുക്കി പണിയാൻ വീട്ടിൽ വന്ന ചേട്ടൻവഴി കാഞ്ഞിരപ്പള്ളിയിലെ ഒരു പ്രൈവറ്റ് ഐ.ടി.ഐ.യെപ്പറ്റി അറിയാനിടയായി. പിന്നെ ഒന്നും നോക്കിയില്ല രണ്ടും കൽപിച്ച് 2 വർഷത്തേക്ക് കട്ടപ്പനയോടു ടാറ്റാ പറഞ്ഞ് അങ്ങോട്ടേക്ക് പോയി. തുടക്കത്തിലൊക്കെ പിള്ളേരെപ്പോലെ കരച്ചിലും പിഴിച്ചിലുമായിരുന്നു; പിന്നെ പൊരുത്തപ്പെട്ടു. കൂട്ടുകാര് ഇല്ലാത്തതുകൊണ്ട് ഫ്രീ ആയിട്ടിരിക്കുമ്പോൾ പഠിക്കാനും പ്രാർഥന ചൊല്ലാനും സമയം കണ്ടെത്തി. അതേതായാലും ഉപകാരപ്പെട്ടു, പഠനം തീർത്തു ഇറങ്ങി പോരുമ്പോ ഈശോ ഒറ്റ സപ്ലി പോലും പെൻഡിങ് തന്നില്ല.

പിന്നെ, ജോലി ഒന്നും സെറ്റാവാതെ അങ്ങനെ കുറച്ചു നാളുകൾ കടന്നുപോയി. ഇലക്ട്രീഷ്യൻ കോഴ്സ് പഠിച്ചതുകൊണ്ട് ആ ജോലി ഒത്തിരിയുണ്ട്. പക്ഷേ, വല്ലാണ്ട് കഷ്ടപ്പാട് തോന്നിച്ചു. കുറേ സ്ഥലങ്ങളിൽ ജോലി നോക്കി. അവിടൊന്നും സ്ഥിരമായി നിൽക്കാൻ പറ്റിയില്ല. പിന്നെ ഒരു ഫ്രണ്ടിന്റെ കാപ്പിപ്പൊടി മില്ലിൽ ജോലി ചെയ്തു. 2019 ഒക്ടോബർ മാസത്തിൽ 'വെൽസ്പ്രിങ്' എന്ന പ്രോഗ്രാം വഴിയാണ് ഞാൻ ജീസസ് യൂത്തിലേയ്ക്ക് വരുന്നത്. അതെനിക്ക് ഏറെ ഗുണം ചെയ്തു. പ്രോഗ്രാം കഴിഞ്ഞ് ഒരു നല്ല ദൈവാനുഭവത്തിലൂടെ ഞാൻ കടന്നു പോയി. ദൈവസ്നേഹം അനുഭവിച്ചറിഞ്ഞതിനു ശേഷം പിന്നീടുള്ള ജീവിതം ഈശോയ്ക്കു വേണ്ടിയും ഈശോയെപ്രതി അടിപൊളിയായി ഓടിനടക്കുന്നതുമായ ഒരുപറ്റം യൂത്തിനെ അവിടെ കണ്ടു. എനിക്കും അതുപോലെ സന്തോഷിക്കണമെന്ന ചിന്ത ഉള്ളിലെവിടെയോ മിന്നിമറഞ്ഞു.

പിന്നെ അവരുടെ കൂടെയായി നടപ്പ്. ഓരോ ദിവസം കഴിയുമ്പോഴും ഈശോയെ പങ്കുവയ്ക്കാനുള്ള സന്തോഷം വർധിച്ചു വന്നു. കിട്ടിയ ബോധ്യമനുസരിച്ചു വല്ലപ്പോഴും പള്ളിയിൽ പൊയ്ക്കൊണ്ടിരുന്ന ഞാൻ എന്നും പള്ളിയിൽ പോകാൻ തുടങ്ങി. ജോലി അപ്പോഴും തൃപ്തികരമല്ലായിരുന്നു. ഇടയ്ക്ക് ഈശോയോടു ചോദിക്കും എത്രയോപേര് നല്ല എസി മുറികളിൽ ജോലി ചെയ്യുന്നു. എനിക്കെന്താ ഇങ്ങനെയെന്ന്. അതിനുള്ള അർഹതയില്ലെന്ന യാഥാർഥ്യം പതിയെ മനസ്സിനോട് പറഞ്ഞ് ആശ്വസിക്കും. അങ്ങനെയിരിക്കെ, ഒരുദിവസം രാവിലത്തെ കുർബാനയ്ക്കുശേഷം എന്നും കാണാറുള്ള ജോസേട്ടൻ മുന്നിലേക്ക് വന്നു. എപ്പോഴും ചിരിയാണ് പുള്ളീടെ മുഖത്ത്. ഒട്ടും മടിച്ചില്ല, പതിവുള്ള ചിരി ഞാനും ചിരിച്ചു. ഒറ്റ ചോദ്യം, എന്താ നിന്റെ ഇപ്പോഴത്തെ പരിപാടി? ചിരിക്കണ്ടായിരുന്നു എന്ന് തോന്നിപ്പോയി. ഒരു മില്ലിലാണെന്ന് ഞാൻ പറഞ്ഞു. ഒരു ബാങ്കിൽ താത്കാലിക പോസ്റ്റുണ്ട്, നിനക്ക് താത്പര്യം ഉണ്ടോ. ആ ചോദ്യം കേട്ട് ഞാൻ കണ്ണുതള്ളി നിന്നുപോയി. അർഹതയില്ലാതിരുന്നിട്ടും ഇങ്ങനെയൊരു ജോലി കൊണ്ടുവന്നു നൽകുന്ന ദൈവത്തിന്റെ സ്നേഹം ഞാനപ്പോൾ കണ്ടു. അങ്ങനെയിരിക്കെ ദാ വരുന്നു പുതിയൊരു സാധനം. കൊറോണയെന്നോ മറ്റോ ആണ് പേര്. ഒത്തിരി പേരെ അതങ്ങു ബാധിച്ചു. ജോലി ഇല്ലാണ്ട് വീട്ടിൽ ഇരിക്കണ ഒത്തിരിപ്പേരുടെ വിഷമം കേൾക്കാനിടയായി. അപ്പോഴും എന്നെ ചേർത്തുപിടിക്കുന്ന അപ്പന്റെ സ്നേഹം വല്ലാണ്ട് അനുഭപ്പെടുന്നുണ്ടായിരുന്നു. ബാങ്കിൽ ആയതുകൊണ്ട് ജോലിക്ക് ഒരു തടസ്സവും ഉണ്ടായില്ല.




**കഴിവുകളുള്ള ആളുകളാണ് ഈ സ്ഥാനങ്ങളിൽ വരുന്ന തെന്നാണ് ഞാൻ ചിന്തിച്ചി രുന്നത്. എന്നെയും വിളിച്ച പ്പോൾ, ദൈവത്തിന്റെ തെരഞ്ഞെടുപ്പ് അങ്ങനെയ ല്ലായെന്നു മനസ്സിലായി.**

ജീസസ് യൂത്ത് കട്ടപ്പന സോണിന്റെ തെരഞ്ഞെടുപ്പിലൂടെ ഞാനും നേതൃത്വത്തിലേക്ക് വരുകയും അങ്ങനെ കട്ടപ്പനയ്ക്കായി ഓടാനുള്ള അവസരവും കിട്ടി. കഴിവുകളുള്ള ആളുകളാണ് ഈ സ്ഥാനങ്ങളിൽ വരുന്നതെന്നാണ് ഞാൻ ചിന്തിച്ചിരുന്നത്. എന്നെയും വിളിച്ചപ്പോൾ, ദൈവത്തിന്റെ തെരഞ്ഞെടുപ്പ് അങ്ങനെയല്ലായെന്നു മനസ്സിലായി. സന്തോഷത്തോടെ ഞാനെന്നെത്തന്നെ പൂർണമായി ദൈവസന്നിധിയിൽ സമർപ്പിക്കുകയായിരുന്നു. ഇതിലൂടെ ഒത്തിരി നല്ല എക്സ്പീരിയൻസ് തമ്പുരാൻ നൽകി. പലവിധ വ്യഗ്രതകളിൽപെട്ട് ഇടയ്ക്കെവിടെയോ റൂട്ട് മാറിപ്പോയ എന്നെ തിരിച്ചു ട്രാക്കിലേയ്ക്ക് നയിക്കാനും പലരിലൂടെയും മോട്ടിവേഷൻ നൽകി മുന്നോട്ട് ഓടാനും പ്രേരിപ്പിച്ചു.

അങ്ങനെയിരിക്കെ രണ്ടാമതും കോവിഡ് പിടിപെട്ടു. ഒറ്റപ്പെടലൊ വേദനയോ ഒന്നുമില്ലായിരുന്നു. എന്റെ ദൈവത്തെ, എന്റെ സ്വർഗീയ പിതാവിനെ സ്നേഹിക്കാൻ അവിടത്തെ സ്നേഹത്തിൽ ആഴപ്പെടാനുള്ള ദിനങ്ങളായിരുന്നു കോവിഡ് നാളുകൾ. ഞാൻ തിരക്കിൽപെട്ട് നട്ടംതിരിയാതിരിക്കാനും പ്രാർഥനയിൽ ദൈവത്തോട് ഒപ്പമായിരിക്കാനും പിന്നെ ഞാനനുഭവിച്ച ദൈവസ്നേഹം മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനും എന്നെ ഒരുക്കുന്ന ദിനങ്ങളും കൂടിയായിരുന്നു കോവിഡിന്റെ ക്വാറന്റൈൻ ദിനങ്ങൾ.






ജോബി ബേബി, നഴ്സ്, കുവൈറ്റ്

# മതപീഡനത്തിന്റെ കാണാപ്പുറം

ലോകത്ത് ദിവസം 8 ക്രൈസ്തവരെങ്കിലും വിശ്വാസത്തിന്റെ പേരിൽ കൊല്ലപ്പെടുന്നുവെന്നാണ് 2020-ലെ കണക്ക്. ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ ദിവസം 23 പേരെങ്കിലും മാനഭംഗത്തിനോ ലൈംഗിക അതിക്രമത്തിനോ ഇരയാവുകയും ചെയ്യുന്നു. ഓരോ ആഴ്ചയിലും 182 ക്രൈസ്തവ ആരാധനാലയങ്ങളോ സ്ഥാപനങ്ങളോ തകർക്കപ്പെടുന്നു. 102 വീടുകളോ സ്ഥാപനങ്ങളോ ആഴ്ചതോറും നശിപ്പിക്കപ്പെടുന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ മാസംതോറും അന്യായമായി ജയിലിലടയ്ക്കപ്പെടുന്നത് 309 പേരാണ്. വേൾഡ് വാച്ച് ലിസ്റ്റിന്റെ (World Watch List) ഗവേഷണത്തിലാണ് ഈ കണ്ടെത്തൽ. ലോകത്ത് ഇത്രമാത്രം പീഡനം സഹിക്കുന്ന മറ്റൊരു മതവുമില്ല.

താൻ വിശ്വസിക്കുന്ന ജീവിത മൂല്യങ്ങൾക്കുവേണ്ടി ജീവൻതന്നെ ബലികഴിക്കുന്നവരെയാണു നാം രക്തസാക്ഷികൾ എന്നു വിളിക്കുന്നത്. രക്തസാക്ഷികൾ രണ്ടു തരമുണ്ടെന്നാണ് പൊതുവിൽ കരുതപ്പെടുന്നത്. തങ്ങളുടെ വിശ്വാസത്തിനുവേണ്ടി അക്ഷരാർഥത്തിൽ ജീവൻ തന്നെ ത്യജിച്ച ചുവന്ന രക്തസാക്ഷികളും കൊല്ലപ്പെട്ടിട്ടില്ലെങ്കിലും വിശ്വാസത്തിനുവേണ്ടി പലവിധ പീഡകൾ സഹിക്കുന്ന ശുഭ്ര രക്തസാക്ഷികളും. രക്തസാക്ഷികളുടെ കാര്യത്തിലെന്ന പോലെ മതപീഡനത്തിന്റെ കാര്യത്തിലും രണ്ടു വ്യത്യസ്ത രീതികൾ അവലംബിക്കാറുണ്ട്. ഒന്ന്: രക്തരൂക്ഷിത പീഡനങ്ങൾ, മറ്റൊന്ന്: രക്തരൂക്ഷിതമല്ലാത്ത മൃദുമതപീഡനങ്ങൾ.

ഭാരതസഭയുടെ സമീപകാല ചരിത്രം പരിശോധിച്ചാൽ പോലും ഈ രണ്ടു തരത്തിലുമുള്ള പീഡനങ്ങൾ നമുക്ക് കാണുവാൻ കഴിയും. ഒറീസയിൽ ഗ്രഹാം സ്റ്റെയിൻസിനെയും മക്കളെയും ചുട്ടെരിച്ചതുമുതൽ, വിശ്വാസത്തിനു വേണ്ടി ജീവത്യാഗം ചെയ്ത സി. റാണി മരിയയും വിവിധ മിഷൻ പ്രദേശങ്ങളിൽ കൊല്ലപ്പെട്ട നിരവധി ആളുകളും ഈ കാലഘട്ടത്തിൽ ക്രൈസ്തവവിശ്വാസത്തിനു വേണ്ടി രക്തസാക്ഷികളായിട്ടുണ്ട്. അതുപോലെ തന്നെ കാണ്ടമാലിലും ഛത്തീസ്ഗഢിലും മധ്യപ്രദേശിലും മംഗലാപുരത്തുമൊക്കെ വലിയ



സംയമനവും സഹനവും ക്രിസ്ത്യാനിയുടെ മുഖമുദ്രയും ജീവിതശൈലിയുമായതുകൊണ്ടാണോ അവരനുഭവിക്കുന്ന മതപീഡനങ്ങൾക്കും അക്രമങ്ങൾക്കും അറുതിവരാത്തത്? വെട്ടിമുറിക്കുന്തോറും വീണ്ടും തളിരിട്ട് പൂക്കുന്ന വൻമരമാണിതെന്ന് ലോകമറിയുന്നില്ല.



രീതിയിൽ ക്രൈസ്തവർക്കെതിരെ ലഹളകൾ തന്നെ സംഘടിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഈ അടുത്ത കാലത്താ യി ഇത്തരം രക്തരൂക്ഷിത പീഡനങ്ങൾ കുറഞ്ഞിട്ടുണ്ട് എന്ന കാര്യവും അംഗീകരിക്കാതെ വയ്യ. പക്ഷേ, രക്ത രൂക്ഷിത പീഡനങ്ങൾ കുറഞ്ഞു എന്നതുകൊണ്ട് മാത്രം ക്രൈസ്തവർ ഇപ്പോൾ സുരക്ഷിതരാണ് എന്നർഥമുണ്ടോ? ഇല്ല എന്നാണു കണക്കുകൾ സൂചിപ്പിക്കുന്നത്.

ക്രൈസ്തവപീഡനം സംബന്ധിച്ച് ആഗോളതലത്തിൽ നടത്തിയ പഠനങ്ങൾ നൽകുന്ന വിവരങ്ങൾ ആശങ്കയും അരക്ഷിതബോധവും ഉളവാക്കുന്നതാണ്. 2018-2019 കാലഘ ട്ടത്തിൽ ഏറ്റവും കൂടുതൽ ക്രൈസ്തവപീഡനം നടന്നതും ക്രൈസ്തവ വിശ്വാസം പിന്തുടരുന്നതിന് ഏറ്റവും ബുദ്ധി മുട്ട് അനുഭവിക്കുന്നതുമായ 10 രാജ്യങ്ങളിൽ ഒട്ടുമിക്കതും മുസ്ലിം ഭൂരിപക്ഷരാജ്യങ്ങളാണ്; അതിലൊന്ന് ഇന്ത്യയും. ഇന്ത്യനാകുന്നതിന് ഹിന്ദുവാകണമെന്നുള്ള മുറവിളി ഹിന്ദു ദേശീയവാദികൾ ഉയർത്തുന്നു. ക്രിസ്ത്യാനികളുടേത് വൈദേശികവിശ്വാസമാണെന്ന് അവർ ആരോപിക്കുന്നു. പല കാര്യങ്ങളിലും ക്രിസ്ത്യാനികൾക്ക് ഇന്ത്യയിൽ വിവേചനം നേരിടേണ്ടിവരുന്നു.

അടുത്തകാലത്ത് ഇന്ത്യയിൽ മത ദേശീയവാദം ശക്തിപ്പെടു കയും മത പീഡനങ്ങൾ വർധിക്കുകയും ചെയ്യുന്നതായി കാണുന്നു. 2016-ൽ 358-ഉം 2017-ൽ 736-ഉം ആക്രമണങ്ങൾ മത തീവ്രവാദികളിൽനിന്ന് ക്രൈസ്തവർക്കു നേരിടേണ്ടി വന്നിട്ടുണ്ട്. 2018-ൽ 447-ഉം 2019-ൽ 527-ഉം 2020-ന്റെ ആദ്യ പകുതിയിൽ 428-ഉം ക്രൈസ്തവ പീഡനങ്ങൾ ഇന്ത്യയിൽ നടന്നതായി രേഖപ്പെടുത്തപ്പെട്ടു. ഈ കാലയളവിൽ നിരവധി പള്ളികൾ മതതീവ്രവാദ സമ്മർദം മൂലം അടച്ചുപൂട്ടപ്പെടുക യും ചെയ്തു. മത തീവ്രവാദികൾ നടത്തുന്ന ആക്രമണ ങ്ങൾക്കെതിരേ പോലീസ് നടപടി സ്വീകരിക്കാത്തത് ക്രൈസ്തവ പീഡനത്തിനു തീവ്രവാദികളെ പ്രോത്സാഹിപ്പി ക്കുന്നെന്നും ആരോപണമുണ്ട്. മത തീവ്രവാദികളുടെ തേരോട്ടം ഒഡീഷയിലെ കന്ധമാലിൽ കണ്ടതാണ്. ക്രൂരമായ ആ ആക്രമണത്തിൽ 400-ഓളം പള്ളികൾ നശിപ്പിക്കപ്പെട്ടു; 5600-ലധികം വീടുകൾ കൊള്ളയടിക്കപ്പെടുകയോ അഗ്നി ക്കിരയാക്കപ്പെടുകയോ ചെയ്തു. 600 ഗ്രാമങ്ങൾ കൊള്ള യടിക്കപ്പെട്ടു, 60000-ലധികം ആളുകൾ ഭവനരഹിതരായി. അനേകം സ്ത്രീകൾ ലൈംഗികാതിക്രമത്തിനു വിധേയരാ ക്കപ്പെട്ടു; 100-ഓളം പേർ കൊല്ലപ്പെട്ടു. ഇത്തരം ആക്രമണ ങ്ങൾക്കപ്പുറം ക്രിസ്തുവിനെ പിന്തുടരുന്നവരും പ്രഘോ ഷിക്കുന്നവരും എന്ന രീതിയിൽ ക്രിസ്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങളും ഏറെയാണ്. രക്തരൂക്ഷിത അക്രമ ങ്ങളേക്കാൾ ആസൂത്രിതമായ സമ്മർദതന്ത്രങ്ങളാണ് ഇന്നു ഇന്ത്യയിൽ ക്രിസ്ത്യാനികൾക്കെതിരെ വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായിക്കൊണ്ടിരിക്കുന്ന പീഡനമുറകൾ.

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന, ലോകം പ്രശംസി ക്കുന്ന മതേതരത്വം ഇന്ത്യക്കു നഷ്ടപ്പെടുമോ? ലോകത്തിനു

തന്നെ പ്രചോദനമായിട്ടുള്ള ഇന്ത്യയുടെ ധാർമിക ആത്മീയ ദർശനം പുറന്തള്ളപ്പെടുമോ? എന്നീ ചോദ്യങ്ങൾ നമുക്കു മുന്നിലുണ്ട്. ഇന്ത്യൻ മതേതരത്വം മതസ്വാതന്ത്ര്യമാണ്. ഒരാൾക്കു തന്റെ മനഃസാക്ഷിയനുസരിച്ച് ഇഷ്ടപ്പെട്ട മതം തെരഞ്ഞെടുക്കാനും ജീവിക്കാനും പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുണ്ടെന്ന് ഇന്ത്യൻ ഭരണഘടന അംഗീകരിച്ചിട്ടുള്ളതാണ്. മതവിശ്വാസത്തിന്റെ പേരിൽ മുൻഗണനയോ അവഗണനയോ ഒരു ഇന്ത്യൻ പൗരൻ അനുഭവിക്കാൻ പാടില്ലെന്നുള്ള ചിന്തയാണു ഭരണഘടനാ ശിൽപികൾക്ക് ഉണ്ടായിരുന്നത്. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മഹത്തായ ആദർശത്തിന്റെ സുന്ദരമായ ആവിഷ്കാരം ഇന്ത്യൻ ഭരണഘടനയെ ലോകോത്തരമാക്കി. ഇതിനുമേൽ കരിനിഴൽ വീഴുകയാണോ എന്നു ഭയപ്പെടുന്നു.

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ജീവിതം ദുസഹമാക്കുന്ന നിയമനിർമാണങ്ങളും വിധി പ്രസ്താവനകളും മാധ്യമ വിചാരണകളുമൊക്കെ നിത്യേന എന്നവണ്ണം നിർബാധം തുടരുകയാണ്. നമ്മുടെ കുടുംബങ്ങളുടെ കെട്ടുറപ്പും ധാർമികതയും തകർക്കുക എന്ന ഉദ്ദേശത്തോടെയുള്ള പല പ്രശ്നങ്ങളും നമുക്ക് നേരിടേണ്ടി വരുന്നുണ്ട്. വിവാഹത്തിലും പ്രണയത്തിലുമൊക്കെ ലിബറൽ ചിന്താഗതികൾ വളർത്തിക്കൊണ്ടുവരുന്നതും ഇതിന്റെയൊക്കെ ഭാഗമാണെന്നാണു പല കേസുകളും പഠിക്കുമ്പോൾ വ്യക്തമാകുന്നത്. പലരുടെയും അനുഭവങ്ങളും നമ്മുടെ ചുറ്റും കാണുന്നുണ്ടെങ്കിലും നാം അംഗീകരിക്കാനും ചർച്ചചെയ്യാനും ബുദ്ധിമുട്ടുന്ന 'ലവ് ജിഹാദ്' 'നാർകോട്ടിക് ജിഹാദ്' കേസുകൾ മുതൽ കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്ന സ്വവർഗ വിവാഹം, ദയാവധം, ഭ്രൂണഹത്യ എന്നിങ്ങനെ വ്യക്തി സ്വാതന്ത്രം എന്ന പേരിൽ കൊട്ടിഘോഷിക്കപ്പെടുന്ന പലതും അർഥവത്തായ ക്രൈസ്തവ ജീവിതം ദുഷ്കരമാക്കുന്നുണ്ട്.

**ഒറീസയിൽ ഗ്രഹാം സ്റ്റെയിൻസിനെയും മക്കളെയും ചുട്ടെരിച്ചതു മുതൽ, വിശ്വാസത്തിനു വേണ്ടി ജീവത്യാഗം ചെയ്ത സി. റാണിമരിയയും വിവിധ മിഷൻ പ്രദേശങ്ങളിൽ കൊല്ലപ്പെട്ട നിരവധി ആളുകളും ഈ കാലഘട്ടത്തിൽ ക്രൈസ്തവ വിശ്വാസത്തിനു വേണ്ടി രക്തസാക്ഷികളായിട്ടുണ്ട്.**


രക്തം ചൊരിയപ്പെട്ട് ക്രിസ്തുവിനു സാക്ഷികളാകുന്നവർ മാത്രമല്ല രക്തസാക്ഷികൾ എന്നു തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ശാരീരികമായി പീഡിപ്പിക്കുന്നവ മാത്രമല്ല മത പീഡനങ്ങളുടെ കണക്കിൽ പെടുത്തേണ്ടത്. ഇന്ത്യയിലെ മത പീഡനങ്ങളുടെ യഥാർഥ ലക്ഷ്യങ്ങൾ രാഷ്ട്രീയമായും സാമ്പത്തികമായും സാമൂഹികമായും ഉള്ള മുതലെടുപ്പുകളാണ്. ഒരുപക്ഷേ, രക്തരൂഷിതമായ പീഡനങ്ങളോട് സഹിഷ്ണുത പുലർത്തുന്ന ക്രിസ്ത്യാനികൾക്കെതിരെ അത്തരം ആക്രമണങ്ങൾകൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കില്ല എന്നു മനസ്സിലാക്കിയതിനാലാവണം അവർ പീഡനത്തിന്റെ ശൈലി മാറ്റിയത്. വ്യാപകമായിക്കൊണ്ടിരിക്കുന്ന മൃദുമത പീഡനത്തെ മനസ്സിലാക്കുകയും അതിനെ വെളിച്ചത്തിൽ കൊണ്ടുവരുകയും ക്രിസ്തീയമായ രീതിയിൽതന്നെ അതിനെ നേരിടുകയും ചെയ്യേണ്ടത് ആവശ്യമാണ്. ക്രിസ്ത്യൻ കൂട്ടായ്മകൾ ഈ വിപത്തിനെ എങ്ങനെ നേരിടും എന്നത് ഭാരതത്തിലെ അവരുടെ ഭാവിയെ സംബന്ധിച്ചിടത്തോളം നിർണായകമായിരിക്കും.

ഈ കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിലും ക്രിസ്തീയ പീഡനങ്ങൾക്ക് കുറവില്ലായെന്നത് വേദനിപ്പിക്കുന്ന യാഥാർഥ്യമാണ്. കഴിഞ്ഞ വർഷം 50 രാജ്യങ്ങളിലായി 30 കോടിയിലേറെ ക്രൈസ്തവരാണ് വിവിധതരത്തിലുള്ള പീഡനങ്ങൾക്കും അക്രമങ്ങൾക്കും ഇരയായത്. ഉത്തര കൊറിയയും നൈജീരിയയുമാണ് ക്രൈസ്തവപീഡനത്തിന്റെ ഇപ്പോൾ മുന്നിൽ നിൽക്കുന്ന രണ്ടു രാജ്യങ്ങൾ. ഉത്തര കൊറിയയിൽ ക്രിസ്തുവിശ്വാസത്തിന്റെ പേരിൽ അൻപതിനായിരത്തിലധികം ആളുകൾ ജയിലിൽ അടയ്ക്കപ്പെട്ടതായാണ് റിപ്പോർട്ടുകൾ. നൈജീരിയയിൽ കഴിഞ്ഞ വർഷം പീഡനത്തിൽ മാത്രം കൊല്ലപ്പെട്ടത് 3500 പേരാണ്. ഈ രാജ്യങ്ങൾ കൂടാതെ ലിബിയ, അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ചൈന, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലും ക്രൈസ്തവർ ക്രൂര പീഡനങ്ങൾക്ക് ഇരയാകാറുണ്ട്.

ലോകവ്യാപകമായി പീഡനങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ ഭാരതത്തിലെ മിഷണറിമാരുടെയും ദൈവജനങ്ങളുടെയും സ്ഥിതി ആശങ്ക ഉളവാക്കുന്നതാണ്. മുഖ്യധാര മാധ്യമങ്ങൾ ക്രൈസ്തവർക്കെതിരായി നടക്കുന്ന പീഡന വാർത്തകൾ റിപ്പോർട്ട് ചെയ്യാനും താത്പര്യപ്പെടുന്നില്ല. അതുകൊണ്ട് ഈ സംഭവങ്ങൾ പലപ്പോഴും പുറംലോകം അറിയാതെ പോകുന്നു. "അപ്പം തിന്നുന്നതുപോലെ അവർ എന്റെ ജനത്തെ തിന്നുകളയുന്നു" എന്ന സങ്കീർത്തന വാക്യം പോലെ ദൈവജനം സുവിശേഷ വിരോധികളുടെ പല്ലുകൾക്ക് ഇരയായി കൊണ്ടിരിക്കുകയാണ്. മരണം ഇന്ന് വാർത്തയല്ല; മറിച്ച് കേവലം സംഖ്യകൾ മാത്രമായി തീർന്നിരിക്കുന്നു. ഓരോ പീഡനങ്ങൾക്കും മരണങ്ങൾക്കുംശേഷം അനുകൂലവും പ്രതികൂലവുമായ വാർത്തകൾ പ്രചരിപ്പിക്കപ്പെടുന്നതിലൂടെ ഇരകൾക്ക് നീതി നിഷേധിക്കപ്പെടുന്നു. അറുക്കാനുള്ള ആടുകളെപ്പോലെ എണ്ണപ്പെട്ടിരിക്കുന്ന പീഡിതർക്കായി നമ്മുക്ക് ശബ്ദം ഉയർത്താൻ കഴിയട്ടെ.

---

*(According to World Watch List (WWL) 2021-Top 10 Countries Where Christians Face the Most Violence are North Korea, Afghanistan, Somalia, Libya, Pakistan, Eritrea, Sudan, Yemen, Iran, India. All over the world 4,761 Christians were killed for their faith, 4,488 Churches or Christian buildings were attacked, 4,277 Christians were unjustly arrested, detained or imprisoned, 1,710 Christians were abducted for faith-related reasons. On average, every day, 13 Christians are killed for their faith, 12 churches or Christians buildings are attacked, 12 Christians are unjustly arrested, detained or imprisoned, and 5 Christians are abducted for faith-related reasons).*




ക്യു & എ



ടിന്റു സോണി *കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്* | *tintusony@gmail.com*

# NOTE THE POINT



**Q** ചേച്ചി, എനിക്ക് 35 വയസ്സുണ്ട്. ഹൈസ്കൂളിൽ പഠിക്കുന്ന രണ്ടു കുട്ടികളുമുണ്ട്. ഭർത്താവ് ഒരു പ്രൈവറ്റ് ഓഫീസിൽ ജോലി ചെയ്യുന്നു. ഞങ്ങളുടെ ദാമ്പത്യജീവിതത്തിലെ ചില പ്രശ്നങ്ങളാണ് ഞാൻ പങ്കുവയ്ക്കുന്നത്. എനിക്കു ശാരീരികമായി പലപ്പോഴും ക്ഷീണമാണ് തോന്നുന്നത്. അതുകൊണ്ടുതന്നെ ശാരീരിക ബന്ധത്തിൽ ഏർപ്പെടാൻ പലപ്പോഴും എനിക്ക് കഴിയാതെ വരുന്നുണ്ട്. ഭർത്താവിന് ഇത് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന് മനസ്സിലായി. പലതവണ ആയപ്പോൾ ദേഷ്യവും വഴക്കുമൊക്കെയായി. ഞങ്ങളുടെ മറ്റു പല കാര്യങ്ങളും ഞങ്ങൾ സംസാരിക്കുമ്പോൾ മിക്കപ്പോഴും വഴക്കും പ്രശ്നങ്ങളുമാണ്. ശാരീരിക/ലൈംഗിക ബന്ധം പോലെയുള്ള ദാമ്പത്യജീവിതത്തിലെ പല കാര്യങ്ങളിലും ബുദ്ധിമുട്ടുകളുണ്ടായാൽ അതു മറ്റു പല പ്രശ്നങ്ങളിലേക്കും നീങ്ങുമെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. ഞങ്ങൾ ഒരുമിച്ചിരുന്ന് ഒന്നുരണ്ടു തവണ സംസാരിച്ചെങ്കിലും പ്രായോഗികമായി ഫലമൊന്നും ഉണ്ടായിട്ടില്ല.

ഞങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങൾക്ക് കാരണം ഇതാണെന്നാണ് ഞാൻ വിചാരിക്കുന്നത് പക്ഷേ, എനിക്ക് പൂർണമായും മനസ്സിലാക്കാനും പറ്റുന്നില്ല. ചേച്ചിക്ക് ഇതു കേട്ടിട്ട് എന്താണ് തോന്നുന്നത് ഞങ്ങളോട് എന്തെങ്കിലും പറഞ്ഞു തരാൻ തോന്നുന്നുണ്ടോ.?

A “ഈ ചായയ്ക്ക് മണമില്ല, മണമുണ്ടെങ്കിൽ രുചിയില്ല. രുചിയുണ്ടെങ്കിൽ കടുപ്പമില്ല... ഏതു ചായയിലുണ്ടീ മൂന്നു ഗുണവും?”

ഈ പരസ്യവാചകം ഓർമ കാണുമല്ലോ, അല്ലേ...!

വിവാഹം കഴിഞ്ഞ് വർഷങ്ങൾക്കുശേഷം അതിന്റെ മണവും രുചിയും കടുപ്പവുമൊക്കെ നഷ്ടപ്പെടുന്നുണ്ടോ? യഥാർഥ കാരണങ്ങൾ കണ്ടുപിടിച്ച് പരിഹരിച്ച് മുന്നോട്ടു പോകാൻ ദമ്പതികൾ രണ്ടു പേരും പരിശ്രമിക്കേണ്ടതുണ്ട്. കാരണം ഇതൊരു contract അല്ല, covenant ആണ്. Excuse me, Note the point: ഇതിന് പ്രയാസപ്പെടുന്നവർ ഒറ്റയ്ക്കോ ഒരുമിച്ചോ സഹായിക്കാൻ സാധിക്കുന്ന വിദഗ്ധരെ കണ്ടെത്തുക.

ദാമ്പത്യ ജീവിതത്തിന്റെ ഊഷ്മളത നിലനിറുത്തുന്നതിൽ ദമ്പതികൾ തമ്മിലുള്ള Sexual act ഏറ്റം പ്രധാനപ്പെട്ടതുതന്നെയാണ്. വിവാഹം എന്ന കൂദാശ പൂർണമാകുന്നതും ഓരോ തവണയും തങ്ങൾ സ്വീകരിച്ച ആ കൂദാശയുടെ പുതുക്കൽ കർമം സംഭവിക്കുകയും ചെയ്യുന്നത് ദമ്പതികളുടെ ശാരീരികമായ ഒന്നാകലിലൂടെയാണ്. എന്നെത്തന്നെ ഞാൻ സൗജന്യമായി, മുഴുവനായി, വിശ്വസ്തതയോടെ ഇതാ സമർപ്പിക്കുന്നു എന്ന വിളിച്ചു ചൊല്ലലാണത്. വി. തോമസ് അക്വിനാസ് പറയുന്നത് ദമ്പതികൾ തമ്മിലുള്ള ഈ Sexual embrace ആണ് ജീവിതത്തിൽ കരുത്തോടെ വളരാനും ജീവിതത്തിലേയ്ക്ക് വരുന്ന പ്രശ്നങ്ങളെ പരിഹരിക്കാനും വേണ്ട കൃപ അവർക്ക് കൊടുക്കുന്നത് എന്നാണ്.

**സ്വർഗത്തിന് പ്രിയങ്കരമായ ലയമാണ് ഭാര്യ ഭർത്താക്കന്മാരുടെ ലയം. അതിന്റെ ഹാർമണി നിലനിറുത്താൻ തടസ്സമായതിനെ ഒരുമിച്ച് കണ്ടെത്തി പരിഹരിക്കണം**

വല്ലാത്ത ക്ഷീണവും മടുപ്പും; മുന്നോട്ടു പോകാനുള്ള ഉന്മേഷമില്ലായ്മ ഇവയുടെ കാരണം ശാരീരികമായ വല്ല പ്രശ്നങ്ങളുമാണോയെന്ന് ആദ്യം പരിശോധിക്കണം. അതിനായി ഒരു ഡോക്ടറിന്റെ സഹായം തേടുക. എല്ലാ കാര്യത്തിലും ഇങ്ങനെ ആണോ അതോ ചില കാര്യങ്ങളിൽ മാത്രമാണോ എന്ന് പരിശോധിക്കുക. സ്ട്രെസ് കൂടുന്നത് ചിലപ്പോൾ ഒരു കാരണമാകാം. വീട്ടിലെയും ജോലി സ്ഥലത്തേയും തിരക്കുകൾ ബാലൻസ് ചെയ്യാനുള്ള പ്രയാസം, കുട്ടികളുടെ പഠിപ്പ്, അവരുടെ ഏതെങ്കിലും സ്വഭാവ വൈകല്യം, ഭാവിയെ കുറിച്ചുള്ള ആകുലത, വിഷാദം, ഉത്കണ്ഠ, ഏതെങ്കിലും തരത്തിലുള്ള അഡിക്ഷൻ അങ്ങനെ... ചില ഉദാഹരണങ്ങൾ പറഞ്ഞുവെന്നു മാത്രം.

രണ്ടു പേരുടെയും Active involvement ദാമ്പത്യ ജീവിതത്തിൽ ആവശ്യമായതുകൊണ്ട് ഒരുമിച്ച് വേണം നിങ്ങളുടെ ലയം ഉറപ്പാക്കേണ്ടത്. പലപ്പോഴും സ്നേഹം പ്രകടിപ്പിക്കുന്നതിലുള്ള പരാജയം ദാമ്പത്യ ബന്ധത്തെ തളർത്തുന്നുണ്ട്. പരസ്പരം സംസാരിക്കാനും ഇഷ്ടങ്ങൾ പങ്കു വയ്ക്കാനും (ശാരീരിക ബന്ധത്തിൽ ഉൾപ്പെടെ) ചെറുതും വലുതുമായ കാര്യങ്ങൾ ഒന്നിച്ച് ചെയ്യുകയും പരസ്പരം പ്രോത്സാഹിപ്പിക്കുകയും സ്നേഹ സന്ദേശങ്ങൾ കൈമാറുകയുമൊക്കെ ചെയ്യുന്നത് പരസ്പരമുള്ള സ്നേഹത്തിന്റെ ആക്കം കൂട്ടും.

ശാരീരിക ബന്ധത്തിൽ ഏർപ്പെടുക എന്നത് വെറുമൊരു ആഗ്രഹപൂർത്തീകരണമോ വികാരങ്ങളുടെ ശമനത്തിനായുള്ള ഉപാധിയോ അല്ല, മറിച്ച് ഭാര്യ ഭർത്താക്കന്മാരുടെ പരസ്പരം നൽകലും അവരിരുവരും രണ്ടല്ല ഒന്നാണെന്നുള്ളതിന്റെ പ്രകടനവും കൂടിയാണ്. ഇക്കാര്യത്തിൽ അതായത് ശാരീരിക/ലൈംഗികതയുടെ കാര്യത്തിൽ ഭാര്യയ്ക്കോ ഭർത്താവിനോ ഉള്ള ഇഷ്ടാനിഷ്ടങ്ങളും കുറവുകളും പോരായ്മകളും പരസ്പരം അറിയുകയെന്നത് വളരെ പ്രധാന കാര്യമാണ്. പങ്കാളി തന്നിൽ നിന്ന് എന്താവശ്യപ്പെടുന്നു എപ്പോൾ ആവശ്യപ്പെടുന്നു എന്ന കാര്യങ്ങൾ പറയാതെ തന്നെ അറിയാനാവുക എന്നത് അവർ തമ്മിലുള്ള സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അടയാളമാണ്.


ശാരീരിക/ലൈംഗികബന്ധത്തിൽ ആയിരിക്കുമ്പോൾ ഇരുവർക്കും ഇടയിൽ ഉണ്ടാവുന്ന സംസാരവും വാക്കുകളും സ്നേഹപ്രകടനങ്ങളും ഏറെ പ്രധാനപ്പെട്ടതാണെന്ന് പറയാതെ തന്നെ അറിയാമായിരിക്കുമല്ലോ. ഇത് തങ്ങൾക്കിടയിലെ അകൽച്ച ഇല്ലാതാക്കുകയും വീണ്ടും ഒന്നാകുന്നതിനുള്ള വഴി തുറക്കുകയും ചെയ്യുന്നുണ്ട്. ഒട്ടുമിക്ക പ്രശ്നങ്ങൾക്കുമുള്ള പരിഹാരവും പലവിധ മുറിവുണക്കലുകളും ഈയൊരു ഒന്നാകലിൽ ഉണ്ടാകുന്നുവെന്നത് തിരിച്ചറിയുകയും, വേണ്ടത്ര പ്രാധാന്യത്തോടെ ഇതിനെ കാണുകയും വേണം.  എന്നാൽ ഇത് മാത്രമാണ് എല്ലാത്തിനും പരിഹാരം എന്ന് ധരിക്കുകയും ചെയ്യരുത്.

കുട്ടികളുടെ കാര്യങ്ങളും വീട്ടിലെ മറ്റുത്തരവാദിത്വങ്ങളും പരസ്പരം പങ്കിട്ടെടുത്ത് ചെയ്യുക, കുട്ടികൾക്ക് ചെയ്യാവുന്ന കാര്യങ്ങൾ അവരെക്കൊണ്ട് ചെയ്യിപ്പിക്കുക, ദമ്പതികൾക്ക് മാത്രമായി എന്നും സംസാരിക്കാനുള്ള സാഹചര്യവും സമയവും കണ്ടെത്തുക, സ്ക്രീൻ ടൈം കുറയ്ക്കുന്നത് സമയം മാനേജ് ചെയ്യാൻ നമ്മെ സഹായിക്കും. ദമ്പതികൾ അവരവരുടേതായ ഒരു സ്പേസ് കണ്ടെത്തുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പുസ്തക വായന, സംഗീതം, ചെറു യാത്ര, ചെടി വളർത്തൽ അങ്ങനെ...

ചിലരിലെങ്കിലും കഴിഞ്ഞ കാലത്തെ ഏതെങ്കിലും ദുരനുഭവങ്ങൾ (പ്രത്യേകിച്ച് പങ്കാളിയുടെ ഭാഗത്തുനിന്നുണ്ടായവ) മൂലമുണ്ടായ വെറുപ്പ്, ആ ഓർമ, മറ്റു ചിലപ്പോൾ ബന്ധങ്ങളിൽ നിന്നുണ്ടായ ദുരനുഭവങ്ങൾ, പങ്കാളി തരാതിരുന്ന സാമീപ്യവും സഹകരണവും ഇതിലെല്ലാം ക്ഷമ കൊടുക്കാനോ സ്വീകരിക്കാനോ കഴിയാത്തത് ഒരു പ്രശ്നമായി തീരാറുണ്ട്. വിവാഹം കഴിച്ചപ്പോൾ മൂന്നുപേരുണ്ടായിരുന്നല്ലോ... ഇപ്പോഴും ആ നടുക്കു നിൽക്കുന്ന ക്രിസ്തുവിനോട് ഏറ്റുപറഞ്ഞ് ക്ഷമ കൊടുക്കുക, സ്വീകരിക്കുക. നിങ്ങൾക്ക് ആവശ്യമായ സമയം എടുത്ത് അത് ചെയ്യുക.

സ്വർഗത്തിന് പ്രിയങ്കരമായ ലയമാണ് ഭാര്യ ഭർത്താക്കന്മാരുടെ ലയം. അതിന്റെ ഹാർമണി നിലനിറുത്താൻ തടസ്സമായതിനെ ഒരുമിച്ച് കണ്ടെത്തി പരിഹരിച്ച് വർധിച്ച സ്നേഹത്തോടെ മുന്നോട്ടു പോകാൻ കഴിയട്ടെ.

"you were born together, and together you shall be forever ..."
*-Kahlil Gibran*



# വൈറൽ കോർണർ

അടുത്തിടെ ഇന്റർനെറ്റിൽ ജനശ്രദ്ധ നേടിയതും കൗതുകമുള്ളതുമായ വീഡിയോകൾ/പോസ്റ്റുകൾ എന്നിവ ഈ കോളത്തിൽ ശ്രീമതി എൽസീന ജോസഫ് പരിചയപ്പെടുത്തുന്നു. ലിങ്കുകളും ചേർത്തിട്ടുണ്ട്.

## അഭിനന്ദനങ്ങൾ




■ റോട്ടറി ക്ലബ് ഓഫ് ട്രിവാൻഡ്രം ഏർപ്പെടുത്തിയ മികച്ച സാമൂഹ്യ പ്രവർത്തകയ്ക്കുള്ള അവാർഡ് സി. മെറീന മാത്യുവിന് ലഭിച്ചു. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫൻ ബാധിതരായ കുട്ടികളെ വിവിധരീതിയിൽ സഹായിക്കുന്ന നവജീവന എന്ന സ്കൂളുമായി ട്ടാണ് സിസ്റ്റർ ഇപ്പോൾ പ്രവർത്തിക്കുന്നത്. സിസ്റ്റർ ജീസസ് യൂത്ത് മുൻ ഫുൾടൈമറാണ്.



■ 2022ലെ പ്രേഷിത മിത്ര അവാർഡ് അഡ്വ. റൈജു വർഗീസിന് ലഭിച്ചു. മരിയൻ ചാരിറ്റബിൾ ട്രസ്റ്റ് രാജാക്കാട് നൽകുന്ന ഈ അവാർഡ് സമൂഹത്തിൽ സഭയോട് ചേർന്നുനിന്ന ഏറ്റവും നല്ല പ്രേഷിത ശുശ്രൂഷകനാണ് സമ്മാനിക്കുക.

■ പുതുവീഞ്ഞു കണക്കെ പന്ത്രണ്ട്: നസ്റായനെയും അവന്റെ 12 കൂട്ടാളികളെയും ഇന്നത്തെ സാമൂഹ്യ പശ്ചാത്തലത്തിൽ കാര്യഗൗരവം ഒട്ടും കുറയാതെ കലാസാധ്യത മികച്ച സാധ്യതയാക്കി വെള്ളിത്തിരയിൽ അവതരിപ്പിച്ച സംവിധായകൻ ലിയോ തദ്ദേവൂസിനും സംഗീത സംവിധായകൻ അൽഫോൻസ് ജോസഫിനും കലാസംവിധായകൻ ജോസഫ് നെല്ലിക്കനും ഹൃദയം നിറഞ്ഞ കൈയടി. റിലീജിയസ് ചിത്രമായി ഒതുക്കപ്പെടാതെ സമൂഹം എന്ന വലിയ ക്യാൻവാസിൽ ചിത്രത്തെ അവതരിപ്പിക്കാൻ ടീം പന്ത്രണ്ടിനു കഴിഞ്ഞു. സിനിമയിലൂടെ ഇനിയും ക്രിസ്തുവും അവന്റെ സുവിശേഷങ്ങളും കൂടുതൽ പ്രഘോഷിക്കപ്പെടുന്ന നാളുകൾക്കായി കാത്തിരിക്കുന്നു.



എല്ലാവർക്കും ജീസസ് യൂത്ത് കുടുംബത്തിന്റെ അഭിനന്ദനങ്ങൾ



# സിസ്റ്റർമാർ തകർത്തു

പോയ ആഴ്ചയിൽ സോഷ്യൽ മീഡിയ ഏറ്റെടുത്ത യൂട്യൂബ് വീഡിയോ ഈ സിസ്റ്റേഴ്സിന്റെ ഡാൻസ് ആയിരുന്നു. ടിക്ടോക് അല്ല.. എന്ന് തുടങ്ങുന്ന പാട്ടിൽ പറഞ്ഞു വയ്ക്കുന്ന സന്ദേശം സോഷ്യൽ മീഡിയയിലും മറ്റു മീഡിയയിലും അഭിരമിക്കാതെ ഈശോയെയും അവന്റെ കാര്യങ്ങളെയും നോക്കി സ്വർഗം ലക്ഷ്യമാക്കാനുള്ള സന്ദേശമാണ്. കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന വരികളും താളവും ചേർന്ന നൃത്താവിഷ്കാരമാണ് ഈ വീഡിയോയിൽ ഉള്ളത്.


വീഡിയോ കാണാൻ:
www.youtube.com/watch?v=3_jO7MlCCvo

# ഷോർട് ഫിലിം 'അജപാലകൻ' ഹ്രസ്വം മനോഹരം

കോവിഡ് നൽകിയ മുഴുവൻ അനുകൂല്യങ്ങളും വിശ്വാസവഴിയിൽ പൊടിയിടാനുള്ള സാധ്യതയാക്കുന്ന യുവ തലമുറയോട് ഒരു അജപാലകൻ ഇടപെടുന്ന രീതിയാണ് ഈ ഹ്രസ്വ ചിത്രം. ചെറുതെങ്കിലും മനോഹരമായ സന്ദേശം പങ്കുവയ്ക്കുന്ന ചിത്രം.

വീഡിയോ കാണാൻ:
www.youtube.com/watch?v=YpKETgwxSRY



# ഇതാ ഇവിടൊരു മാതൃക

ഇരിങ്ങാലക്കുട രൂപതയിലെ മേലഡൂർ ഇടവകയിലെ നവദമ്പതികൾ തങ്ങളുടെ വിവാഹത്തോടനുബന്ധിച്ച് ചെയ്ത പുണ്യപ്രവൃത്തി വിവാഹാവസരത്തിൽ പങ്കുവച്ച് ഇടവക വികാരി ഫാ. ജോളി വടക്കൻ. സമൂഹത്തിനു പ്രചോദനമാകുക എന്ന നിലയിൽ അച്ചൻ നടത്തിയ വെളിപ്പെടുത്തൽ സോഷ്യൽ മീഡിയയിൽ ഇപ്പോൾ തരംഗമായ പ്രസംഗമായി മാറിയിരിക്കുന്നു.

വീഡിയോ കാണാൻ: https://youtu.be/jCbkDmKHGPs



# ന്യൂസ് ഹൈലൈറ്റ്സ്

കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായത് ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.




## മനുഷ്യജീവന്റെ മഹത്വം പ്രഘോഷിക്കാൻ ഇനി മാസാചരണം

മനുഷ്യജീവനു നൽകേണ്ട മഹത്വം ആഘോഷിക്കാൻ ഒരു മാസം തന്നെ ഓരോ വർഷവും മാറ്റിവയ്ക്കാൻ യു.എസ് സംസ്ഥാനമായ മിസിസിപ്പി തീരുമാനിച്ചു. ഗർഭച്ഛിദ്രത്തിന് നിയമ സാധ്യത നൽകിയ 1973-ലെ കുപ്രസിദ്ധമായ 'റോവേഴ്സസ് വേഡ്' വിധി യു.എസ് സുപ്രീം കോടതി തിരുത്തി ദിവസങ്ങൾ കഴിയുന്നതിനിടെയാണ് ഈ സുപ്രധാന തീരുമാനം ഗവർണർ ടേറ്റ് റീവ്സ് പ്രഖ്യാപിച്ചത്. ജീവനെതിരായ സമരത്തിൽ നിർണായക നേട്ടമാണ് അമേരിക്കയിൽ ഈയിടെയായി സംഭവിക്കുന്നത്. sundayshalom.com ൽ ഇതു വായിക്കാൻ കഴിയും.

## സ്വവർഗ വിവാഹങ്ങൾ നിയമമാക്കുന്നതിനെപ്പറ്റി

ഇന്ന് പല രാജ്യങ്ങളും സ്വവർഗ വിവാഹത്തിനു നിയമ സാധുത നൽകാൻ തുടങ്ങി. ബൈബിൾ ഇതിനെ വലിയ പാപമായിട്ടാണ് വിവക്ഷിക്കുന്നത്. എന്നാൽ, ഇന്ന് ചില മനഃശാസ്ത്രജ്ഞന്മാർ ഇതിനെ ജനിതക വൈകല്യമായി ചിത്രീകരിക്കുന്നു. ഇത്തരം പ്രവണതകളുള്ള ധാരാളം വ്യക്തികൾ ചികിത്സയിലൂടെയും കൗൺസിലിങ്ങിലൂടെയും ഇതിൽനിന്നും പിന്തിരിയുന്നുണ്ട്. മാറ്റിയെടുക്കാവുന്ന ഒരു വൈകല്യത്തെ സാധൂകരിക്കുന്ന നിയമങ്ങൾ ദൈവപ്രമാണങ്ങൾക്കെതിരാണ്. ഇതിന്റെ അനന്തരഫലങ്ങളെപ്പറ്റി ബത്‌ലഹേം ടിവിയിൽ ജോസഫ് പുതുപ്പള്ളി നൽകുന്ന സന്ദേശം കേൾക്കേണ്ടതാണ്. www.youtube.com/watch?v=RUwIoFvY_rU



## യുവജനങ്ങളും ജീവിത തീരുമാനങ്ങളും

യുവജനങ്ങൾ ജീവിതം പാഴാക്കാതെ ശരിയായ വഴിയിൽ മുന്നോട്ടു പോകണമെങ്കിൽ വളരെയധികം ജാഗ്രത പാലിക്കേണ്ടതുണ്ട്. അവർ ശ്രദ്ധിക്കേണ്ട നിരവധി കാര്യങ്ങളെപ്പറ്റി ചങ്ങനാശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ തോമസ് തറയിൽ നടത്തിയ പ്രഭാഷണം ഇന്നു വൈറലാണ്. യുവജനങ്ങൾ ഓരോ ചുവടു വയ്ക്കുമ്പോഴും ശ്രദ്ധിക്കേണ്ട വിഷയങ്ങളെപ്പറ്റി മികവാർന്ന ഈ പ്രസംഗം യുട്യൂബിൽ ലഭ്യമാണ്: www.youtube.com/watch?v=DIaKJA3Uiho



## രസകരമായ ഒരു ഫിലിം

ക്ലരീഷ്യൻ മ്യൂസിക് പ്രസന്റേഷൻ അവതരിപ്പിക്കുന്ന ‘പള്ളീലച്ചൻ’ എന്ന ഫിലിം സമകാലിക പ്രശ്നങ്ങളെ മനോഹരമായി അവതരിപ്പിക്കുന്ന ഒന്നാണ്. പ്രണയക്കുരുക്കും മയക്കു മരുന്നു വ്യാപാരവും യുവജനങ്ങളെ എങ്ങനെയൊക്കെ സ്വാധീനിക്കുന്നുവെന്നും അതിൽ നിന്നും വിടുതൽ നേടേണ്ടത് എങ്ങനെയെന്നും ഈ ചിത്രം നമ്മെ പഠിപ്പിക്കുന്നു. ഏകമകൻ ദൈവവിളി കിട്ടി സെമിനാരിയിലേക്കു പോകുമ്പോൾ മാതാപിതാക്കളോടു ചോദിക്കുന്ന ചോദ്യം പലരുടെയും നെഞ്ചിൽ തറയ്ക്കുന്നതാണ്. ലിങ്ക്: www.youtube.com/watch?v=Y-kyDB299uc

## കാണാമറയത്തെ പ്രണയ ചതികൾ

പ്രണയവുമായി ബന്ധപ്പെട്ട് ഇത്രമാത്രം കലുഷിതമായ ഒരു കാലഘട്ടം കേരളത്തിൽ ഇതിനു മുമ്പ് ഉണ്ടായിട്ടില്ല. സാധാരണ പ്രണയമായി ആരംഭിച്ച് ചതിയിലേക്കും മതംമാറ്റത്തിലേക്കും എത്തിപ്പെടുന്ന സംഭവങ്ങൾ നിരന്തരം ആവർത്തിക്കുമ്പോൾ ഇതിനു പിന്നിൽ പല നിഗൂഢതകളും കണ്ടെത്താൻ പറ്റും. ഈ വിഷയത്തെപ്പറ്റിയുള്ള സമഗ്രമായ ഒരു ലേഖനമാണ് കെ.സി.ബി.സി. ജാഗ്രത ന്യൂസ് ജൂൺ ലക്കത്തിൽ കൊടുത്തിരിക്കുന്നത്. ഇത്തരം ഗൗരവമേറിയ കാര്യങ്ങൾ മിക്കവരും അറിയുന്നില്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.




## സന്യസ്തർ നേരിടുന്ന അവഹേളനങ്ങൾ

മുൻപെന്നതിനേക്കാൾ സന്യസ്തർ പല തരത്തിലുള്ള അവഹേളനങ്ങൾക്കും നീതിനിഷേധത്തിനും പാത്രമായിക്കൊണ്ടിരിക്കുന്ന കാലമാണിത്. കേരളത്തിൽ നിന്നും നാല്പതിനായിരത്തിൽപരം കന്യാസ്ത്രീകൾ ഇന്നു സേവനനിരതരാണ്. അവരിലേറെയും കേരളത്തിൽ തന്നെയാണ് സേവനം ചെയ്യുന്നത്. സങ്കീർണമായ പ്രശ്നങ്ങളിലൂടെ കടന്നു പോകുമ്പോഴും ന്യായമായ കാര്യങ്ങൾക്കു പോലും ഭരണതലത്തിൽ നിന്ന് വേണ്ടത്ര പരിഹാരം ലഭിക്കുന്നില്ല. പ്രായാധിക്യമുള്ളവരെയും അനാഥരെയും തുടങ്ങി മാറാഗോരങ്ങൾ ബാധിച്ചവരെപ്പോലും നിസ്വാർഥമായി സേവിക്കുന്ന സന്യസ്തർ മാനിക്കപ്പെടുന്നില്ലെന്നു മാത്രമല്ല പലപ്പോഴും നീതിനിഷേധത്തിനും ഇടയാക്കപ്പെടുന്നു. അപൂർവം ചില വിമത വേഷങ്ങൾക്ക് അതീവ പ്രാധാന്യം മാധ്യമങ്ങൾ നൽകുന്നു. തങ്ങളനുഭവിക്കുന്ന ദുരനുഭവങ്ങളെപ്പറ്റി അഡ്വ. സി. ജോസിയ എസ്.ഡി. എഴുതിയ ലേഖനം ജൂൺ ലക്കം കെ.സി.ബി.സി. ജാഗ്രത ന്യൂസിൽ വായിക്കാം.


## 2009–ൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പ്രസക്തി

പതിമൂന്ന് വർഷങ്ങൾക്കു മുമ്പ് 2009-ൽ കെ.സി.ബി.സി. ഐക്യ ജാഗ്രത കമ്മീഷന്റെ ന്യൂസ് ബുള്ളറ്റിനിൽ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ എം.എസ്.ടി. എഴുതിയ ലേഖനം വായിക്കുമ്പോൾ അത് എത്രമാത്രം യാഥാർഥ്യ ബോധത്തോടെയാണ് എഴുതിയതെന്ന് അതിശയം തോന്നുന്നു. പ്രണയ മത തീവ്രവാദം: മാതാപിതാക്കൾ ജാഗരൂകരാകണം എന്നാണ് ആ ലേഖനത്തിന്റെ തലക്കെട്ട്. 2009 വരെ ബെംഗളൂരു, മംഗലാപുരം തുടങ്ങിയ സ്ഥലങ്ങളിൽ നഴ്സിങ്ങിനും മറ്റും പഠിക്കാൻ പോയ 4000-ഓളം പെൺകുട്ടികളെ ജിഹാദികൾ മതംമാറ്റിയെന്നാണ് ലേഖനത്തിൽ പ്രതിപാദിക്കുന്നത്. വളരെ ആസൂത്രിതമായി നടത്തുന്ന ഇത്തരം നടപടികളെപ്പറ്റി വേണ്ടത്ര ജാഗ്രത പുലർത്താൻ മാതാപിതാക്കൾക്കും പെൺകുട്ടികൾക്കും കഴിഞ്ഞിട്ടില്ലായെന്നത് ഇന്നും അഴിയാക്കുരുക്കായി കിടക്കുന്നു. ഈ ലേഖനം ജൂൺ മാസത്തെ കെ.സി.ബി.സി. ജാഗ്രത ന്യൂസിൽ പുനഃപ്രസിദ്ധീകരണം നടത്തിയിട്ടുണ്ട്.

## ‘ഒരു വൈദികൻ രാത്രിയിൽ ചെയ്തത്’

ഈയിടെ സമൂഹ മാധ്യമങ്ങളിൽ വൈറലാണ് ‘ഒരു വൈദികൻ രാത്രിയിൽ ചെയ്തത്’ എന്ന പേരിൽ ഇറങ്ങിയ വീഡിയോ. ആകാംക്ഷയുണർത്തുന്ന ടൈറ്റിലാണെങ്കിലും വീഡിയോ കണ്ടു കഴിയുമ്പോൾ കണ്ണുകളിൽ നനവുണ്ടാകും. വൈദികരോട് ആദരവ് വർധിക്കും. ഇത്തരം വീഡിയോകൾ ഇനിയും ഉണ്ടാകട്ടെ.

# ജീസസ് യൂത്ത് വിചിന്തനം




***ഭയപ്പെടേണ്ട, ഞാൻ നിന്നെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്***

*(ഏശയ്യാ 43, 1)*

നമുക്ക് രൂപം നൽകുകയും സൃഷ്ടിക്കുകയും ചെയ്ത സൃഷ്ടാവ് തന്നെ നമ്മെ വ്യക്തിപരമായി പേര് ചൊല്ലി വിളിച്ചിരിക്കുന്നു. നമ്മുടെ കഴിവുകളും കുറവുകളും നന്നായി അറിയുന്ന കർത്താവു തന്നെ നാം അവിടത്തെ സ്വന്തമാണെന്നു പ്രഖ്യാപിച്ചിരിക്കുന്നു. ബൈബിളിലും വചന പ്രസംഗങ്ങളിലും നാം ഇത് അനേകം തവണ കേട്ടിട്ടുണ്ടെങ്കിലും, നമ്മുടെ മനസ്സിൽ സംശയവും ഭയവും പടർന്നു കയറുന്ന സമയങ്ങളില്ലേ? 'ഭയപ്പെടേണ്ട' എന്ന വാക്ക് 365 തവണ ബൈബിളിൽ ആവർത്തിക്കുന്നുണ്ടെങ്കിലും ശാന്തമാകാനും ആത്മവിശ്വാസമുറപ്പിക്കാനും അത് അപര്യാപ്തമാണെന്നു തോന്നിയ നിമിഷങ്ങളില്ലേ? പലപ്പോഴും ഇത് നമ്മുടെയുള്ളിൽ നാം ആഴത്തിൽ പതിപ്പിച്ചുവച്ചിരിക്കുന്ന നമ്മുടെ സ്വന്തം പ്രതിച്ഛായ മൂലമാണ് നമ്മുടെ ആത്മാഭിമാനം.

തങ്ങളെത്തന്നെ താഴ്ന്നവരായി കരുതുന്നവരെ ദൈവം തന്റെ പ്രവൃത്തിക്കായി തെരഞ്ഞെടുത്തുവെന്നത് നിഗൂഢവും ശ്രദ്ധേയവുമാണ്. തനിക്കു പകരം വേറെ ആരെയെങ്കിലും ദൈവിക ദൗത്യത്തിനായി തെരഞ്ഞെടുക്കണമെന്നു മോശ അപേക്ഷിക്കുന്നുണ്ട് (പുറ 4, 10-13). ജെറമിയ ആകട്ടെ ദൈവത്തിന്റെ വിളിയെ സ്വന്തം കുറവുകൾ നിരത്തിയാണ് തുടക്കത്തിൽ എതിർക്കുന്നത്. പക്ഷേ, രണ്ടുപേരും ദൈവികപദ്ധതിയുടെ സവിശേഷപാത്രങ്ങളായി മാറി. നമ്മിലൂടെ പ്രവർത്തിക്കാൻ കഴിയുമെന്ന് ദൈവം വിശ്വസിക്കുമ്പോഴും നമ്മുടെ ഉള്ളിലുള്ള നമ്മുടെ സ്വന്തം പ്രതിച്ഛായ, കഴിവുകളേക്കാളുപരി കുറവുകളിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതായി തോന്നിയിട്ടുണ്ടോ?

ആത്മാഭിമാനമെന്നത് ഒരു വ്യക്തിക്ക് തന്നെക്കുറിച്ചുള്ള അഭിപ്രായവും ഒരു വ്യക്തിയെന്ന നിലയിൽ സ്വയം നൽകുന്ന മൂല്യവുമാണ്. ആത്മാഭിമാനം രൂപപ്പെടുന്നതിൽ കുഞ്ഞുനാളിലെ അനുഭവങ്ങൾക്ക് നിർണായകമായ പങ്കുണ്ട്. അവഗണന, പ്രശംസയുടെയും സ്നേഹത്തിന്റെയും അഭാവം, നിരന്തരമായ കുറ്റപ്പെടുത്തലുകൾ, എത്തിപ്പിടിക്കാവുന്നതിലും ഉയർന്ന മാനദണ്ഡങ്ങൾ, പീഡനം ഇവയൊക്കെ കുരുന്നു മനസ്സുകളിൽ ദൂരവ്യാപകമായ വിപരീത ഫലങ്ങൾ ഉണ്ടാക്കും. പക്ഷേ, നാം പലപ്പോഴും തിരിച്ചറിയാത്ത ഒരു കാര്യം ആത്മാഭിമാനമെന്നത് ഒരഭിപ്രായം മാത്രമാണെന്നതാണ്. ഉയരവും വണ്ണവും പോലെ കൃത്യമായ അളവല്ല. അത് വളച്ചൊടിക്കപ്പെട്ടതാകാം, കൃത്യമല്ലാത്തതാകാം, ഒരുപക്ഷേ തീർത്തും തെറ്റാകാം. എന്നിരുന്നാലും, നിഷേധാത്മകമായ ആത്മാഭിമാനം ശക്തമായി ഉറപ്പിക്കപ്പെട്ടാൽ ഒരു വ്യക്തിയുടെ ജീവിതത്തിലെ എല്ലാ തലങ്ങളെയും അത് ബാധിക്കും. അത് ഒരു മനുഷ്യനെ അസന്തുഷ്ടനാക്കുക മാത്രമല്ല, പല തരം മാനസിക രോഗങ്ങളിലേക്കും നയിക്കും.

ചില ആളുകൾ ഊതിവീർപ്പിച്ച ആത്മാഭിമാനം ഉള്ളവരെന്നു തോന്നും. ഇവരുടെ ഉള്ളിന്റെയുള്ളിൽ മുറിവേറ്റതും ദുർബലവുമായ അഹമാണുള്ളതെന്നു പുറമേനിന്നു മനസ്സിലാകില്ല. സ്വന്തം അരക്ഷിതാവസ്ഥ ഒളിപ്പിക്കാനുള്ള ഒരു ശ്രമമാണ് പുറമേ കാണിക്കുന്ന പൊങ്ങച്ചം. നമുക്കുള്ള നല്ല വാർത്തയെന്തെന്നാൽ ആത്മാഭിമാനം ഉരുത്തിരിഞ്ഞുവരുന്ന അഭിപ്രായമായതുകൊണ്ട് അത് മാറ്റിയെടുക്കാൻ സാധിക്കുമെന്നതാണ്. ആത്മാഭിമാനം വർധിപ്പിക്കാനുള്ള ഒരു പ്രധാനപ്പെട്ട വഴി സ്വന്തം കഴിവുകളെ/ഗുണങ്ങളെ/നന്മകളെ ഓർത്തെടുത്ത് അതിൽ നന്ദിയുള്ളവരാകുക എന്നതാണ്. ആഴത്തിലുള്ള ദൈവാനുഭവത്തേക്കാളും അവിടുന്നറിഞ്ഞ് അനുഗ്രഹിച്ചു നൽകിയ നന്മകളേക്കാളും ഉപരിയായി എന്ത് നന്മയാണ് ഒരു ക്രിസ്ത്യാനിക്ക് ആശ്രയിക്കാനുള്ളത്? ലോകത്തിന്റെ മാനദണ്ഡങ്ങളും സ്വയം നിർണയിച്ച മാനദണ്ഡങ്ങളുമനുസരിച്ചു തീരെ നിസ്സാരരായ, എന്നാൽ ദൈവികപദ്ധതിയിൽ വിസ്മയകരമായ കാര്യങ്ങൾ ചെയ്ത വ്യക്തിത്വങ്ങളുടെ ഉദാഹരണങ്ങൾ ബൈബിളിൽ എത്രയധികം! ദാവീദെന്ന വെറും ബാലനായ ആട്ടിടയനും ഒരു സാധാരണ യുവാവായിരുന്ന ദാനിയേലും തങ്ങളുടെ ദൈവാശ്രയം കൊണ്ട് ഭാവനയ്ക്കതീതമായ കാര്യങ്ങൾ ചെയ്തു. യേശുവിന്റെ സുവിശേഷം പോലും ആദ്യം മറ്റുള്ളവരിലേക്ക് എത്തിച്ചത് മുക്കുവരും നികുതി പിരിക്കുന്നവരുമാണ് അന്നത്തെ ഏറ്റവും നിലവാരം താഴ്ന്ന തൊഴിൽ ചെയ്തിരുന്നവർ.

യേശുവിനെ തള്ളിപ്പറഞ്ഞതിനുശേഷം പത്രോസിനു തന്നെപ്പറ്റിതന്നെ എന്തായിരിക്കും

തോന്നിയിരിക്കുക, സ്വന്തം മൂല്യത്തെ അദ്ദേഹം എത്രമാത്രം താഴ്ത്തി ചിന്തിച്ചുണ്ടാകാം. പക്ഷേ, യേശു പത്രോസിനെ നോക്കിയ രീതിയിൽ ഒരു വ്യത്യാസവും വന്നില്ല. യോഹന്നാന്റെ സുവിശേഷം 21-ാം അധ്യായം യേശു പത്രോസിനെ സ്വയം കണ്ടെത്താൻ സഹായിക്കുന്ന രംഗമാണ്. തന്റെ പരാജയങ്ങളുടെയും തെറ്റുകളുടെയും കണ്ണുകളിലൂടെയല്ല, മറിച്ചു തന്റെ ദൈവത്തിന്റെ കണ്ണുകളിലൂടെ നോക്കാൻ യേശു അവനെ സഹായിക്കുന്നു. തന്നെ നിരന്തരം കുത്തിമുറിവേൽപ്പിച്ചുകൊണ്ട്, തന്റെതന്നെ ഉള്ളിൽനിന്ന് ഉയരുന്ന ആത്മാനുകമ്പയുടെയും അയോഗ്യതയുടെയും സ്വരങ്ങൾക്കു പകരം ആത്മാവിന് ഉന്മേഷവും പ്രസരിപ്പും ജീവനും പകരുന്ന ദൈവവചനത്തിലൂടെ സ്വയം കാണാൻ പത്രോസ് പഠിക്കുന്നു.

ഹവ്വാ വീണുപോയത് തെറ്റായ സ്വരത്തിനു കാതോർത്തതുകൊണ്ടാണ്. സത്യത്തിന്റെ സ്വരം കേൾക്കാൻ തീരുമാനിച്ചതുകൊണ്ടാണ് പത്രോസ് തന്റെ പരാജയത്തിന്റെ ചാരത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റത്. ഓരോ ഹൃദയത്തിലും സത്യത്തിന്റെയും നുണയുടെയും സ്വരങ്ങൾ നിരന്തരം നമ്മോടു സംസാരിക്കുന്നു. എന്നാൽ, തെരഞ്ഞെടുപ്പ് നമ്മുടേതാണ്. കുരിശിലൂടെ ദൈവം നമുക്ക് നൽകിയ മഹത്വം മോഷ്ടിക്കാനും നശിപ്പിക്കാനുമുള്ള നിഷേധാത്മക സ്വരങ്ങൾക്കു കാതോർത്താൽ പരാജിതജീവിതങ്ങൾ ജീവിക്കുന്നവരായി നാം മാറും. ദൈവത്തിന്റെ ദൃഷ്ടിയിൽ നമുക്കുള്ള യോഗ്യതയും അന്തസ്സും നമ്മോടു നിരന്തരം മന്ത്രിക്കുന്ന ദൈവസ്വരത്തിനു കാതോർത്താൽ വലിയ പ്രത്യാശയോടും ആനന്ദത്തോടും കൂടെ നാം ജീവിക്കും. വി. ഇരണേവൂസ് ഒരിക്കൽ പറഞ്ഞു, 'ദൈവം മഹത്വപ്പെടുന്നത് മനുഷ്യൻ പൂർണതയിൽ ജീവിക്കുമ്പോഴാണ്'. അവിടന്ന് നമ്മെ വീണ്ടെടുത്തു, സ്വന്തമാക്കി, നമ്മെപ്രതിയുള്ള തന്റെ വിജയത്തിന്റെ വെളിച്ചത്തിൽ ജീവിതം പൂർണതയിൽ ജീവിക്കാൻ നമ്മെ വിളിക്കുന്നു. ഈ അനുഗൃഹീത സത്യം നമുക്ക് എല്ലായ്പ്പോഴും നമ്മോടു തന്നെ പ്രഖ്യാപിക്കാൻ കഴിയുമോ? ദൈവത്തിനു നാമാരാണെന്ന സത്യം നമ്മുടെ ആന്തരികമനുഷ്യനിൽ കിനിഞ്ഞിറങ്ങുന്നതനുസരിച്ചു നമ്മുടെ ആത്മാഭിമാനം സാവധാനം വളരും. ഈ അവബോധത്തിനു നമ്മുടെ എല്ലാ വൈകാരിക മുറിവുകളെയും ഉണക്കാൻ കഴിയും. ഭൂതകാലത്തിന്റെ ഓർമകളും പാടുകളും അവശേഷിച്ചാലും ജീവിതത്തിൽ മുന്നോട്ടു പോകുന്നതിൽനിന്ന് ദൈവം നമ്മെ എന്തായിരിക്കാൻ വിളിച്ചിരിക്കുന്നുവോ അതാകുന്നതിൽ നിന്ന് അവ നമ്മെ തടസ്സപ്പെടുത്തില്ല.

---

***ഡോ. അബീഷ് ആന്റണി***

*സൈക്യാട്രിസ്റ്റാണ്. ഭാര്യയും അഞ്ചു കുട്ടികളുമായി പെർത്തിൽ താമസിക്കുന്നു. 2000 മുതൽ മൂവ്മെന്റിൽ സജീവമായ അദ്ദേഹം നിലവിൽ ജീസസ് യൂത്ത് ഫോർമേഷനിൽ ഏർപ്പെട്ടിരിക്കുന്നു.*

## 'യെസ്' പറയുമ്പോൾ

ദൈവം തന്റെ സ്വന്തം ഛായയിലാണ് എന്നെ സൃഷ്ടിച്ചിരിക്കുന്നത് എന്ന ബോധമാണ് ആദ്യമേ എന്റെയുള്ളിൽ വന്നത്. എന്റെ ബലഹീനതകളും നേട്ടങ്ങളും കുറവുകളുമൊക്കെ നന്നായിട്ട് അറിയുന്നവനാണ് എന്റെ ദൈവം. പക്ഷേ, അനുദിന ജീവിതത്തിലെ കാര്യങ്ങളിലേക്ക് വരുമ്പോൾ ഇതെല്ലാം പലപ്പോഴും ഞാൻ മറന്നു പോകാറുണ്ട്. കണ്ണുമടച്ച് ദൈവത്തിൽ വിശ്വസിക്കാൻ പലപ്പോഴും കഴിയാതെ പോകുന്നു. ദൈവാനുഗ്രഹങ്ങളെ ഓർക്കാനും നന്ദി പറയാനും ഞാൻ ശ്രമിക്കുമ്പോൾ എന്റെ നെഗറ്റീവ് ചിന്തകളൊക്കെ മാറിപ്പോകുന്നത് ഞാൻ കാണാറുണ്ട്. നെഗറ്റീവായി ചിന്തിക്കുകയും അത്തരം കാര്യങ്ങൾ സംസാരിക്കുകയും ചെയ്യുമ്പോൾ എന്നിലൂടെ നടക്കേണ്ട പല നന്മകളും നടക്കാതെ പോകുന്നു. തമ്പുരാന്റെ കൈയിലെ ഉപകരണമാണ് ഞാനെന്ന തിരിച്ചറിവിൽ ബോധപൂർവം എന്നെത്തന്നെ ദൈവത്തിനു നൽകുമ്പോൾ എന്നിലെ നിഷേധാത്മക ചിന്തകളും അപകർഷതാബോധവുമൊക്കെ മാറിപ്പോകുന്നുണ്ട്.

പരിശുദ്ധ അമ്മ ചെയ്തതുപോലെ, മുമ്പും പിമ്പും ഒന്നും നോക്കാതെ ദൈവഹിതത്തോട് 'യെസ്' പറയുമ്പോൾ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് പോകാൻ കഴിയും. അങ്ങനെ ക്രിസ്തു ആഗ്രഹിക്കുന്ന ഒരു ഞാനായി മാറാൻ എനിക്ക് സാധിക്കും. എല്ലാ കാര്യത്തിലും ഞാൻ എന്നെത്തന്നെ വിട്ടുകൊടുക്കുമ്പോഴാണ് ദൈവത്തിന്റെ പൂർണതയിലേക്ക് വളരാൻ സാധിക്കുന്നതെന്നും എനിക്ക് മനസ്സിലായി.

*ജസ്റ്റിൻ വി. ജോസഫ്, പാല*

---

## എങ്ങനെ വിലയിരുത്തണം

നമ്മളെത്തന്നെ നമ്മൾ എങ്ങനെ വിലയിരുത്തണം എന്നതിനെ കുറിച്ചാണ് എനിക്ക് തോന്നിയത്. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ തിരുവചനം വായിച്ചപ്പോൾ അതെനിക്ക് കൂടുതൽ വ്യക്തമായി. നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അതെനിക്ക് ചെയ്യാൻ പറ്റി, ഞാനൊരു സംഭവമാണ് എന്നൊക്കെയുള്ള ചിന്തകൾ സ്വാഭാവികമായിട്ടും വരാറുണ്ട്.

പത്രോസ് തള്ളിപ്പറഞ്ഞതിനുശേഷം കർത്താവ് പത്രോസിനെ നോക്കുന്ന ഒരു രംഗമുണ്ട്. മുമ്പുണ്ടായിരുന്ന സ്നേഹം പോലെതന്നെ കുറ്റപ്പെടുത്താതെ വീണ്ടും സ്നേഹിക്കുന്ന കർത്താവിനെയാണ് അവിടെ കാണുന്നത്. ഞാനും നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അതെനിക്ക് സാധിച്ചു എന്ന് ചിന്തിക്കാതിരിക്കാനും ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വരുമ്പോൾ എല്ലാം തകർന്നു, എല്ലാം കഴിഞ്ഞു എന്നോർത്ത് നിരാശപ്പെടാതെ, ഓവറായി അഭിമാനമുള്ളവളോ കുറ്റബോധമുള്ളവളോ ആകാതിരിക്കാൻ ഞാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

അവസാനഭാഗത്ത് വിശുദ്ധന്റെ ഉദ്ധരണിയിൽ പറയുന്നതുപോലെ ദൈവം മഹത്വപ്പെടുന്നത് മനുഷ്യന്റെ പൂർണതയിലാണ്. എന്റെ ലൈഫ് വളരെ ബ്യൂട്ടിഫുൾ ആയി ഞാൻ ജീവിക്കുമ്പോളാണ് എന്റെ ജീവിതത്തിൽ ദൈവംമഹത്വം പ്രകടമാകുന്നത്. ബുദ്ധിമുട്ടുകളിൽ കൂടുതൽ നിരാശപ്പെടാതെയും വലിയ നന്മകളിൽ കൂടുതൽ സന്തോഷിക്കാതെയും, എല്ലാ സമയവും ദൈവം ചിന്തിക്കുന്നത് എപ്രകാരമായിരിക്കും എന്നുചിന്തിച്ച് അപ്രകാരം ചിന്തിക്കാനും ദൈവത്തെപ്പോലെ തന്നെ ആവാനുമൊക്കെ സാധിക്കുന്നതും അപ്രകാരം ഞാൻ നന്നായി ജീവിക്കുമ്പോഴാണ്.

*മേരി ഷാന്റൽ കെ. എസ്, എറണാകുളം*







ആന്റോ എൽ. പുത്തൂർ

KAIROS MEDIA WORKSHOP

# ലളിതം സുന്ദരം

കെയ്റോസ് മീഡിയ സംഘടിപ്പിച്ച 'മീഡിയ വർക്ക്ഷോപ്പ്' പലവിധ ഉൾക്കാഴ്ചകളായിരുന്നു പങ്കെടുത്തവർക്ക് പ്രദാനം ചെയ്തത്. നിഷ്ക്രിയരാകാതിരിക്കാനും മാധ്യമ രംഗത്ത് ക്രിയാത്മകമായി ഇടപെടുവാനും പ്രേരണ നൽകുന്നതുമായിരുന്നു ഈ ദ്വിദിന ശിൽപശാല. ചില ഹൈലൈറ്റ്സുകൾ മാത്രമാണിവിടെ കുറിക്കുന്നത്.

വിളമ്പി തരുന്നതാരാണെന്ന വീണ്ടുവിചാരം എപ്പോഴും മനസ്സിൽ ഉണ്ടാവണം. അതുകൊണ്ടുതന്നെ വികാരങ്ങൾകൊണ്ടല്ല ബുദ്ധികൊണ്ട് വേണം വാർത്തകൾ വായിക്കാൻ.

## വാർത്തകളിലെ ജീവൻ

എല്ലാ മുട്ടയും വിരിയിച്ചെടുക്കാൻ പറ്റുമെന്ന് വാശി പിടിക്കരുത്. കഴിഞ്ഞയാഴ്ച റൈജുവിന്റെ വീട്ടിൽ പോയപ്പോൾ രണ്ടു കോഴികളും കുറച്ചു മുട്ടകളും തന്നുവിട്ടു. മുട്ട അടവച്ച് വിരിയിക്കണം. അതിനു ചില തയ്യാറെടുപ്പുകളൊക്കെ നടത്തേണ്ടതായുണ്ട്. ചെറുപ്പത്തിൽ ഇതൊക്കെ വീട്ടിൽ ഞാനാണ് ചെയ്തിരുന്നത്. ഇന്ന് എല്ലാം മറന്നു പോയിരിക്കുന്നു. യൂട്യൂബിൽ ഒന്നുരണ്ടു വീഡിയോകൾ കണ്ടപ്പോൾ എല്ലാം ഓർമ വന്നു. ആദ്യം മുട്ട ഒരു ടോർച്ചു വെളിച്ചത്തിൽ പിടിക്കണം. സൂക്ഷിച്ചു നോക്കിയാൽ കാണാം ഉള്ളിൽ കുഞ്ഞു ഭ്രൂണത്തിന്റെ അനക്കം. ആ മുട്ട കൊള്ളാം. അങ്ങിനെയുള്ള മുട്ടയേ അടവയ്ക്കാൻ പറ്റൂ, അല്ലെങ്കിൽ ഇരുപത്തിയൊന്ന് ദിവസം കഴിഞ്ഞാൽ ശത്രുക്കളെ എറിയാനേ കൊള്ളൂ.

ഈയൊരു ജാഗ്രത, കാണുകയും കേൾക്കുകയും വായിക്കുകയും ചെയ്യുന്ന വാർത്തകൾക്കുനേരെയുണ്ടാകണം. വാർത്തകളിലെ ജീവൻ തിരിച്ചറിയാൻ കഴിയണം. ആ ജീവന്റെ സുവിശേഷമായിരിക്കണം മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ടത്. പതിവ് ശൈലിയിൽ പോലീസ് ബാബുച്ചേട്ടൻ പറഞ്ഞു തുടങ്ങി, പോലീസ്കാർക്കെന്താ ഈ വീട്ടിൽ കാര്യം? കാര്യമുണ്ട്! രണ്ടു ദിവസത്തെ കെയ്റോസ് മീഡിയ വർക്ക് ഷോപ്പിൽ പങ്കെടുക്കുന്നവരെല്ലാം രാവിലെ 6:30ന് ഹാളിൽ റെഡി. കാലത്തെ പരേഡും കഴിഞ്ഞു വിശേ

ഷങ്ങൾ പങ്കുവയ്ക്കാൻ ബാബുച്ചേട്ടനും എത്തി. ഒരു മാസത്തെ ബീഹാർ മിഷൻ (MMJ) കഴിഞ്ഞു നാട്ടിലെത്തിയിട്ടു അധികദിവസങ്ങൾ ആയിട്ടില്ല. ക്ഷീണമൊക്കെ ശരീരത്തിനാണ് മനസ്സിലല്ല. ആദ്യ ദിവസത്തിന്റെ ആദ്യ സമയം; ബാബു ചേട്ടൻ തുടർന്നു, "ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതവും പഞ്ചേന്ദ്രിയങ്ങളും ശരീരം മുഴുവനും 'മീഡിയ'മാണ്. ക്രിസ്തുവിനെ വഹിക്കാനും അത് മറ്റുള്ളവർക്ക് നൽകാനുമുള്ള മാധ്യമം. അതുകൊണ്ടു ജീവിതത്തെ മനോഹരമായി കൈകാര്യം ചെയ്യണം. ഉത്തരവാദിത്വത്തിൽ സ്നേഹമുണ്ടായിരിക്കണമെന്നു നിർബന്ധമില്ല. എന്നാൽ, സ്നേഹത്തിൽ ഉത്തരവാദിത്വം ഉണ്ടായിരിക്കുകയും ചെയ്യും".

## നമ്മുടെ കടമ

ആലീസ്കുട്ടി ചേച്ചിയുടെ അത്ഭുതലോകത്തേയ്ക്ക് ഒരു ചിരിയിലൂടെയാണ് പ്രവേശിച്ചത്. ആ ചിരി, അതുമതി നമ്മുടെ ഹൃദയങ്ങളിൽ ഒരമ്മവെളിച്ചം നിറയ്ക്കാൻ. "നിങ്ങളിൽ ആരെയാണ് ഈശോ കൂടുതൽ സ്നേഹിക്കുന്നത്?" ഉത്തരം പറയാൻ വിഷമിക്കുന്നത് കണ്ടു ചേച്ചി തുടർന്നു, "നിങ്ങളെ എല്ലാവരെയും ഈശോ ഒരുപോലെ സ്നേഹിക്കുന്നു. ആ സ്നേഹം മാധ്യമങ്ങളിലൂടെ പ്രഘോഷിക്കുവാൻ നമുക്കോരോരുത്തർക്കും കടമയുണ്ട്." "ഈ സാരിയെന്താ ടീച്ചറുടെ സഭാ വസ്ത്രമാണോ? കവർ ഫോട്ടോയിലെ അതേ സാരി?" ചേച്ചിയുടെ ജീവിതത്തെ മനോഹരമായി എഴുതിവച്ച 'ആലീസ്സ്കുട്ടിയും അത്ഭുതലോകവും' എന്ന പുസ്തകം കൈയിൽ കരുതിയ ഒരു മിടുക്കി ചോദിച്ചു. "ഓ, അത് കൊള്ളാമല്ലോ. ഇനി ചോദിക്കുന്നവരോട് അങ്ങനെതന്നെ പറഞ്ഞേക്കാം". ചേച്ചിയുടെ സ്വതസിദ്ധമായ ചിരികലർന്ന മറുപടി.

## നിതാന്ത ജാഗ്രത

കവിതകളുടെയും കഥകളുടെയും സിനിമകളുടേയും വിളുമ്പിലൂടെയായിരുന്നു കെയ്റോസ് ഗ്ലോബൽ (ഇംഗ്ലീഷ്) മാസികയുടെ ചീഫ് എഡിറ്റർ ചാക്കോച്ചൻ സാറിന്റെ സഞ്ചാരം. വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'അരിയില്ലാഞ്ഞിട്ട്' (കന്നിക്കൊയ്ത്) കവിത



പോലെ അർഥവും മൂല്യവുമുള്ള ഭാഷാ സംസ്കൃതികളിൽനിന്ന് സാഹിത്യ ലോകം ഇന്ന് കാണുന്ന തരംതാഴലിലേക്കു അധ:പതിക്കുമ്പോൾ പാലിക്കേണ്ട നിതാന്ത ജാഗ്രതയെക്കുറിച്ചാണ് പിന്നീടുള്ള ചർച്ചകളും ചിന്തകളും ക്രമപ്പെട്ടുവന്നത്.

## ദൈവ നിയോഗം

കെയ്റോസ് മാഗസിൻ ഡിസനെർ കൂടെയായ ഷാജി ജോസഫ് ഓരോ പേജുകളും ഡിസൈൻ ചെയ്തെടുക്കുമ്പോഴുള്ള ദൈവ സാമീപ്യത്തെയും ഇടപെടലുകളെയും കുറിച്ച് സംസാരിച്ചു. അജ്ന എന്ന ജീസസ് യൂത്ത് വിശുദ്ധയെ ഒരു മനോഹര പുസ്തകമാക്കി കെയ്റോസിന് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ഷാജി ചേട്ടന്റെ പങ്കു ചെറുതല്ല. "എനിക്കാ കൊച്ചിനെ അറിയില്ലായിരുന്നു; പക്ഷേ, മരണശേഷം അവളെക്കുറിച്ചു കേട്ടപ്പോൾ ഞാൻ ചിന്തിച്ചു, ആ മോളെ ഒന്ന് പരിചയപ്പെടാൻ കഴിഞ്ഞില്ലല്ലോയെന്ന്! എന്റെ ഹൃദയവിചാരം തമ്പുരാൻ കേട്ടു. ആ ദൈവ നിയോഗം എന്നിൽ വന്നുചേർന്നു അജ്നയുടെ അദൃശ്യ സാമീപ്യം ബുക്കിന്റെ ഡിസൈനിങ്ങിൽ ഉടനീളം ഞാൻ അനുഭവിച്ചു. വായിക്കുമ്പോൾ നിങ്ങൾക്കും അത് അനുഭവവേദ്യമാകും". ഷാജി ചേട്ടന്റെ വാക്കുകൾ ഹൃദയത്തെ തൊടുന്നതായിരുന്നു.

## കാണാക്കാഴ്ചകളിലേക്ക്

ന്യൂസ് എഡിറ്റോറിയൽ ഡസ്ക്കിലെ അനുഭവങ്ങളും വിശേഷങ്ങളും പങ്കു വച്ചാണ് സിജോ പൈനാടത്ത് (ദീപിക സ്റ്റാഫ് റിപ്പോർട്ടർ) ആരംഭിച്ചത്. ഇന്ന് എല്ലാ മാധ്യമ സങ്കേതങ്ങളും പ്രാധാന്യമേറിയതാണ്. മൊബൈൽ ഫോൺ കൈയിലുള്ളവരൊക്കെ റിപ്പോർട്ടർമാരും 'ചീഫ് ' റിപ്പോർട്ടർമാരുമാകുന്ന സ്ഥിതി വിശേഷം. വാർത്തകളുടെ കാഴ്ചകൾക്കുള്ളിലെ കാണാക്കാഴ്ചകളിലേക്ക് ഉൾവെളിച്ചം വീശിയ നിമിഷങ്ങൾ. "മാധ്യമ വൈവിധ്യങ്ങളുടെ മായിക ലോകത്തേയ്ക്ക് നമ്മുടെ യുവ തലമുറ വീണുപോകുന്നു എന്നത് നിഷേധിക്കാൻ കഴിയാത്ത സത്യമാണ്. കെയ്റോസ് പോലുള്ള മാധ്യമ സംസ്കാരം കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെടണം".

## വേണം, യുവശക്തി

ജീസസ് യൂത്ത് ഹൃദയത്തിൽ ചേർത്തുവച്ച വൈദികരുടെ സാന്നിധ്യം വർക്ക്ഷോപ്പിനെ അത്രമേൽ അനുഗ്രഹമാക്കിമാറ്റി. നമ്മുടെ സ്വന്തം ഷിബു അച്ചനെയും ജോഷി മയ്യാറ്റിൽ അച്ചനെയും പറ്റിത്തന്നെയാണ്. വാക്കുകളേക്കാൾ, സാമീപ്യമാണ് ഷിബു അച്ചന്റെ സന്ദേശം. അവിടെയുള്ള ഓരോരുത്തരോടും അച്ചൻ സംസാരിച്ചു, ഒരുമിച്ചു ബലിയർപ്പിച്ചു, ഭക്ഷണം കഴിച്ചു. ആദ്യമായി പരിചയപ്പെട്ടവർക്കുപോലും വർഷങ്ങളോളം പഴക്കമുള്ള സൗഹൃദം സമ്മാനിച്ചാണ് അച്ചൻ തിരിച്ചു പോയത്.

"സമ്പർക്ക മാധ്യമ ശുശ്രൂഷയിൽ ഒരുപാട് കാര്യങ്ങൾ ജീസസ് യൂത്ത് ചെയ്യുന്നുണ്ട്. അത് പോരാ." ജീസസ് യൂത്തിന്റെ ശക്തിയും കഴിവുകളും ടാലന്റും വച്ചു നോക്കിയാൽ നിങ്ങൾ ഒന്നും ചെയ്യുന്നില്ലെന്ന പരിഭവം പങ്കുവച്ചാണ് ജോഷി മയ്യാറ്റിലച്ചൻ സംസാരിച്ചു തുടങ്ങിയത്. വി.കുർബാനയാണ് ഏറ്റവും മഹത്തരമായ 'മാധ്യമം'. ഈശോ തന്നെയാണ് അതിലൂടെ പകുത്തു നൽകപ്പെടുന്നത്. ക്രിസ്തുദർശനങ്ങളെ ബൈബിളിൽ എങ്ങനെയാണ് അടുക്കി വച്ചിരിക്കുന്നതെന്ന് മനോഹരമായി അച്ചൻ വിവരിച്ചു.

## ബുദ്ധികൊണ്ട് വായിക്കണം

RRR സിനിമയിലെ ക്ലൈമാക്സ് രംഗങ്ങൾ കാണിച്ചാണ് ജിന്റോ ജോൺ (മനോരമ മുൻ ലേഖകൻ) പറയാനാരംഭിച്ചത്. ശ്രീരാമനിലേക്ക് രൂപമാറ്റം സംഭവിക്കുന്ന രാം ചരണിന്റെ നായക പരിവേഷം. കാവിക്കൊടികൾക്കിടയിലൂടെ തൊടുത്തു വിടുന്ന അമ്പുകൾ രാജമൗലി എവിടെയാണ് കൊള്ളിക്കുന്നത്? കൃത്യമായ അജണ്ടകൾ എല്ലാ മാധ്യമങ്ങൾക്കും പുറകിലുണ്ട്. ഒരുപക്ഷേ രാഷ്ട്രീയമാകാം, മതപരമാകാം, അതുമല്ലെങ്കിൽ കച്ചവട വിജയ സാധ്യതകൾ ഉറപ്പിക്കുകയുമാകാം ലക്ഷ്യം. വിശേഷപ്പെട്ടതെന്തുമാകട്ടെ! വിളമ്പി തരുന്നതാരാണെന്ന വീണ്ടുവിചാരം എപ്പോഴും മനസ്സിൽ



*സിനിമാ സംവിധായകൻ (മധ്യേ) ലിയോ തദേവൂസ് അടുത്തിടെ റിലീസ് ചെയ്ത 'പന്ത്രണ്ടി'ന്റെ വിശേഷങ്ങളോടെ തന്നിലെ ദൈവാഭിമുഖ്യം പങ്കുവയ്ക്കുന്നു.*

ഉണ്ടാവണം. അതുകൊണ്ടുതന്നെ വികാരങ്ങ ൾകൊണ്ടല്ല ബുദ്ധികൊണ്ട് വേണം വാർത്ത കൾ വായിക്കാൻ.

## ലിയോ തദേവൂസ്

ഏറെ പ്രതീക്ഷിച്ചിരുന്ന അൽഫോൺസ് ജോസഫും സാബു അച്ചനും, ജിത്തും (ദിവ്യ കാരുണ്യത്തിന്റെ വാനമ്പാടിയുടെ രചയിതാക്കൾ) ആരോഗ്യപരമായ കാരണ ങ്ങളാൽ എത്താൻ കഴിയാതിരുന്നതിന്റെ എല്ലാ കുറവും നികന്നത് ലിയോ ചേട്ടന്റെ വരവോടെയാണ്. പന്ത്രണ്ടിന്റെ സംവിധായ കൻ ലിയോ തദേവൂസ്. ഒരു സിനിമാ സംവി ധായകന്റെ കൂടെ ഇത്ര ചേർന്നിരിക്കാൻ കഴിഞ്ഞതിന്റെ സന്തോഷവും എന്ത് ചോദി ക്കുമെന്ന അങ്കലാപ്പും എല്ലാവരിലും കണ്ടു. 'പന്ത്രണ്ടി'ന്റെ വിശേഷങ്ങളുടെ ചെപ്പു തുറന്നു. ഒരു സംവിധായകൻ ഇത്രയ്ക്കും സിംപിളാണോ? തന്റെ തോളിലിടുന്ന കുഞ്ഞു ബാഗിൽ എപ്പോഴും കരുതുന്ന ഹന്നാൻ വെള്ളവും കുരിശും ജപമാലയും കരുണ യുടെ ചിത്രവും അത് തരുന്ന സംരക്ഷ ണത്തെക്കുറിച്ചെല്ലാം പങ്കുവച്ചപ്പോൾ എല്ലാ വർക്കും അത്ഭുതം. ഒരു സിനിമാ സംവിധാ യകന് ഇത്രക്കും 'കാത്തലിക്' ആകാൻ കഴിയുമോ? പന്ത്രണ്ടിന്റെ നിർമാണത്തിന്റെ ഓരോ ഘട്ടത്തിലും കടന്നുപോയ മാനസിക സംഘർഷങ്ങളേക്കുറിച്ച് മറയില്ലാതെ പറഞ്ഞ പ്പോൾ ഓരോരുത്തരുടെയും കണ്ണുകൾ നനഞ്ഞു. അനുദിന ദിവ്യബലിയിലും ദിവ്യ കാരുണ്യാരാധനയിലും അഭയം കണ്ടെത്തി മുന്നോട്ട് സധൈര്യം സഞ്ചരിച്ച 'റിയൽ ജീസസ് യൂത്ത്'. സെൽഫി എടുത്താണ് അദ്ദേഹത്തെ യാത്രയാക്കിയത്.

## മാധ്യമ ശുശ്രൂഷ

കെയ്റോസിനെ കുറിച്ചും അതിന്റെ കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും പുലർത്തുന്ന ക്വാളിറ്റിയെകുറിച്ചുമാണ് കെയ്റോസ് മാസികയുടെ ചീഫ് എഡിറ്റർ അഡ്വ. ജോൺസൺ സംസാരിച്ചത്. യുവജന മാധ്യമ ശുശ്രൂഷാ രംഗത്ത് കെയ്റോസ് പോലെ മികവിൽ മുന്നിട്ടു നിൽക്കുന്ന പ്രസിദ്ധീകരണത്തിനു എന്തുകൊണ്ടും യുവജനങ്ങളിൽ, കുട്ടികളിൽ, യുവ കുടുംബങ്ങളിൽ വലിയ സ്വാധീനം നൽകാൻ കഴിയുമെന്ന് അനുഭവങ്ങളുടെ വെളിച്ചത്തിൽ പറയുകയായിരുന്നു അദ്ദേഹം.

## ഒന്നും പാഴല്ല

കെയ്റോസ് മീഡിയ മാസംതോറും നടത്തിവരുന്ന ഓൺലൈൻ കൂട്ടായ്മയിൽ സംസാ രിച്ച ഷോജിയച്ചന്റെ വാക്കുകൾ കടമെടുത്ത് സാജൻ സി.എ. പങ്കുവച്ച വിശേഷങ്ങൾ ഏറെ ഹൃദ്യമായിരുന്നു. ചെറുതും വലുതുമായ ഓരോ നൽകലുകളും ദൈവസന്നിധിയിൽ വില യുള്ളതാണെന്നും ഒന്നും പാഴല്ലെന്നും 'ബഥാനിയായിലെ തൈലാഭിഷേക'ത്തെ ഉദ്ധരിച്ചു പറഞ്ഞത് പുതിയ ഒരുൾക്കാഴ്ചയായിരുന്നു.

## ലളിതം സുന്ദരം

കേരളത്തിലെ വിവിധ സോണുകളിൽ നിന്നുമെത്തിയ ചെറുപ്പക്കാർ, അവർ ഇപ്പോൾത്തന്നെ അവരുടെ കുഞ്ഞു സങ്കേതങ്ങളിൽ തങ്ങളാലാവുന്ന വിധം ശുശ്രൂഷ ചെയ്യുന്നവരാണ്. ഷോർട്ട് ഫിലിം നിർമാണം, സംവിധാനം, ഗ്രാഫിക് ഡിസൈനിങ്, പോസ്റ്റർ മേക്കിങ് തുട ങ്ങിയ മേഖലകളിലുള്ളവരും സോഷ്യൽ മീഡിയയിൽ സജീവമായിട്ടുള്ളവരുമായിരുന്നു പ ങ്കെടുത്തവർ. അവരുടെ പിന്തുണ ഇനി കെയ്റോസിനും കെയ്റോസിന്റെ തണൽ അവരുടെ വളർച്ചക്കും കാരണമാകുമെന്നുറപ്പാണ്. ആരവങ്ങളില്ലാതെ ലളിതമായി സംഘടിപ്പിക്കപ്പെട്ട രണ്ടു പകലിന്റെയും രണ്ടു രാത്രിയുടെയും ഒത്തുകൂടൽ. നല്ലദൈവം ഗംഭീരമാക്കിമാറ്റി എന്ന് പ്രത്യേകം പറയേണ്ടതില്ല. താൻ രൂപം നൽകിയതെല്ലാം 'നല്ലതായി'കണ്ട ദൈവം കെയ്റോസ് മീഡിയ വർക്ക് ഷോപ്പിനെക്കുറിച്ചും വിലയിരുത്തിക്കാണും.. 'ലളിതം സുന്ദരം'.



*ദീപിക സ്റ്റാഫ് റിപ്പോർട്ടർ സിജോ പൈനാടത്ത് ന്യൂസ് ഡസ്ക്കിലെ അനുഭവങ്ങളും വിശേഷങ്ങളും പങ്കുവച്ചുകൊണ്ട് സംസാരിക്കുന്നു.*


ജൂഹി എൽസ് ജോർജ്


സിന്റോ വി. വർഗീസ്


# ഫാ. ജൊഹാൻ ഡിസർസൺ

## (Fr. Johann Dzierzon)

സിലേഷ്യയിലെ ഒരു പോളിഷ് കുടുംബത്തിലാണ് ഫാ.ഡിസർസൺ ജനിച്ചത്. ദൈവശാസ്ത്രത്തിൽ പരിശീലനം നേടിയ അദ്ദേഹം തേനീച്ച വളർത്തലിലെ സൈദ്ധാന്തികവും പ്രായോഗികവുമായ ജോലികൾ റോമൻ കത്തോലിക്കാ പുരോഹിതനെന്ന നിലയിലുള്ള തന്റെ ചുമതലകളോടൊപ്പം തന്നെ നിർവഹിച്ചുപോന്നു. തേനീച്ചകളിൽ പാർഥെനോജെനിസിസ് എന്ന പ്രതിഭാസം കണ്ടുപിടിച്ച പ്രഗത്ഭനായ പോളിഷ് അപിയറിസ്റ്റായിരുന്നു (Apiarist) അദ്ദേഹം. ഫാ. ഡിസർസണിന്റെ കണ്ടുപിടിത്തങ്ങൾ അദ്ദേഹത്തെ ശാസ്ത്രജ്ഞരുടെ ഇടയിലും അപിയറിസ്റ്റുകളുടെ ഇടയിലും ലോകപ്രശസ്തനാക്കി. ആധുനിക തേനീച്ച കൃഷിയുടെ പിതാവായി പലരും അദ്ദേഹത്തെ വിശേഷിപ്പിക്കാറുണ്ട്. തന്റെ തേനീച്ചക്കൂടുകളിൽനിന്ന്, ഫാ. ഡിസർസൺ തേനീച്ചകളുടെ സാമൂഹിക ജീവിതത്തെക്കുറിച്ച് പഠിക്കുകയും നിരവധി പരീക്ഷണാത്മക തേനീച്ചക്കൂടുകൾ നിർമിക്കുകയും ചെയ്തു. 1838ൽ അദ്ദേഹം ആദ്യത്തെ പ്രായോഗിക മൂവബിൾ കോംബ് (movable-comb) തേനീച്ചക്കൂട് വികസിപ്പിച്ചെടുത്തു. അത്, കൂടിന്റെ ഘടനയെ നശിപ്പിക്കാതെതന്നെ വ്യക്തിഗത ഹണികോമ്പുകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന വളരെ പ്രായോഗിക മൂല്യമുള്ള കണ്ടുപിടിത്തമായിരുന്നു. 1835ൽ, ഡ്രോണുകൾ ബീജസങ്കലനം ചെയ്യാത്ത മുട്ടകളിൽ നിന്നാണ് ഉത്പാദിപ്പിക്കുന്നതെന്ന് ഫാ. ഡിസർസൺ കണ്ടെത്തി, ഇത് തേനീച്ചകളുടെ ക്രോസ്സ് ബ്രീഡിങ്ങിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. 1854ൽ, റോയൽ ജെല്ലി ഉത്പാദിപ്പിക്കുന്ന സംവിധാനവും, രാജ്ഞി തേനീച്ചയുടെ വളർച്ചയിൽ അതിന്റെ പങ്കും ഈ പുരോഹിതൻ കണ്ടെത്തി. ജീവിതത്തിലൊരിക്കലെങ്കിലും തേൻ ഉപയോഗിക്കാത്തവർ നമ്മുടെ ഇടയിൽ വിരളമായിരിക്കും. അതിന്റെ രുചിയും ഗുണവും പോലെ തന്നെ അത് നമ്മുടെ ഇടയിൽ ഇത്ര സുലഭമാക്കാൻ ചെറുതല്ലാത്ത പങ്കു വഹിച്ച ഈ കത്തോലിക്കാ പുരോഹിതനും ആ പുരോഹിതന് കരുത്തു നൽകിയ കത്തോലിക്കാ സഭയും നമ്മുടെ ഓർമകളിൽ നിന്നും മായാതിരിക്കട്ടെ.





സിനി ടോക്സ്

ശരത് വെൺപാല

# സൈലന്റ് നൈറ്റ്സ്

## യൗവനം, പ്രണയം, നിശ്ശബ്ദരാവ്

കോപ്പൻഹേഗിലെ ഒരു സാൽവേഷൻ ആർമിയുടെ റെഫ്യൂജി ക്യാംപാണ് രംഗം. അവിടെ ഒരു സന്നദ്ധ സേവികയാണ് തുംഗെർ (മെലൻ ബെൽടോഫ്റ്റ്) എന്ന സുന്ദരിയായ പെൺകുട്ടി. അവളുടെ അമ്മയാവട്ടെ മദ്യത്തിനടിമയായ ഒരു സ്ത്രീ. ഒരു ക്രിസ്തുമസ് കാലത്ത് സൈലന്റ് നൈറ്റ് എന്ന ഗാനം അലയടിക്കുന്ന രാവിൽ ഘാനക്കാരനായ ക്വാമെ എന്ന ചെറുപ്പക്കാരൻ അഭയകേന്ദ്രത്തിലെത്തുന്നു. മതിയായ രേഖകളില്ലാത്ത പ്രവാസിയാണയാൾ. ആദ്യദിനം അയാൾക്ക് ആ കേന്ദ്രത്തിൽ പ്രവേശനം ലഭിച്ചില്ല. തണുപ്പത്ത് വിറച്ചു കിടക്കുന്ന അയാളുടെ സങ്കടത്തിന്റെ ഫ്രെയിം ആരുടെയും ഉള്ളുലയ്ക്കുന്നതാണ്. പിറ്റേദിവസം മുതൽ അവന് അവിടെ പ്രവേശനം ലഭിക്കുന്നു. ഡെൻമാർക്കിലെ ജീവിതത്തിലേക്ക് കടന്നു കയറുന്ന അവനെ അവിടത്തെ കുറേ ചെറുപ്പക്കാർ അപമാനിക്കുന്നു; മർദിക്കുന്നു. അതിൽ നിന്നും അവനെ അവൾ രക്ഷപെടുത്തുന്നു. മെല്ലെ അവർ അടുപ്പത്തിലാവുന്നു.

ഇടയ്ക്കിടെ അവനു വരുന്ന ഫോണിന്റെ മറുതലയ്ക്കൽ ഘാനയിലെ അവന്റെ കുടുംബത്തിന്റെ പരാധീനതകൾ തെളിയുന്നു. അവർക്കുവേണ്ടി അവൻ മോഷണം നടത്തുന്നു. പക്ഷേ, പിടിയ്ക്കപ്പെട്ടപ്പോൾ ഇനിയിത് ആവർത്തിക്കില്ലായെന്ന് അവൻ ഉറപ്പിച്ചു പറയുന്നു. പ്രണയരാവുകൾക്കിടയിൽ അവൾ ഗർഭിണിയാണെന്നറിയുമ്പോൾ അത് സന്തോഷപൂർവം അറിയിക്കാൻ കാത്തിരിക്കുമ്പോൾ അവനു വന്ന ഫോണിൽ നിന്ന് അവളാ രഹസ്യം അറിയുന്നു. ക്വാമെയ്ക്ക് ഘാനയിൽ ഭാര്യയും കുട്ടികളുമുണ്ട് എന്ന സത്യം അവളെ സ്തബ്ധയാക്കുന്നു. അവൾ അവനെ പുറത്താക്കി.

പക്ഷേ, അവൾ അവനെ വീണ്ടും കണ്ടുമുട്ടുന്നു. അവനോട് തിരികെ നാട്ടിലേക്ക് പോകാൻ ആവശ്യപ്പെടുന്നു. അവനാകട്ടെ പണമില്ലാതെ തിരികെ പോകാനാവില്ല എന്നു പറഞ്ഞു വിതുമ്പുന്നു. അവളുടെ അമ്മയുടെ മരണത്തിനു തൊട്ടുമുൻപ് അവൾക്കായി കൊടുത്ത 50,000 രൂപയുടെ കവർ ഏൽപിച്ച് അവളവനെ യാത്രയാക്കി. അവൻ ഘാനയിലെത്തി ഭാര്യയുടെയും കുട്ടികളുടെയുമൊപ്പം കരഞ്ഞുകൊണ്ടു നിൽക്കുന്ന ഫ്രെയിമിൽ നിന്ന് ആശുപത്രിയിലെ സ്കാനിങ് സ്ക്രീനിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്ന ഷോട്ടിൽ അവളുടെ വയറ്റിലുള്ള കുഞ്ഞിന്റെ ചലനം കാണിക്കുന്നു. അവളുടെ മുഖത്ത് വിരിയുന്ന സന്തോഷം നമ്മിലേക്ക് പകർത്തപ്പെടുന്നു.

ജീവനുവേണ്ടിയുള്ള നിലപാട് പ്രണയത്തിന്റെ ഭാവിയെ കുറച്ചുകൂടി ഭാസുരമാക്കുന്നു. കണ്ടിറങ്ങുമ്പോൾ മനസ്സിൽ കനംവയ്ക്കുന്ന നന്മയുടെ ഭാവങ്ങൾ നമ്മെ കുറച്ചുകൂടി നല്ല മനുഷ്യരാക്കും.

അക്കാഡമി അവാർഡ് നോമിനേഷൻ ലഭിച്ച ഡാനിഷ് ഷോർട്ട് ഫിലിമാണ് സൈലന്റ് നൈറ്റ്സ്. അസ്കേ ബാഗ് സംവിധാനം ചെയ്ത മുപ്പത് മിനിറ്റ് മാത്രം ദൈർഘ്യമുള്ള ഈ ചെറിയ ചിത്രം മനുഷ്യനിലുള്ള നന്മയുടെ പ്രകീർത്തനമാണ്.

## ദാരിദ്ര്യം, കുടിയേറ്റം, വംശീയത

ഒരു ബോട്ടിൽ കുത്തിനിറച്ചിരിക്കുന്ന ഷോട്ടിന്റെ തുടക്കം ക്വാമെ എങ്ങനെയാണ് ഡെൻമാർക്കിലെത്തുന്നത് എന്നതിന്റെ സൂചനയാണ്. തുംഗെറിന്റെ അമ്മയ്ക്ക് കറുത്ത വർഗക്കാരനായ ക്വാമയെ ഒരിക്കലും അംഗീകരിക്കാനായില്ല. പക്ഷേ, തുംഗെർ അമ്മയെ പുറത്താക്കുന്നു.

പിന്നീട് അവർ രമ്യതപ്പെട്ടു. ഡെൻമാർക്കുകാരായ ചെറുപ്പക്കാർ ക്വാമയെ 'കൽക്കരിയുടെ കഷണം' എന്നു വിളിച്ചു മർദിക്കുന്നതു കാണുന്നവർക്ക് വംശീയതയുടെയും, നിറത്തിന്റെയും പേരിലുള്ള അവഹേളനവും അതിന്റെ നീറ്റലും ഉള്ളിലേക്ക് അരിച്ചിറങ്ങുന്നു. പ്രണയത്തിന്റെ ചൂടിൽ ക്വാമയെ വിവാഹം കഴിക്കുന്നതിനെപ്പറ്റി പറയുന്നു. അവളുടെ ഭർത്താവായി നിന്നാൽ അവന് ഡെൻമാർക്കിൽ തുടരാൻ പറ്റും. ചിത്രം മുഴുവൻ വ്യാപിച്ചു കിടക്കുന്ന രാവിന്റെ നിഴൽപ്പാടുകൾ യൗവനത്തിന്റെ വിഹ്വലതയായി കാഴ്ചക്കാരനിലേക്ക് പ്രേഷണം ചെയ്യപ്പെടുന്നു.


| | | |
|---|---|---|
| Written & Directed by | : | Aske Bang |
| Produced by | : | Kim Magnusson |
| Production by | : | M&M Productions |
| Distributed by | : | Black Bull Pictures<br>Fox International Productions |
| Release date | : | February 7, 2017 (US) |
| Running time | : | 30 minutes |
| Country | : | Denmark |
| Language | : | English |

## പ്രണയത്തിന്റെ ഭാവി

വേണമെങ്കിൽ ഒരബോർഷൻ കൊണ്ടവസാനിപ്പിക്കാവുന്ന പ്രണയത്തിന്റെ ഭാരത്തെ ഏറ്റെടുക്കുന്ന തുംഗറിലൂടെ സംവിധായകൻ പ്രണയത്തിന്റെ നാനാർഥങ്ങളാണ് തിരയുന്നത്. തന്നെ ചതിച്ചിട്ടും, അവന്റെ കുഞ്ഞിനെ പോറ്റുവാൻ തയ്യാറാവുന്ന തുംഗറിന്റെ മുഖം പ്രണയമെന്ന വാക്കിന്റെ മറുരൂപമായി നിൽക്കുന്നു. ഒരു ചെറുചിത്രം മുന്നോട്ടു വയ്ക്കുന്ന ആധുനിക പ്രണയത്തിന്റെ ഭൂതവും, വർത്തമാനവും ഭാവിയുമാണ്. ജീവനുവേണ്ടിയുള്ള നിലപാട് പ്രണയത്തിന്റെ ഭാവിയെ കുറച്ചുകൂടി ഭാസുരമാക്കുന്നു. കണ്ടിറങ്ങുമ്പോൾ മനസ്സിൽ കനം വയ്ക്കുന്ന നന്മയുടെ ഭാവങ്ങൾ നമ്മെ കുറച്ചുകൂടി നല്ല മനുഷ്യരാക്കും.




ഇതിനിടയിൽ അഭയാർഥികളുടെ വിഹ്വലത, നിസ്സഹായത, വംശീയതയുടെ മുറിപ്പാടുകൾ, അങ്ങനെ ആധുനിക യുവത്വം നേരിടുന്ന പ്രശ്നങ്ങളെ തന്മയത്വത്തോടെ അവതരിപ്പിച്ചിരിക്കുന്നു. നിശ്ശബ്ദരാവുകളെ പ്രണയത്തിന്റെ ഭാവിയിലേക്ക് ക്ഷണിച്ചുകൊണ്ട് ചിത്രം അവസാനിക്കുമ്പോൾ പ്രകാശമാനമായ മാനവികതയുടെ പ്രഭാതം പ്രതീക്ഷയായി തെളിയുന്നു. കാണേണ്ട ഒരു ചെറുചിത്രമാണ് സൈലന്റ് നൈറ്റ്സ്.







സണ്ണി കോക്കാപ്പിള്ളിൽ

# അഞ്ചു പതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ

ഏതാണ്ട് 50 വർഷങ്ങൾക്കു മുൻപുള്ള കേരളത്തിന്റെ അവസ്ഥയും ഇന്നത്തെ സ്ഥിതിയും തമ്മിൽ താരതമ്യപ്പെടുത്തിയാൽ അവിശ്വസനീയമായ ഉത്തരമാണു ലഭിക്കുക. അന്നത്തെ ഒരു നാട്ടിൻപുറത്തെ അവസ്ഥ അറിഞ്ഞാൽ ഇന്നത്തെ തലമുറയ്ക്കു വിശ്വസിക്കാൻ ബുദ്ധിമുട്ടനുഭവപ്പെടും. മിക്കവാറും ഓടിട്ട പഴയ കെട്ടിടങ്ങളാണ് കടമുറികൾ. നിരപ്പലകകളിട്ട മുറികൾക്ക് ഒരേ രൂപമാണുണ്ടാവുക. ഒന്നോ രണ്ടോ പലചരക്കു കടകൾ കാണും. ഒരു റേഷൻകട, ഒരു ചായക്കട, മുടിവെട്ടുകട, കൊല്ലന്റെ ആല, കുടിയേറ്റ മേഖലയാണെങ്കിൽ ചെറിയൊരു മലഞ്ചരക്കു കട എന്നിങ്ങനെ ഏതാനും കടകൾ മാത്രം. അത്യാവശ്യം ഇംഗ്ലീഷ് ചികിത്സ അറിയാവുന്ന ഒരു കമ്പൗണ്ടരുടെ ക്ലിനിക് ചിലപ്പോൾ കാണാം. ഉണക്കമീനാണ് അന്നു കൂടുതലും ഉപയോഗിക്കുന്നത്.

ചായക്കടയിലെ പലഹാരങ്ങൾ എന്നുപറയുന്നത് കായപ്പം, സുഖിയൻ, വെട്ടുകേക്ക്, പരിപ്പുവട എന്നിവയാണ്. ദോശ, പൊറോട്ട എന്നിവയും കിട്ടും. പൊറോട്ടയും മട്ടൻ ചാപ്സുമാണ് ആഡംബര ഭക്ഷണം. നേന്ത്രപ്പഴം പുഴുങ്ങാതെ കഴിക്കുന്നതു കാണാമായിരുന്നു. 1970-കൾ വരെ കേവലം ഇരുപതു പൈസയ്ക്ക് ഒരു ചായയും കടിയും കിട്ടുമായിരുന്നു. ഒരു രൂപയ്ക്ക് ഊണു കിട്ടും. അന്ന് കുട്ടികൾക്ക് അരച്ചോറും കിട്ടുമായിരുന്നു. അന്ന് സർക്കാർ ജോലിക്കാർ വളരെ കുറവാണ്. സ്വകാര്യ തൊഴിലുകൾ തീരെ ഇല്ലെന്നു പറയാം. അപൂർവം ചില ഫാക്ടറികൾ നൽകുന്ന തൊഴിലുകളാണുള്ളത്. ബ്രിട്ടീഷുകാരുടെ കൈയിൽ നിന്നും വിട്ടുകിട്ടിയ തോട്ടങ്ങളും അതിലെ തൊഴിലുകളുമുണ്ട്.

കാർഷിക മേഖലയാണ് പ്രധാന തൊഴിൽദാതാവ്. തേങ്ങയും അടയ്ക്കയും പ്രധാന വരുമാന മാർഗം. ഇന്നത്തെക്കാൾ അധികം നെൽപാടങ്ങളുണ്ടായിരുന്നു. ചുരുങ്ങിയ സ്ഥലങ്ങളിൽ കുരുമുളകും റബറും കൃഷി ചെയ്തിരുന്നു. വരുമാനം കുറവായതിനാൽ ആഗ്രഹങ്ങളും കുറവ്. വയർ നിറഞ്ഞാൽ പിന്നെ വലിയ ആഗ്രഹങ്ങളൊന്നും മനുഷ്യനില്ല. വീടുകളിൽ വളർത്തുന്ന കോഴിയും പുഴയിലെ മത്സ്യവും ആഴ്ചയിലൊരിക്കൽ കിട്ടുന്ന പോത്തിറച്ചിയും കൊണ്ട് ആളുകൾ സംതൃപ്തരായിരുന്നു എന്നു പറയാം.

കാർ ഉള്ളവർ അപൂർവം. ഒരു ഗ്രാമത്തിൽ കൂടിപ്പോയാൽ രണ്ടോ മൂന്നോ ജീപ്പുകൾ ഉണ്ടെങ്കിലായി. മോട്ടോർ ബൈക്കുകൾ ചുരുക്കം. സൈക്കിളാണ് ചുരുക്കം ചിലരുടെ വാഹനം. ചുരുക്കം വീടുകളിലാണ് റേഡിയോ എങ്കിലുമുള്ളത്. ടിവി ഇറങ്ങിയിട്ടില്ല. ലാൻഡ് ഫോൺ പോലും അപൂർവം. ഇരിക്കാൻ ബഞ്ചുകളും മരക്കസേരകളും മാത്രം. വസ്ത്രം ഒന്നോ രണ്ടോ ജോഡിയാണ് ഉണ്ടാവുക. പാവാടയും വള്ളിനിക്കറുമൊക്കെയാണ് കുട്ടികളുടെ വേഷം. ഇന്നത്തേതുപോലെ ചെറിയ കുട്ടികൾ മേൽവസ്ത്രം അണിയുന്നത് അപൂർവം. സൈക്കിൾ റിക്ഷകളും കാള, കുതിരവണ്ടികളുമൊക്കെ നഗരങ്ങളിലുണ്ടായിരുന്നു. ടാറിട്ട റോഡുകൾ ചുരുക്കം. ടോർച്ചുലൈറ്റു പോലുമില്ല. അങ്ങാടികളിൽ ചൂട്ടുകറ്റകൾ വിൽപനയ്ക്കു വച്ചിരിക്കുന്നതു കാണാം. രാത്രിയിൽ ചൂട്ടു കത്തിച്ചോ പന്തം കത്തിച്ചോ ആണ് ആളുകൾ കടയിൽ നിന്നും സാധനങ്ങൾ വാങ്ങി വീടുകളിലേക്കു പോയിരുന്നത്. മാറ്റം കടന്നു വന്നത് വളരെ പെട്ടെന്നാണ്. റബറിന്റെ വില ഉയർന്നതും ഗൾഫു പണമൊക്കെ അതിനു കാരണമായി. തുടർന്നുള്ള മാറ്റങ്ങൾ ഇവിടെ വിവരിക്കേണ്ടതില്ല. പൊതുവിലുള്ള സാമ്പത്തിക വളർച്ചയുടെ തോതും ജീവിത നിലവാരത്തിന്റെ ഉയർച്ചയും ചിന്തിക്കാനാവാത്തതാണ്. ശൂന്യതയിൽ നിന്നും പ്രാവിനെ സൃഷ്ടിക്കുന്ന ഒരു മാജിക്കുകാരനെപ്പോലെ നഗരവും നാട്ടിൻപുറവും ക്രമാനുഗതമായ ഭൗതിക വളർച്ചയ്ക്കു പുത്തൻപണം കാരണമായി.





ഇന്ന് സമ്പന്നതയുടെ ഔന്നത്യത്തിൽനിന്ന് അർമാദിക്കുമ്പോൾ വെറും 60 വർഷം മുൻപത്തെ കേരളത്തിലെ സ്ഥിതി തേടിപിടിക്കണം. ഇപ്പോൾ ഷഷ്ടിപൂർത്തി കഴിഞ്ഞവരുടെ മനസ്സിൽ അതെല്ലാം പച്ചപിടിച്ചു കിടപ്പുണ്ട്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും വലിയ മാറ്റത്തിനു കാരണമായ സാങ്കേതിക വിദ്യയുടെ വികസനവും വിദേശപണത്തിന്റെ ഒഴുക്കും ജീവിതത്തെ വെറും ആസ്വാദനത്തിന്റെ തലത്തിലേക്കു തരംതാഴ്ത്താനിടയാകരുത്. പുരോഗതി യഥാർഥ ലക്ഷ്യത്തിൽ നിന്നും ആരെയും അകറ്റാതിരിക്കട്ടെ. ജൂലൈ 10-ലെ സൺഡേ ദീപികയിലെ കവർ സ്റ്റോറി കഴിഞ്ഞ കാലത്തേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു.




# ശ്രീലങ്ക തരുന്ന പാഠങ്ങൾ

അത്യാവശ്യം കുഴപ്പമില്ലാതെ ജീവിച്ചിരുന്ന ഒരു ജനത. പൊടുന്നനേ തകർന്നു തരിപ്പണമായി. ഇന്ധനമില്ല, ഭക്ഷ്യവസ്തുക്കളില്ല, പാചകവാതകമില്ല, ഇതെല്ലാം ഇറക്കുമതി നടത്താൻ പണമില്ല. വല്ലാത്തൊരവസ്ഥയിലാണ് ശ്രീലങ്കൻ ജനതയിപ്പോൾ. അവസാനം ജനമൊന്നാകെ പ്രസിഡന്റിന്റെ കൊട്ടാരത്തിലേക്ക് ഇരച്ചു കയറി. ഭരണാധികാരികൾ നാടുവിട്ടോടുന്ന കാഴ്ച. ചൈനയിൽ നിന്നും കടമെടുത്ത് വമ്പൻ തുറമുഖമുണ്ടാക്കി കടത്തിന്റെ പലിശ കൊടുക്കാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ 99 വർഷത്തെ പാട്ടത്തിന് തുറമുഖം വിട്ടുകൊടുക്കേണ്ടിവന്നു. ടൂറിസമായിരുന്നു ശ്രീലങ്കയുടെ മുഖ്യ വരുമാനം. കോവിഡ് ടൂറിസ വരുമാനം ഇല്ലാതാക്കി.

തെറ്റായ ചില തീരുമാനങ്ങളുടെ ഫലമായി കാർഷിക മേഖല തകർന്നു. ഒറ്റയടിക്ക് രാസവള ഇറക്കുമതി നിരോധിച്ചതോടെ വിളവു പറ്റെ കുറഞ്ഞു. ജൈവകൃഷിയുടെ പ്രോത്സാഹനത്തിനാണ് ഇതു ചെയ്തതെങ്കിലും കാർഷികോത്പാദനം ഗണ്യമായ രീതിയിൽ കുറയുകയാണുണ്ടായത്. അങ്ങനെ ഭക്ഷ്യക്ഷാമത്തിന്റെ പിടിയിൽ രാഷ്ട്രം എത്തിച്ചേർന്നു. യുക്രെയ്ൻ യുദ്ധം ആഗോള ഇന്ധനവില ഉയർത്തിയതോടെ രാജ്യത്ത് ഇന്ധനക്ഷാമം രൂക്ഷമാവുകയും ചെയ്തു. അൽപം ഇന്ധനത്തിനുവേണ്ടി കിലോമീറ്ററുകൾ ജനം ക്യൂവിൽ നിൽക്കേണ്ടി വന്നു. പരിധിക്കു പുറത്ത് കടമെടുത്താൽ എവിടെയും ഇതുതന്നെയാണ് സ്ഥിതി. കേരളവും ഇത്തരമൊരു സ്ഥിതിയിലേക്കു പോകുകയാണെന്ന് വിദഗ്ധർ പറയുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ സംസ്ഥാനത്തിന്റെ കടം ഇരട്ടിയായി. എന്തൊക്കെ പേരു പറഞ്ഞാണെങ്കിലും കടമെടുത്തുള്ള വികസനം ഏതൊരു സമൂഹത്തെയും തകർത്തുകളയും. വരവനുസരിച്ചേ ചെലവു ചെയ്യാവൂ എന്ന് കാരണവന്മാർ പറയുന്നത് അനുഭവത്തിന്റെ തലത്തിൽ നിന്നാണ്.

## ധ്യാനപ്രസംഗങ്ങളിലെ ദൈവത്തിനു വ്യത്യാസമുണ്ടോ?

ധ്യാനപ്രസംഗങ്ങളിലെ ദൈവം പലപ്പോഴും യാഥാർഥ്യത്തോടു പൊരുത്തപ്പെടുന്നുണ്ടോയെന്ന് പലരും സംശയം ഉന്നയിക്കാറുണ്ട്. തേനും പാലും തരുന്ന, സങ്കടങ്ങൾ മാറ്റുന്ന ഒരു ദൈവമാണ് കേൾവിക്കാരുടെ മനസ്സിൽ പതിയുന്നതെന്ന് ചിലരെങ്കിലും ആശങ്കപ്പെടുന്നു. രോഗവും ദുരിതവും ദാരിദ്ര്യവും മാറ്റി സമ്പത്തും ആരോഗ്യവും നൽകി ഭൗതികാനന്ദത്തിലാറാടിക്കുന്ന ഒരു ദൈവത്തെ മനസ്സിൽ കൊണ്ടുനടന്നാൽ ജീവിതവുമായി അതിനു ബന്ധമുണ്ടാവുകയില്ല.

രോഗവും സഹനങ്ങളുമൊക്കെ ജീവിതത്തിൽ സാധാരണയാണ്. വിശുദ്ധരുടെ ജീവിതത്തിൽ ഇതെല്ലാമുണ്ടായിരുന്നു. വിശുദ്ധർ അനുഭവിച്ചതിനേക്കാൾ വ്യത്യസ്തമായ ഇഹലോക ജീവിതത്തിനുവേണ്ടി നാം ദൈവത്തോടു പ്രാർഥിക്കുന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല. പ്രാർഥനയുടെ ഫലമായുണ്ടാകുന്ന ഭൗതിക നേട്ടങ്ങളെ കേവലം അടയാളങ്ങളായി മനസ്സിലാക്കാൻ നമുക്കു സാധിക്കണം. ദുഃഖ ദുരിതങ്ങളെ ജീവിത വിശുദ്ധീകരണത്തിന് കാരണമാക്കണം. സമൃദ്ധിയെ മാത്രം ദൈവാനുഗ്രഹത്തിന്റെ ലക്ഷണമായി കണക്കാക്കരുത്. ഭൗതിക സന്തോഷവും സമൃദ്ധിയുമാണ് ദൈവാനുഗ്രഹത്തിന്റെ ആളവുകോലെങ്കിൽ സ്വർഗീയ ജീവിതത്തിന് അടിസ്ഥാനമുണ്ടാകുമായിരുന്നില്ല.

## ‘ആ പിതാവ് ഞാനാണ്’

അടുത്തിടെ വൈറലായ ഒന്നാണ് ‘കാസ’ എന്ന സംഘടനയുടെ സ്ഥാപകൻ കെവിൻ പീറ്ററിന്റെ ജീവിതസാക്ഷ്യം ‘ആ പിതാവ് ഞാനാണ്’ എന്ന വീഡിയോ. തന്റെ ഏകമകൾ ഒരു മുസ്ലിം യുവാവിന്റെ പ്രണയക്കുരുക്കിൽപെട്ട് ബലമായി അവർ കൂട്ടിക്കൊണ്ടു പോകുന്നതാണ് ഇതിവൃത്തം. ആ സാഹചര്യത്തിൽ അദ്ദേഹത്തെ സഹായിക്കാനോ ആശ്വസിപ്പിക്കാനോ ആരും കടന്നുചെന്നില്ല. അന്നനുഭവിച്ച സങ്കടങ്ങളിൽ മനംനൊന്ത് ഇനിയാർക്കും ഇതുണ്ടാകാതിരിക്കാനായിട്ടാണ് അദ്ദേഹം ‘കാസ’ എന്ന സംഘടന സ്ഥാപിക്കുന്നത്.

ഏതെങ്കിലും മക്കൾ വഴിതെറ്റി പോകുമ്പോൾ വളർത്തുദോഷമെന്നു പറഞ്ഞ് മാറിനിൽക്കാനാണ് പലർക്കുമിഷ്ടം. മാതാപിതാക്കൾ മിക്കവാറും നിരപരാധികളും നിസ്സഹായരുമായിരിക്കും. ഇങ്ങനെയൊരു സംഭവമുളവാക്കുന്ന ദുഃഖത്തിന്റെ കൂടെ മറ്റുള്ളവരുടെ ആക്ഷേപങ്ങളും കൂടിയാകുമ്പോൾ ജീവിതം അസഹനീയമാകുന്നു. നൂറുകണക്കിനു പെൺകുട്ടികളെ ഈ ചതിക്കുരുക്കിൽ നിന്നു മോചിപ്പിക്കാൻ ഇതിനകം കാസയ്ക്കു കഴിഞ്ഞിട്ടുണ്ട്.

ക്രൈസ്തവ പെൺകുട്ടികളെ ഉന്നമിട്ടു നടത്തുന്ന നീച പ്രവൃത്തികൾക്കെതിരെ സമുദായത്തിന്റെ നിതാന്ത ജാഗ്രത ആവശ്യമാണ്. ഇരകളാക്കപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് ആത്മാർഥമായ പിൻതുണ വേണം. മക്കൾ നഷ്ടപ്പെട്ട ആയിരക്കണക്കിനു കുടുംബങ്ങൾ കേരളത്തിലുണ്ട്. എന്നും ഇരകളാക്കപ്പെടുവാനുള്ളവരല്ല ക്രൈസ്തവ പെൺകുട്ടികൾ. ബോധവത്കരണവും ജാഗ്രതയുംവഴി അവരെ പരിപാലിക്കേണ്ടത് സമുദായമാണ്. ‘കാസ’ എന്ന സംഘടനയ്ക്കു മാത്രമായി ഇത്തരം പ്രവർത്തനങ്ങളെ മാറ്റിവയ്ക്കാതെ ഇതര ക്രൈസ്തവ പ്രസ്ഥാനങ്ങളും മുന്നിട്ടിറങ്ങണം. നിലനിൽപിനെ ഓർത്തെങ്കിലും നിസ്സംഗത വെടിയുക.



# സ്മാർട്ട് കിഡ്സ്



ചിത്രീകരണം: വെങ്കി

# കൊച്ചുണ്ടാപ്രി

**കൊച്ചുണ്ടാപ്രിയും കൂട്ടുകാരും സുരഭി ടീച്ചറിന്റെ ക്ലാസ്സിനായി കാത്തിരിക്കും. ടീച്ചറിനും കൊച്ചുണ്ടാപ്രിയെ വലിയ ഇഷ്ടമാണ്.**

ജൂണിൽ സ്കൂൾ തുറന്നപ്പോൾ കൊച്ചുണ്ടാപ്രിക്കും കൂട്ടുകാർക്കും വലിയ സന്തോഷം. മഴയത്തു കുടചൂടി നാട്ടുവഴികളിലൂടെ നടന്നും കാവും കുളവും താണ്ടി, കളിച്ചുചിരിച്ചും, പരസ്പരം വെള്ളം തട്ടിത്തെറുപ്പിച്ചും ഗ്രാമത്തിലെ കുട്ടികൾ വീണ്ടും സ്കൂളിൽ പോകുന്ന കാഴ്ച രസകരമാണ്. എത്ര കുടയുണ്ടെങ്കിലും മഴ നനഞ്ഞു കുളിച്ചായിരിക്കും സ്കൂളിലെത്തുക. ഗ്രാമത്തിലെ ഈ പ്രൈമറി സ്കൂളും അവിടെയുള്ള കുട്ടികളും ഈ ഗ്രാമത്തിന്റെ തിലകക്കുറിയാണ്.

അധ്യാപനം അത് ദൈവികമായ ജോലിയല്ലേ. കുട്ടികളുടെ ഹൃദയം കാത്തു സൂക്ഷിക്കുന്നവർക്കാണ് സ്വർഗത്തിൽ സ്ഥാനമെന്ന് ഈശോ പഠിപ്പിച്ചിട്ടുണ്ടല്ലോ. ഒരു നല്ല അധ്യാപകൻ കുട്ടികളുടെ ഹൃദയത്തിലേക്കും അവരുടെ കാഴ്ചകളിലേക്കുമൊക്കെ താഴ്ന്നിറങ്ങി വരുമ്പോൾ ക്ലാസ്സ്മുറി കുട്ടികൾക്ക് വിസ്മയങ്ങളുടെ ലോകമാകും. എല്ലാവർക്കും പ്രിയപ്പെട്ട ടീച്ചറാണ് മലയാളം പഠിപ്പിക്കുന്ന സുരഭി ടീച്ചർ. പുസ്തകങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ കഥകളും കവിതകളും പാട്ടും ഡാൻസുമൊക്കെയായി സുരഭി ടീച്ചർ കുട്ടികളെ പലപ്പോഴും അത്ഭുതപ്പെടുത്താറുണ്ട്. കൊച്ചുണ്ടാപ്രിയും കൂട്ടുകാരും സുരഭി ടീച്ചറിന്റെ ക്ലാസ്സിനായി കാത്തിരിക്കും. ടീച്ചറിനും കൊച്ചുണ്ടാപ്രിയെ വലിയ ഇഷ്ടമാണ്.

ഒരു ദിവസം സുരഭി ടീച്ചർ ക്ലാസ്സിൽ എല്ലാവരോടും ചോദിച്ചു: "കൈ കഴുകുന്നിടത്തു നമ്മൾ, എന്തുമാത്രം ചോറാണ് കളയുന്നത്? നമ്മുടെ അമ്മമാർ സ്നേഹത്തോടെ വച്ചുണ്ടാക്കി തരുന്നത് കളയാൻ പാടുണ്ടോ?" അപ്പുക്കുട്ടനാണ് ഉത്തരം പറഞ്ഞത്: "ടീച്ചറെ, ടീച്ചറെ, എന്റെ അമ്മ ഒത്തിരി ചോറ് വയ്ക്കും എല്ലാം കഴിച്ചാൽ വയറു പൊട്ടിപ്പോകും" ക്ലാസ്സിൽ കൂട്ടച്ചിരിയായി. കൊച്ചുണ്ടാപ്രി പറഞ്ഞു: "എന്തെങ്കിലും കഴിച്ചു വേഗത്തിൽ സ്കൂൾ ഗ്രൗണ്ടിലെത്തിയാലേ കുറച്ചു നേരമെങ്കിലും നന്നായി കളിക്കാൻ സമയം കിട്ടൂ, അതാണ്..."

"എത്ര പറഞ്ഞാലും അമ്മ കേൾക്കില്ല ടീച്ചറെ.. ഇത്രയും ചോറ് എനിക്കു കഴിക്കാൻ കഴിയില്ല" അത് പറഞ്ഞത് താത്രിക്കുട്ടിയാണ്.

സുരഭി ടീച്ചർ എല്ലാവരെയും ശാന്തമായി കേട്ടു എന്നിട്ട് പറഞ്ഞു: "നിങ്ങൾ പറയുന്നതെല്ലാം ശരിയാണ്, എന്നാലും ഭക്ഷണം വേസ്റ്റാക്കാതിരിക്കാൻ നമുക്ക് ഒരുപായം കണ്ടെത്തണം".

"നിങ്ങൾക്ക് താമര അക്കയെ അറിയില്ലേ, നമ്മുടെ സ്കൂളും പരിസരവും വൃത്തിയാക്കാൻ അവർ എന്നും വരാറുണ്ട്. സ്കൂൾ തൂത്തും തുടച്ചും കിട്ടുന്ന തുച്ഛമായ കാശുകൊണ്ടാണ് അവരും മക്കളും ജീവിക്കുന്നത്. ഭർത്താവ് മരിച്ചുപോയി. 3 കുഞ്ഞു കുട്ടികളുണ്ട് അവരുടെ വീട്ടിൽ, ഇന്നലെ സ്കൂളും പരിസരവും വൃത്തിയാക്കുന്നതിടയിൽ തറയിൽ കിടന്ന കുപ്പിച്ചില്ല് കാലിൽ കയറി ഗുരുതരമായ മുറിവുണ്ടായി, ഇന്നുച്ചയ്ക്ക് അവരെ കാണാതിരുന്നപ്പോൾ ഞാനവരുടെ കോളനിയിലെ കുടിലിൽ പോയിരുന്നു, അവർക്കു നടക്കാൻ വയ്യ, കുഞ്ഞുങ്ങൾ വിശന്നിരിക്കുന്നു, ഭാഗ്യത്തിന് എന്റെ കൈയിൽ ചോറ്റു പാത്രം ഉണ്ടായിരുന്നു. ഞാൻ ആ കുഞ്ഞുങ്ങൾക്ക് ചോറ് വാരിക്കൊടുത്തു. എന്നാൽ, ആർക്കും അത് തികഞ്ഞില്ല.

നാളെ മുതൽ ക്ലാസ് മുറിയുടെ മൂലയ്ക്ക് മൂടിവച്ച ഒരു പാത്രമുണ്ടാകും, ലഞ്ച് ബ്രേക്കിനു ബെല്ലടിച്ചിച്ചു കഴിയുമ്പോൾ നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഭക്ഷണം മുഴുവൻ കഴിക്കാൻ പറ്റില്ലായെന്നു തോന്നിയാൽ, കഴിക്കുന്നതിനു മുമ്പ് കൂടുതലുള്ള ചോറ് സ്പൂൺ ഉപയോഗിച്ച് അവിടെയിരിക്കുന്ന പാത്രത്തിൽ വിളമ്പി വയ്ക്കണം. പിന്നെ അമ്മമാരോട് കറി ചോറ്റുപാത്രത്തിൽ ചൊറിനൊപ്പം ഒഴിക്കാതെ വേറെ പാത്രത്തിൽ വയ്ക്കാൻ പ്രത്യേകം പറയണം. കൂടുതൽ ചോറ് ഇടരുത് വളരെ കുറച്ചു മാത്രം. നിങ്ങൾ കഴിക്കുന്നതിനു മുൻപ് അത് താമര അക്കയുടെ കുടിലിൽ എത്തും, ആ കുടുംബത്തിന്റെ വിശപ്പടങ്ങും".

അമ്മുക്കുട്ടി ചോദിച്ചു: "അല്ല ടീച്ചറെ, അപ്പോ.. കറി?!"

"കറി ഞാൻ കൊണ്ടുവരുന്നുണ്ട്" ടീച്ചർ പറഞ്ഞു.



കഥ: ആൽഡ്രിൻ ജോസഫ്



പിറ്റേന്ന് ഉച്ചയ്ക്ക് ക്ലാസ്സിലെ കുട്ടികളെല്ലാം സുരഭി ടീച്ചർ പറഞ്ഞത് പോലെ ആവശ്യത്തിൽ കൂടുതലുള്ള ചോറ് കൈതൊടാതെ അവിടെയുള്ള പാത്രത്തിൽ നിക്ഷേപിച്ചു. സുരഭി ടീച്ചർ വന്നു പാത്രം എടുത്തുകൊണ്ട് പോകാൻ നേരം, ടീച്ചറിന്റെ കൂടെ ഞാനും വന്നോട്ടെയെന്ന് കൊച്ചുണ്ടാപ്രി ചോദിച്ചു. അങ്ങനെ അവർ അക്കയുടെ വീട്ടിലെത്തി.

ടാർപോളിൻ വലിച്ചുകെട്ടിയ ഒരു കുടിൽ, തറയില്ല, നല്ല ഒരു ശുചിമുറിയില്ല,...


കൊച്ചുണ്ടാപ്രി സുരഭി ടീച്ചറോടു ചോദിച്ചു: “ഇതൊരു വീടാണോ?”

ടീച്ചർ ഒന്ന് പുഞ്ചിരിക്ക മാത്രം ചെയ്തു. അവർ ആറ് പേരും ഒരുമിച്ചിരുന്നു ആഹാരം കഴിച്ചു, മൂന്ന് കുട്ടികളുടെ സന്തോഷം കണ്ടു കൊച്ചുണ്ടാപ്രിക്ക് അത്ഭുതമായി, വീട്ടിൽ തനിക്കു ഒട്ടും ഇഷ്ടമല്ലാത്ത പാവയ്ക്ക കറിയൊക്കെ ആർത്തിയോടെ കഴിക്കുന്ന കുട്ടികൾ, അന്ന് കഴിച്ച ഊണിനു എന്തെന്നില്ലാത്ത ഒരു രുചി കൊച്ചുണ്ടാപ്രിക്ക് തോന്നി.

“സുരഭി ടീച്ചറേ, താമരക്കായ്ക്കും കുട്ടികൾക്കും കുറച്ചു കൂടി നല്ല വീട് വേണം, പിന്നെ മൂത്ത കുട്ടിയെ നമ്മുടെ സ്കൂളിൽ ചേർക്കണം. ഇതുപോലെ നമ്മൾ ഒത്തു പിടിച്ചാൽ സാധിക്കില്ലേ ടീച്ചറേ?” സ്കൂളിലേക്ക് തിരികേവരാൻ നേരം കൊച്ചുണ്ടാപ്രി ടീച്ചറിനോട് ചോദിച്ചു. ടീച്ചർ കൊച്ചുണ്ടാപ്രിയെ ചേർത്തുപിടിച്ച് അവന്റെ നെറ്റിയിൽ ചുംബിച്ചു.

വർഷങ്ങൾ കഴിഞ്ഞ് ഇന്ന് കൊച്ചുണ്ടാപ്രിയെന്ന ഹരിപസാദ് സമാധാനത്തിനുള്ള നോബൽ പ്രൈസ് നോമിനേറ്റഡ് ആയി എന്ന വാർത്ത, വാർധക്യത്തിലേക്കെത്തിയ സുരഭി ടീച്ചർ ടി.വി.യിൽ കണ്ടപ്പോൾ അവരുടെ കണ്ണുകൾ വിടർന്നു. അന്ന് ദൈവം അവനു തുറന്നുകൊടുത്തത് ഒരു മൂന്നാം കണ്ണാണ്. സഹജീവികളുടെ വേദന അറിയാനുള്ള ഒരു ആറാം ഇന്ദ്രിയം.


ഒരു നല്ല മനുഷ്യനാവുക എന്നതാണ് പ്രധാനം. ബാക്കിയെല്ലാം കൂടെ വന്നോളും.




# ചിരിയും ചിന്തയും



കാർട്ടൂൺ: ജോയ്സ് കെ.ജോസ്






# SUBSCRIBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YONG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media
Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | **www.jykairosmedia.org**

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2022-24, Date of publication: 01/08/2022, ₹50.00




Subscribe!
to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/kairosbuds

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662